പഴമ, ൧-ാംഭാഗം

മലങ്കര നസ്രാണികളുടെ
നാലു ചെപ്പേടുകൾ.

റി. കെ. ജോസഫ്,

ബി. ഏ., എൽ. റി.

The Malabar Christian Copper Plates.

T. K. Joseph, B. A., L. T

Printed at

The 'Sridhara' Power Press, Trivandrum.

1925/1100.

വില [illegible].] ·[Price 12 As. 3 ps.

ഗ്രന്ഥകാരന്റെ ഒപ്പില്ലാത്ത പ്രതി വ്യാജമാകുന്നു.

INTRODUCTION.

(SOME OPINIONS)

Prof. Dr. STEN KONOW:

"I have not the slightest doubt that you are right in saying that Malayalam was, in certain features, different from Tamil even before A. D. 900. ....There can be no doubt that Malayalam and Tamil are derived from a common base. They can be considered as sisters of the same age, and to my mind it is not possible to say that one of the two is older or younger. I am not even convinced that the difference is always one of time and development. ....Today I should only like to congratulate you on having finished a long and laborious study with results which will accrue to the credit of Indian scholarship in general and of yourself in special." (Letter from Kristiania dated 22-6-1923).

Dr. E. HULTZSCH:

You are "doing a real service to linguistics. The method which you follow is the only true and correct one and will commend itself to European scholars." (Letter from Halle dated 13-6-1923).

Dr. L. D. BARNETT:

"Undoubtedly the contemporary documents must be the first and chief source for our knowledge

of any language, and one which must take precedence of the grammars. Naturally the language............ was never quite homogeneous throughout the Malayali speech-area; but that fact does not detract from the importance of the inscriptions as first-hand evidence." (Letter from London dated 2nd Jan., 1924).

Dr. F. W. THOMAS:

"What you wrote ......concerning the history of the Malayalam language is interesting, and I shall look forward to seeing it expounded in English." (Letter from London dated April 17, 1924).

SIR RICHARD CARNAC TEMPLE:

"It is a pleasure to me to publish your Malabar Miscellany articles (in the *Indian Antiquary*).

"The Christians have been so long in S. India, and their history so interesting and I may say still so little studied that I am always glad to publish anything that can seriously throw light on the subject" (Letter from London dated 14-2-1925).

STANLEY P. RICE, ESQUIRE, I.C.S.

"........read with great appreciation your article in the last (April) issue of the 'Asiatic Review' on the *Magna Charta* of the Malabar Christians. Letter from London dated 23rd April, 1925. See Ch. II, VI and IX which deal with this *Magna Carta*.

EX ORIENTE LUX.

PREFACE.

The Malabar Christians of St. Thomas have very valuable, historic copper plate(1) documents and have been long enjoying exceptional social, commercial,(2) political,(3) and religious privileges. But very few of them have any clear idea of the importance of their *Magna Carta* or of the glory that was theirs. The first ten chapters of the book are meant to remedy this defect to some extent.

I have tried my best to make this book clear, correct and concise in its statements. Exhaustiveness and finality are, of course, impossible. I very much regret that the reading and interpretation of the Cufic and Pahlavi portions of the third document, which

(1) They have also three lithic inscriptions in Pahlavi of the Sassanian period (226-651 A. D. according to M. N. Dhalla's *Zoroastrian Civilization*, 1922), one of which was discovered by me in 1921 (*Indian Antiquary*, 1923, p. 355 and June, 1924). There are, besides, a lithic fragment in Greek (*Ibid*, 1923, p. 356), and another also in the same language.

(2) Thomas Cana, Sabr Iso and Iravi Korttan of the copper plates, were three foreign merchant princes among the Malabar Christians.

(3) They had, in pre-Portuguese times, a dynasty of Christian kings called the VILLIYARVATTAM SWARUPAM, *Ind. Ant.* for June, 1923).

Prof. Ernst Herzfeld of Germany and Dr. J. J. Modi, B. A., Ph. D, C. I. E., of Bombay are preparing at my instance are not yet ready for insertion in this book.

A short summary of the book is given below.

CHAP. I. The four sets of copper plates: (1) The two plates of Thomas Cana of 345 or 745 A. D. according to traditions; (both missing); (2) the three plates of the Quilon Tarisa Church, of the 9th cent. (last plate missing); (3) the four plates of the same church; later in the same cent. (first plate missing); (4) the plate of Iravi Korttan, of 1320. (Pp. 1—3).

CHAP. II. Translation of a necessarily imperfect and inaccurate Portuguese rendering of the first set, made probably in 1544, when the two plates were pawned to the Portuguese for 200 reals. A lithic public copy said to exist, but not yet discovered. These plates may now be in the Torre do Tombo of Lisbon or in some old Franciscan Convent of Portugal. (Pp. 3—9).

CHAP. III-V. Improved readings and translations of the other three sets. New materials, facts and interpretations included. Linguistic evidence points to Kielhorn's 1320 A. D. for the plate of Iravi Korttan, and not to Daniel's 230 A. D. (Pp. 9—27).

CHAP. VI. Analysis of the four sets, showing the donees and the rights and privlleges granted. (Pp. 27-30).

CHAP. VII. Description of the plates and an account of their strange vicissitudes. (Pp. 30-33).

CHAP. VIII. Recension and translation of the Cochin Jews' plates. (Pp. 33-35).

CHAP. IX. The traditional 72 privileges granted by the Emperor of Malabar. About 25 only mentioned be name in the plates. The rest merely indicated by *et cetera* (Pp. 36-48).

CHAP. X. The two old Malabar Christian denominations: Manigramakkar (perhaps Manichœans), and Tarutaykkal (literally orthodox, perhaps Nestorians), Manigramakkar of Quilon and neighbourhood now mostly Hindus. (Pp. 49-64).

CHAP. XI. Comparative study of the language of the copper plates. The successive stages in the evolution of Malayalam and their distinctive features, phonetic and grammatic. Nine additional specimens of old Malayalam (950-1725 A. D.), including some unpublished ones. (Pp. 64-80).

GLOSSARY. Explanation of some obsolete or obsolescent words and expressions. (Pp. 81-101).

CORRIGENDA and addenda. (P. 102).

I hope I am right in my conclusions in Ch. XI (4) regarding the origin and development of Malayalam. On the method I have adopted, Dr. Sten Konow (Oslow) wrote to me on 22-6-1923: "The way in which you approach the question about the development of Malayalam is scholarlike and sound, and your results will enrich our knowledge of the linguistic history of Southern India" This chapter is short, but the study of inscriptions, on which it is based was long and laborious, involving the very tedious and difficult process of making fresh, accurate readings of the epigraphs dealt with. Such a systematic study on scientific lines was never before attempted.

In 1906, my eldest brother, the late Mr. Kochchitty Vadhyar taught me the Vattelutta alphabet, entirely defunct and practically useless in those days. But the useless has borne fruit in the improved

---

(4) In foot-note 18 (p. 71) I surmised, on the strength of linguistic evidence that Bhaskara Ravi of the Jewish plate (cf. 8) may be assigned to *circa* 1000 A. D. It has since been confirmed by Mr. A. S. Ramanatha Ayyar, Superintendent of Archaeology Travancore, who in his recent tour assured himself of the synchronism of Bhaskara Ravi and Vallvan Kotai by re-examining a lithic inscription in a temple in Changanacheri. There is an inscription of the latter king dated in 149 M. E. (973 A. D.) See *Ep. Ind.*, IX, 234 ff.

readings of the inscriptions and other documents incorporated in this book. I, therefore, most gratefully dedicate this memoir to his revered memory.

In conclusion, I have to thank most sincerely all the numerous foreign scholars and local friends, who have very kindly made the book what it is.

—:o:—

Errare est hmi

———

स्वनिर्मितत्व प्रत्ययावगुण्ठितः
स्वकाव्यदोषं न बुधोपि बुध्यते ।

———

Trivandrum, 12th May, 1925. } T. K. Joseph.

നസ്രാണികളുടെ
നാലു ചെപ്പേടുകൾ.

അദ്ധ്യായം ൧.

പ്രാരംഭം.

പരദേശത്തുനിന്നു മലങ്കരെവന്നു കുടിയേറിപ്പാൎത്തു കച്ചവടം ചെയ്തു് ഈ നാട്ടിന് ഐശ്വൎയ്യം വൎദ്ധിപ്പിച്ച നസ്രാണികൾക്കു മലയാളത്തെ രാജാക്കന്മാരിൽനിന്നു നാലു ചെപ്പേടുകൾ കിട്ടീട്ടുണ്ടു്. ഇവ താഴെപ്പറയുന്നവയാണ്.

1. ചേരമാൻ പെരുമാൾ ക്നായിത്തൊമ്മനു കൊടുത്ത ചെപ്പേട്. ക്രി. 345-ൽ എന്നു ഐതിഹ്യം (രണ്ടു തകിടുകൾ. രണ്ടും കാണ്മാനില്ല).

2. വേണാടു വാണരുളിയ അയ്യനടികൾ തിരുവടി കൊല്ലം നഗരം കണ്ട നിരോററ മരുവാൻ സബിരീശോ പണിയിച്ച തരിസാപ്പള്ളിക്കു 9-ാം ശതകത്തിന്റെ അന്ത്യപാദത്തിൽ കൊടുത്ത ഒന്നാംചെപ്പേട്. (മൂന്നു തകിടുകൾ. ഒടുവിലത്തേതു കാണ്മാനില്ല.)

3. മേല്പടി രണ്ടാം ചെപ്പേട്. ആ ശതകത്തിൽ തന്നേ, പിന്നീടു കൊടുത്തത്. (നാലു തകിടുകൾ. ആദ്യത്തേതു കാണ്മാനില്ല.)

4. വീരരാഘവചക്രവൎത്തി മകോതൈയർ പട്ടണത്തിന്റെ കൎത്താവും ചേരമാൻ ലോകപ്പെരുഞ്ചെട്ടിയും ആയിരുന്ന ഇരവി കൊൎത്തന്നു 1320-ൽ കൊടുത്ത ചെമ്പേട്. (ഒരു തകട്. ഉണ്ട്.)

നസ്രാണികളുടെ അമൂല്യനിധിയായ ഈ ചെമ്പേടുകളെപ്പററി ചുരുക്കമായി പിന്നാലെ പ്രതിപാദിച്ചിരിക്കുന്നു. മലയാളത്തെ യൂദന്മാൎക്കു കിട്ടിയ ഇത്തരം ഒരു ചെമ്പേടിന്റെ മുഖവും പരിഭാഷയും കൂടെ ഈ ഗ്രന്ഥത്തിൽ ചേൎത്തിട്ടുണ്ട്. ജോനകമാപ്പിളമാൎക്കു ഇങ്ങനെ ഒരു ചെമ്പേടും കിട്ടിയതായി അറിവില്ല.

ഈ ചെമ്പേടുകളെപ്പററി പല പാശ്ചാത്യപണ്ഡിതന്മാരും പൌരസ്ത്യപണ്ഡിതന്മാരും വളരെ കാലം മുമ്പു മുതലേ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ഇതു മാത്രമല്ല, ഗവൎണ്ണറന്മാർ മുതലായ പല വലിയ ആളുകളും പണ്ഡിതന്മാരും ഈ ചെമ്പേടുകൾ കാണുന്നതിനു കോട്ടയത്തു പഴയ സെമ്മനാരിയിലും തിരുവല്ലാ പൂലാത്തീനിലും ചെന്നിട്ടുണ്ട് ഇത്രയും ലോകപ്രസിദ്ധി സമ്പാദിച്ച ചെമ്പേടുകൾ വേറേ ഉണ്ടോ എന്നു സംശയമാണ്.

ഇവയിൽ ആദ്യത്തേതു 1544-ൽ മാർയാക്കോബു പോൎത്തുഗിസുകാൎക്കു പണയം കൊടുത്തു. മററു രണ്ടുവയും എങ്ങനെയോ അവരുടെ പക്കൽ ആയി. ഡോക്ടർ ബുക്കാനൻ നസ്രാണിചരിത്രം അന്വേഷിപ്പാൻ ഇവിടെ വന്നപ്പോൾ മക്കാളിസായിപ്പു വളരെ പണിപ്പെട്ടുററെ ആറു തകടുകൾ തിരിയെ കിട്ടി. ആദ്യം പറഞ്ഞ തകടുകൾ ഉണ്ടായിരുന്നു.

"1068 തുലാം 11-ാംനു- ബഹുമാനപ്പെട്ട മദ്രാസ ഗവൎണ്ണർ വെൻലോക്കസായിപ്പവർകൾ സിമ്മനാരി

യിൽ വന്നപ്പോൾ (ഈ ചെപ്പേടുകൾ) കണ്ടു സന്തോഷി
ച്ചിട്ടുള്ളതും ഞാൻ പിന്നീട്, നാടുനീങ്ങിയ തിരുവി
താംകൂർ (അശ്വതിതിരുനാൾ) ഇളയതമ്പുരാൻ ബി.
എ. തിരുമനസ്സുകൊണ്ടു കോട്ടയത്ത് എഴുന്നള്ളിയിരു
ന്ന സമയം ചെപ്പേട് രംഗരാമയ്യർപേഷ്കാർ സ്വാമി
മുഖാന്തരം വരുത്തികാണുകയും മനോരമ പ്രസ്സിൽ അ
യച്ചു പകർപ്പെടുപ്പിച്ചുകൊണ്ടുപോകയും ചെയ്തിട്ടുണ്ട്.
മദ്രാസ ഗവണ്മെന്റ് എപ്പിഗ്രാഫിസ്റ്റ് റായി ബഹദൂർ
വെങ്കയ്യായും വന്ന ഇതിന്റെ പകർപ്പു കൊണ്ടുപോയി.
"കൽക്കത്തായിൽ ഇരിക്കുന്ന ഇൻഡ്യയുടെ ആംഗ്ലിക്കൻ
മെത്രാപ്പോലിത്താ ലോർഡ് ലെഫ്രോയി അവർകൾ 91
കന്നി 2-ാംനു സിമ്മനാരിയിൽവന്ന സമയം ഈ ചെ
പ്പേടുകൾ കാണുകയുണ്ടായി. ഇതുകൂടാതെ പല യൂറോ
പ്യന്മാർ വന്നുനോക്കി പോയിട്ടുണ്ട്." (മ. മനോരമ,
1924-4-7).

—:o:—

അദ്ധ്യായം ൨.

ക്നായിത്തൊമ്മന്റെ ചെപ്പേട്.

(ഏകദേശ പരിഭാഷ.)

ദേവന്മാരുടെ ദിവ്യശാസനം, ബലവാനും, സത്യവാനും, നീതിമാനും, സൽകർമ്മപരിപൂർണ്ണനും, വിവേകിയും (reasonable), ഭൂമി മുഴുവൻ മേലും ശക്തിയുള്ളവനും, ഐശ്വര്യവും വിജയവും മഹിമയും പൂണ്ടവനും, ദേവന്മാരുടെ സേവയിൽ തേരാംവണ്ണം ഐശ്വര്യം ഉള്ളവനും ആയ കോച്ചരകോൻ (Coourangon) മലമണ്ഡല

ന്റെ മഹാദേവർ പട്ടണത്തു വിജയിക്കുമാറാക, ദിർഘായു സ്സോടെ യുറായിരത്താണ്ടിരിക്കുമാറാക.

മെല്ലടി കൊച്ചേരകോൻ പെരുമാൾ വഷം കാലം മീന മാസം (March) എഴാം തിയതി ബുധനാഴ്ച ശുക്ലപ ക്ഷദശിനാൾ അവൻ കൊടുങ്ങല്ലൂർ ഇരുന്നരുളുമ്പോൾ, പെരസ്യ്രദേശത്തിന്റെ അങ്ങെ അററത്തെ രാഗങ്ങൾ കാണണമെന്നുറച്ച് കനായിത്തൊമ്മൻ എന്ന നസ്രാണി (a chief man) കപ്പലേൽ വന്നിറങ്ങി. അവൻ വന്ന പ്ര കാരം ചിലർ കണ്ടു പെരുമാളെ മുട്ടണത്തിച്ചു. പെരുമാൾ തന്നെ എഴുന്നള്ളി കണ്ട് മെല്ലടി തൊമ്മൻമാപ്പിളക്ക് ആ ളയച്ചാറെ അവൻ കരയിറങ്ങി പെരുമാൾതിരുമുമ്പിൽ വന്നു, പെരുമാൾ അവനോടു സംസാരിച്ചരുളുകയും ചെ യ്തു. അവനെ ബഹുമാനിക്കുന്നതിന് കൊച്ചേരകോൻ കാ നായി (Cocurangon Cananeo) എന്ന് തന്റെ സ്വ ന്തംപേർ അദ്ദേഹം അവന്നു കൊടുത്തു. പെരുമാളിങ്കൽ നിന്ന് ഇര പദവി വാങ്ങി അവൻ തന്റെ ഇടത്തു സ്വ സ്ഥമായിരിപ്പാൻ പോയി. പെരുമാൾ അവന്ന് എന്നെ ന്നേക്കുമായി മഹാദേവർ പട്ടണം എന്ന നഗരി കൊടുക്ക യും ചെയ്തു.

മെല്ലടി പെരുമാൾ ഇര വലിയ ഐശ്വര്യത്തിൽ ഇരിക്കയിൽ, ഒരു നാൾ വനത്തിൽ വേട്ടയാടാൻ പോ യി മെല്ലടി പെരുമാൾ കാടൊക്കെയും വളഞ്ഞു. അവൻ തൊമ്മനെ ബദ്ധപ്പെട്ടു വിളിച്ചിട്ട് നല്ല നേരത്ത് അവൻ പെരുമാളിന്റെ മുൻപിൽ വന്നിരുന്നു. പെരുമാൾ ജ്യോ ത്സ്യനോടു ചോദിച്ചതിന്റെ ശേഷം, ആ വനത്തിൽ അ വൻ ഒരു പട്ടണം കെട്ടണമെന്നു കല്പിക്കയും ചെയ്തു.

അവൻ വണങ്ങി പെരുമാളോട്, ഈ അടവി അ രിയത്തിനു തന്നെ വേണം എന്നതനന്തരം പറഞ്ഞു. പെരു

മാൎഗ്ഗ അത് അവന് എക്കാലത്തേക്കും വിട്ടുപേറായി കൊടുക്കയും ചെയ്തു.

അനന്തരം ചേരമാനാൾ അവൻ കാട്ടതെളിച്ച്, മെല്ലടി ആണ്ടു മേടമാസം (April) പതിനൊന്നാം തീയതി തൃക്കൺഷ്ടാ ഒരു നല്ല നാളിൽ നല്ലനേരത്ത് പെരുമാളിന്റെ പേരിൽ അത് അവന്ന് അവകാശമായി കൊടുത്ത്, പള്ളിക്കും ക്നായിത്തൊമ്മന്റെ വീട്ടിന്നും പെരുമാൾ ഒന്നാം കല്ലിട്ടു. അവിടെ അവൻ എല്ലാവൎക്കുമായി ഒരു പട്ടണം കെട്ടി പള്ളിയിൽ കേറി അന്നു തന്നേ അതിൽ പ്രാൎത്ഥിക്കയും ചെയ്തു.

ഈ കാൎയ്യങ്ങളുടെശേഷം തൊമ്മൻതന്നേ പെരുമാളുടെ തൃപ്പാദത്തിങ്കൽചെന്നു തിരുമുൻകാഴ്ച വെച്ച് തനിക്കും തന്റെ സന്തതികൾക്കുമായി ആ ഭൂമി കൊടുക്കണമെന്നു പെരുമാളോടു അപേക്ഷിച്ചു

അദ്ദേഹം ആനക്കോലാൽ ഒന്നരക്കോൽ അളന്നു തിരിച്ച്, അവിടെ ഉടൻ പണിതന്നു വീടുകളോടും അയലുകളും (circumferences) അവയുടെ വഴികളും അതിരുകളും അകമുററങ്ങളും ഉൾപ്പെട്ട പറമ്പുകളോടും കൂടെ തൊമ്മന്നും അവന്റെ സന്തതികൾക്കും ആയി എന്നെന്നേക്കും കൊടുത്തു.

ഏഴുവിധം വാദ്യങ്ങളും സകല പദവികളും പല്ലക്കിൽ യാത്രയും രാജാക്കന്മാരുടെ സ്ത്രീകളുടേതുപോലെ കല്യാണങ്ങൾക്ക പെണ്ണുങ്ങളുടെ കരവയും അദ്ദേഹം അവൎക്കുകൊടുത്തു സ്ഥാനമാനവും (dignity) നിലത്തു പരവതാനിഷർ വിരിക്കുന്നതിനും മെതിയടിയിട്ടുനടന്നതിനും, പന്തലിടുന്നതിനും, ആനമേൽ കേറി പോകുന്നതിനും ഉള്ള അവകാശവും കൂടെ അദ്ദേഹം ദാനം ചെയ്തു.

എന്നിയേ, തൊമ്മനും അവൻെറ സന്തതികൾക്കും, അവൻെറ കൂട്ടക്കാർ (associates) ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും, അവൻെറ സകലബന്ധുക്കൾക്കും, അവൻെറ മതക്കാർക്കും അവകാശകരം എന്നെന്നേക്കുമായി പെരുമാൾ കൊടുത്തു.

മെല്പടി പെരുമാളുടെ ഒപ്പ്.

ഈ പ്രഭുക്കന്മാരും (priuces) ഇതിനു സാക്ഷി- Cadaxericenden (-candi), Cherucara (Cheracaru), Putanchate, Comeren (Comese), Doorkeeper of the King, Arounden Counden (-m), of the King's Council, Amenate Counden (Amenate, Condem), Gerulem, Captain of the Camp, Chiranmala Portati Reforamem (Resvo-), Governor of East Malabar, Peni Incalatha Tanditen, Singer of the said King, Perubelenatacattoconte, Guardian of the Port, Bichremenchinguen of Carfurte, Chamberlain of the King, Ananiperumcovil, wrote these affairs with his own hand.

അർമ്മീനിയൻ ആയ ക്നായി തൊമ്മനും നസ്രാണികൾക്കും കൂടെ ചേരമാൻ ചക്രവർത്തി കൊടുത്ത കൊടുങ്ങല്ലൂർ ദേശത്തിൻെറ കരണം.—Mackenzie's Christianity in Travancore, pp. 59-61 (Trivandrum, 1901).

മെല്പടി സാക്ഷിപ്പട്ടികയിൽ ചേന്നൻ, കോമരൻ, അച്യുതൻ കണ്ടൻ, കണ്ടൻ കേരളൻ, കടലൂരത്തി വിക്രമൻ ചങ്ങൻ എന്നീ പേരുകളെ ശരിയായിത്തിരിയുന്നുള്ളൂ. Diogo De Couto-യുടെ Da Asia എന്ന പുസ്തകം 12-ാം ദശകം അവസാനഭാഗത്ത് (ലിസ്ബൺ, 1788; 283-285 പുറങ്ങളിലും ക്നായിത്തൊമ്മൻെറ ചെപ്പേടിൻെറ ഒരു പോർത്തുഗീസു പരിഭാഷ കാണുന്നു മുൻ

സാക്ഷിപ്പട്ടികയിൽ ഗ്ലാക്കറ്റിൽ ഇട്ടിരിക്കുന്നത് അതിൽ കണ്ട വ്യത്യാസങ്ങളാണ്.

കൊടുങ്ങല്ലൂരെ കത്തോലിക്ക മെത്രാനായിരുന്ന മാർ യാക്കോബ് 1544-ൽ കൊച്ചിയിൽ ചെന്നപ്പോൾ അപകടമായ ദീനം പിടിക്കയാൽ പണത്തിനു ബുദ്ധിമുട്ടു വന്നിട്ട് അദ്ദേഹം പോർത്തുഗീസു ഖജാൻജി ആയിരുന്ന ഡിന്യൊകൈരായ്ക്കു (Peter de Sequeyra) ആളയച്ച് അയാളെ വരുത്തി മേല്പടി ചെപ്പേടിന്റെ തകിടുകൾ രണ്ടും പണയപ്പാടുവെച്ച് അയാളുടെ പക്കൽനിന്ന് ഇരുനൂറു വെള്ളി ഇറയാൽ (നാണയം) വാങ്ങിച്ചു. അയാൾ അവയെ ഖജനാവിൽ സൂക്ഷിച്ചുവെക്കയും ചെയ്തു. (Manuel de Faria y Sousa, Porutguese Asia, Vol, II, p. 606). എങ്കിലും അവ എവിടെയാണുള്ളതെന്നോ അവയ്ക്കെന്തു പറ്റിയെന്നോ ഇതേവരെ ആർക്കും തിട്ടമില്ല. പല എഴുത്തുകാരും അവ നഷ്ടപ്പെട്ടുപോയി എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ മലങ്കരെ നിന്നു യേശുവിത്തന്മാർ അയച്ച കൈയെഴുത്തു റിപ്പോർട്ടുകൾ അടങ്ങിയ 1604-ലെ ഒരു ഗ്രന്ഥത്തിൽ ഈ ചെപ്പേടിന്റെ ഒരു പോർത്തുഗീസു പരിഭാഷ ഉണ്ട്. ഇതിന്റെ തർജ്ജമയാണ് മുൻപു ചേർത്തിരിക്കുന്നത്. മലങ്കര നസ്രാണികളുടെ ഉയർന്ന സാമൂഹിക നിലയ്ക്കും പദവികൾക്കും അടിസ്ഥാനം ഈ ചെപ്പേടാകയാൽ ഇതു കണ്ടുപിടിച്ചു വീണ്ടെടുക്കുന്നതിനു മെത്രാപ്പോലീത്തന്മാർ ആവോളം ശ്രമിച്ചാൽ കൊള്ളാം. വാസ്കോഡിഗാമാ ഒന്നാമതു മലങ്കരക്കു വന്നപ്പോൾ കൊടുങ്ങല്ലൂരെ നസ്രാണികൾ തങ്ങളുടെ പൂർവികന്മാർക്കു പെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജ്യപത്രികയും അദ്ദേഹത്തെ കാണിച്ചതായി രേഖയുണ്ട്. ആ രാജ്യപത്രിക ഈ ചെപ്പേടായിരിക്കുമോ എന്തോ?

മാർ യാക്കോബ് പണയം പ്രകാരത്തപ്പോൾ ചരിത്ര സംബന്ധമായി ഈ ചെപ്പേടിന് എന്തു വിലയുണ്ടെന്നു നിർണ്ണയിക്കാൻ പോർത്തുഗീസുകാർ ഇതു തർജ്ജമ ചെയ്യിച്ചു കാണും. ഈ തർജ്ജമയായിരിക്കാം ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിലിരിക്കുന്നത്.

ലന്തഗവർണ്ണദോരായിരുന്ന അൻഡ്രിയാൻ മോൺസ് ഈ തകിടുകൾ തേവലക്കരപ്പള്ളിയിൽ ഇരിപ്പുണ്ടെന്നു കേട്ട് അവ കാണുന്നതിനു വളരെ പ്രയത്നം ചെയ്തു, വേണ്ട പണം കൊടുക്കാമെന്നു കൂടെ പറഞ്ഞു. എന്നിട്ടും ഒന്നു കാണുന്നതിനു സാധിച്ചില്ല. കൊടുങ്ങല്ലൂർ ഗുക്കാൽ വട്ടത്തിന്റെ നടയിലുള്ള ഒരു വലിയ കല്ലിന്മേൽ മേല്പടി ചെപ്പേടിന്റെ പകർപ്പു കൊത്തിയിട്ടിട്ടുണ്ടെന്നു തേവലക്കരക്കാർ പറകയാൽ അവിടെയും അന്വേഷം ചെന്നു. എന്നാൽ കൊടുങ്ങല്ലൂർ തമ്പുരാനും മററും പറഞ്ഞത് അങ്ങനെ ഒരു കല്ലേ അവിടെ ഇല്ല എന്നായിരുന്നു. ഗവർണ്ണദോർ അതു വിശ്വസിച്ചില്ല. എങ്കിലും ബലം പ്രയോഗിച്ചു ക്ഷേത്രത്തിൽകേറി നോക്കുന്നതിനു മടിച്ചു, ക്ഷേത്രത്തിലെ ജോലിക്കാർക്കു രഹസ്യമായി പണം കൊടുത്തു കാര്യം സാധിക്കാമെന്നു വിചാരിച്ചിരുന്നു. ഇരിക്കവേ 1776-ൽ ഹൈദരാലി പടയേറി കൊടുങ്ങല്ലൂരമ്പലം നശിപ്പിച്ചു നാനാവിധമാക്കി. ഉടൻ തന്നെ മോൺസ് ആളയച്ചു നോക്കിച്ചു വളരെ വലിയ ഒരു കല്ലും ഇടത്തരം വേറൊന്നും കണ്ടുപിടിച്ചു. ഇവ രണ്ടിന്മേലും പഴയ മലയാൻ എഴുത്തുണ്ടായിരുന്നു. വളരെ പണിപ്പെട്ടു പരിശോധപ്പെടുത്തി നോക്കിയപ്പോൾ അവയിന്മേലുള്ള ലിഖിതം ക്നായിത്തൊമ്മന്റെ ചെപ്പേടിന്റെ പകർപ്പല്ലെന്നു ഗവർണ്ണദോർക്കു മനസ്സിലായി. അതുകൊണ്ട്, ഇങ്ങനെ ഒരു ചെപ്പേടും ഇങ്ങനെ ഒരു കല്ലും ഉണ്ടായിരുന്നോ എന്നു സംശയമാണ് എന്നദ്ദേഹം 1781-ലെ

മെമ്മൊറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടു്. മലങ്കര നസ്രാണികളുടെ ഐതിഹ്യത്തിലും, ചില പഴയ നസ്രാണിപ്പാട്ടുകളിലും, വീരടിയാൻ പണ്ടാരങ്ങളുടെയും തിരുവംകന്മാരുടെയും പാട്ടുകളിലും ഇവരുടെ ഗ്രന്ഥങ്ങളിലും ഈ ചെമ്പ്പട്ടിനെപ്പററി പറയുന്നതുകൊണ്ടും, 1604-ലെ ഒരു കൈയെഴുത്തു പുസ്തകത്തിൽ (മുൻകാണുക) ഇതിന്റെ ഒരു പോർത്തുഗീസു പരിഭാഷ ഉള്ളതുകൊണ്ടും ഇങ്ങനെ ഒരു രേഖ ഉണ്ടായിരുന്നു എന്നു തീച്ചതന്നേ.

മാർയാക്കോബു പോർത്തുഗീസുകാരെ ഏല്പിച്ചു ക്നായിത്തൊമ്മന്റെ തകിടുകൾ രണ്ടും ഫ്രാൻസിസ്കൻ പാതിരിമാർ പോർത്തുഗലിൽ കൊടുത്തയച്ചു. അവ ഇപ്പോഴും ലിസ്ബണിലെ തോറെ ദൊ തോംബൊ (Torre do Tombo) യിലോ പോർത്തുഗലിലെ വല്ല പുരാതന ഫ്രാൻസിസ്കൻ ആശ്രമത്തിലോ കാണും. ഈ ചെപ്പേടു കണ്ടുപിടിക്കുന്നതിന് ഈ ഗ്രന്ഥകാരൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. കണ്ടുകിട്ടിയാൽ അതു വിലയേറിയ ഒരു സമ്പാദ്യമായിരിക്കും.

———:o:———

അദ്ധ്യായം ൩.

കുരക്കേണിക്കൊല്ലത്തു തരിസാപ്പള്ളിയുടെ ചെപ്പേട്—൧.

സ്വസ്തി, കോ താണുരവിക്കു, തൻ പലനൂറായിരത്താണ്ടും മറുകുതലൈച്ചിറന്തടിപ്പടുത്താളാ നിൻറ

യാണ്ടുരം, ചെല്ലാനിൻറ യാരറ്റെണ്ടെന്നു. ഇല്ലാണ്ടു, വെണാടു വഴ്കിൻറ അയ്യനടികൾ വടിയുമ്മതികാരണം പിരകിൽതിയും ....മൈഞ്ഞുവണ്ണമം പരന്നെന്നലെപ്പതിയുമ്മുരംവെള്ളു, കടുക്കണ്ണിക്കൊല്ലത്തു ഏശോ ദാ തപിരായി ചെയ്തിന തമസാപ്പുമിക്ക ഠൈഞ്ഞുന്നികൂടിമവരി കടുന്ന വിടുപേറാവതു.

നാലുകടി ഇതഴ്വന, മെക്കടിക്കേര മ്മിഴക്കെക്കയമെണമന — മ്മിവകരം പന്നിമവ്ന — മ്മെന്ന വണ്ണാരക്കടിയും. മിവ്വമെനവര് ക്കന്നൈക്കാണമ, മ്മണിക്കാണമ, മ്മനൈമെണ്ണൻ കൊള്ളുമിറൈയു, ഞാൻറാൻമട്ടു മനിപ്പെറ്റന്നും, പൊലിപ്പെറ്റന്നു, മ്മിവ്വു പോറ, കടനംഗിയ, മ്മിവ്വനെഞ്ഞുകൊള്ളപ്പേറാര. പാരക്കോലു കപ്പാനം പൈഞ്ഞുക്കണിയു മ്മുന്നം പെറമൈയന നാന്നം വിടുപറാക ഓട്ടിക്കടന്നെ—. നിന്നാലുകടി ഇതഴ്വന മ്മൊനകടി വണ്ണാന മ്മെവ്വുകെപ്പട്ട ഇമെറെയു നരിസാപ്പുള്ളിയാംക്ക വിടുപേറാക ചെപ്പപ്പത്തിൽ ഞെയ്ട്ടിക്കടന്നൻ.

ഇവ്വീഴവര് തംവണി കണന്നങ്കാടിയിലും മതിലിലും വിയാപരിക്കപ്പെറവര്. വണ്ണനും വന്നങ്കാടിയില മതിലിലും വന്തു തൻപണി ചെയ്തുകൊണ്ടപ്പെ—. ന്തീയ മറവാനും മതിനായകനും മറൈമ്മെവ്വുകെപ്പട്ടാന മെപ്പിഴൈ ചൊല്ലിയു മ്മിവകളെ തടുമാറപ്പെറാര്. ഇവകമൈ പ്പിഴൈ ചെയ്യിലും പമ്മിയാരയ് നൂരംന്നുകൊള്ളപ്പെറവര്.

ഉലക ഞെന്തിരാതിത്തരം ഉമ്മനാമെല്ലാം ചേപ്പപ്പത്തിരത്താൽ പട്ടപരിതു വിടുപേറു ഓട്ടിപ്പെറാക അയ്യനടികൾ അവരിയാൽ തമിസംപ്പാമക്ക അട്ടുവിത്തു കടന്നാൻ മരുവാൻ സപിരിശോ.

ഇതു കിന്നിലക്കിലങ്ങിക്ക മ്മവര്ക്ക തെവരേ യ
നക്കിരംമരബ്ബൃസ്സാരാക.

അ(ശ്)യനെഴുത്തു (ഒപ്പ്). വേദകലചന്തനെക്ക
മൊക്കം (ഒപ്പ്). വിളംചായ (ശേഷം നഷ്ടപ്പെട്ടുപോയ
തകടിൽ)

ഇതിൽ ആദ്യം കണ്ടിട്ടിരിക്കുന്നിടത്ത് മണിക്കിരാമ
നും എന്നു കൊത്തിയതു മദ്ധ്യ ചില നാഗരാക്ഷരങ്ങളം
കൊത്തിയിരുപ്പുണ്ട്. ബ്രാക്കററിലിട്ടിരിക്കുന്നതു തകടി
ലില്ലാത്തതാണ്. ഒപ്പു രണ്ടും വെറും അടയാളങ്ങളാണ്,
പേരല്ല.

പരിഭാഷ.

സ്വസ്തി ശ്രീമാവായ സ്ഥാണുരവിക്ക്; തന്റെ പ
ലന്തുറംയിരുന്തൊണ്ടും ശത്രുവിനെ മഹിമയോടെ അടി
പെടുത്തി ഭരിച്ചുവരുന്ന ആണ്ടുകളിൽ, നടക്കുന്ന ആണ്ട്
ഞ്ച്. ഇതയാണ്, വേണാട വാഴുന്ന അയ്യനടികൾ തിരു
വടിയും അധികാരരും പ്രകൃതിയും അഞ്ചുവണ്ണവും (സ്വാമ
ന്മാരുടെ തലവൻ) പുന്നത്തലപ്പതിയും കൂടിയിരിക്കെ,
കരക്കേണിക്കൊല്ലത്തു സംഖിരീശോ പണിയിച്ച തരി
സാപ്പള്ളിക്ക് അയ്യനടികൾ തിരുവടി കൊടുത്ത വിടപേ
റാവിത്

നാലു കുടി ഈഴവരും, അക്കുടിയിൽ കേറും ഇരു
കൈയർ (ചാന്നാന്മാർ) എട്ടുപേരും—ഇവർ സ്വതന്ത്ര
പേരും—ഒരു വണ്ണാക്കുടിയും (അലക്കുകാരൻ). ഇവരിൽ
യാതൊരുവരിൽ നിന്നും തളക്കാണവും, ഏണിക്കാണ
വും, വീടുമേയാൻ വാങ്ങിക്കുന്ന ഇറയും (കരം), ചാന്നാ
നേംട്ടു മേനിപ്പൊന്നും, പൊലിപ്പൊന്നും, ഇരവുചോറും,
കടനാഴിയും, ഇതൊന്നും വാങ്ങിക്കരുതു. മരക്കലവും

കല്പാന്തം പഞ്ചകണ്ണിയും മുൻപ്പ ലിഖിച്ചിരുന്നവ വിടപേറായി ഞാനും നീർ വീഴ്ത്തിക്കൊട്ടുത്തിരിക്കുന്നു. ഈ നാലു കുടി ഈഴവരെയും ഒരു കുടി വണ്ണാനെയും എല്ലാവകഇറയും തരിസാപ്പള്ളിക്കാർക്ക് വിടുപേറായി ചെമ്പു പത്രം എഴുതി നീർ വീഴ്ത്തിക്കൊടുത്തിരിക്കുന്നു,

ഈ ഈഴവർ തങ്ങളുടെ വണ്ടികൊണ്ടുവന്ന് അങ്ങാടിയിലും കോട്ടയ്ക്കകത്തും തൊഴില ചെയ്തുകൊള്ളാം. വണ്ണാനും വന്ന് അങ്ങാടിയിലും കോട്ടയ്ക്കകത്തും തന്റെ ജോലി ചെയ്തുകൊള്ളും. ഈഴവരുടെ പ്രമാണിയും കോട്ടയുടെ നായകനും മററു യാതൊരുത്തരും യാതൊരു കുററത്തിൻപേരിലും ഇവരെ ഉപദ്രവിച്ചുകൂടാ. കുററം ചെയ്താലും ഇവരെ പള്ളിക്കാർ തന്നേ വിചാരണചെയ്തുകൊള്ളട്ടെ.

ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള എല്ലാനാളുമേക്കും, ചെമ്പുപത്രത്തിൽ ഉള്ളപ്രകാരം വിടുപേറ് അട്ടിപ്പേറായി അയ്യനടികൾ തിരുവടിയെക്കൊണ്ട് മരുവാൻ സപിരീശോ തരിസാപ്പള്ളിക്കു നീർവീഴ്ത്തിക്കൊടുപ്പിച്ചു.

ഇതു കാത്തുരക്ഷിക്കുന്നവർക്ക് ദൈവം തന്നേ അനുഗ്രഹം ചെയ്യട്ടെ.

അയ്യന്റെ ഒപ്പ്. വേൾകുല സ്വരൂപന്റെയും സമ്മതം.
വിജയ............

ഈ ചെപ്പേടിൽ ആകെ മൂന്നു തകിടുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ഒടുവിലത്തെ കാണ്മാനില്ല. ശേഷിച്ചവയിൽ ഒന്നാമത്തെ തിരുവല്ലാ [illegible]ഞ്ഞിനിലും, രണ്ടാമത്തെ കോട്ടയത്തു പഴയ സെമിനാരിയിലും ഇരിക്കുന്നു. 1599-ൽ മെനേസിസ മെത്രാൻ തേവലക്കരപ്പള്ളിയിൽ ചെന്നപ്പോൾ ഒരു വട്ടയത്തിൽ

കോൎത്തിരുന്ന മൂന്നു തെക്കേടകരും അവിടത്തെ നസ്രാണികളും (മുതലാളിമാർ) അദ്ദേഹത്തെ കാണിച്ചു എന്നു ഗോവയാ പറഞ്ഞിരിക്കുന്നു. ഇത് തരിസാപ്പള്ളിയുടെ ഒന്നാം ചെപ്പേട്ടു തന്നേ. 1758-ൽ ഡ്യൂപ്പെറോൺ എന്നൊരു ഫ്രെഞ്ചുസഞ്ചാരി വരാപ്പുഴ സന്ദൎശിച്ചപ്പോൾ ഇതിന്റെ ഒരു പരിഭാഷ ആൎയ്യഎഴുത്തിലുള്ളത് ഫ്ലോറെൻസിയോസു മെത്രാനിൽനിന്ന് അയാൾക്കു കിട്ടി. ഒരു കത്തനാർ അതു പോൎത്തുഗീസിൽ പറഞ്ഞുകൊടുത്തതു കേട്ടു ഡ്യൂപ്പെറോൺ ഒരു പരന്തിരിസ (ഫ്രെഞ്ചു) പരിഭാഷ ഉണ്ടാക്കി അയാളുടെ സെൻഡു അവെസ്താ എന്ന പുസ്തകത്തിൽ (പുറം 175) ചേൎത്തിരിക്കുന്നു.

——:o:——

അദ്ധ്യായം ൪.

തരിസാപ്പള്ളിയുടെ ചെപ്പേട്—൨.

ഇരണ്ടുകടി (വാണ്ണി)യരും ഒരു കുടി തച്ചരും (പ)ഞ്ഞിയ് പൃമിയ്ക്കെ കാരാഴര് നാലുകുടി വെള്ളാളരും. ഇവ്വനൈവരു(ം) ദേവര്ക്കു റ്ടുവന നട്ട ഇടുവത ഇട്ട പള്ളിക്കു എണ്ണെക്കും, മററും വേണ്ടുങ്കഴ കുറവു വാരാതെയ് ചെയ്യക്കടവരാക ചമൈച്ചു ഇന്നകരം കണ്ടു ന്ടാറം മരുവാൻ സപീരീശോ ചെയ്യിച്ച തരിസ്സാപ്പള്ളിക്കു കുടുത്ത ഭൂമിയാവതു—കോയിലധികാരികളും വിയാരാകതേവര് ഉട്പ (ട്ടു) ഞങ്ങളുമ്പിടിനടത്തി നീര്ത്തുള്ളിയോടു കൂട, അഞ്ചു (നടികളും) തിരുവ്വടിയും ഇരമദേവാഴിൻറ രാമതിരുവടിയും മന്ത്രി(തി)കാരരും പ്രകൃതിയും

അനന്തരവരം പൂന്നെത്തരവല്ലൂതിയം പൃ(ളൈ)ക്ക ടിപ്പതിയും ഉൾപ്പട വല്ല.

ഇപ്പൂമിക്കെല്ലെ:—കിഴക്ക, പുയല്ലൂരടേ യെല്ലെയാകവു; കായിമുട് പട തെൻകിഴക്ക, ചിറവാതില്ലാൽ മതിലേയെല്ലെയുംകവും; പടിഞ്ഞായി കടലേയെല്ലെയാകവും; വടക്ക, തോരന്നത്തോട്ടമെ യെല്ലെയാകവും; വടകിഴക്ക, പ്പൂന്നെത്തരലെ ഭിണ്ടിലൻ തോട്ടമെ യെല്ലെ യാകവും.

ഇന്നാൻകെല്ലെക്കം അകപ്പട്ട ഭൂമി പിടിനടത്തി ഉലകം ചന്തിരാതിത്തിയരും ഉള്ള നാളെല്ലാ ത്ത്യെൽപ പത്തിര ത്ത്യെട്ടു കട്ടത്തേൻ അയ്യനടികൾ തിരുവടിയും ഇരാമതിരുവടിയു കോയിലതികാരികളുമൊ പ്പടമൈത്തരളി.

ഇപ്പൂമിയിൽ കാടികളയും എപ്പിരൈ ചൊല്ലിയും പള്ളിയാരേയ് ഇര പിഴയുമഴി (ച്ച തലൈ) വിലൈയും മുലൈവിലൈയും പള്ളിയാരേ കൊള്ളപ്പെറവാര്. നന്തവരെ(ച്ചേര്പ്) പട്ടാരും എപ്പിരൈചൊല്ലിയും പൂമിതലൈയും കടികൾ പാ (ടു) ചല്ലപ്പെറാര്,

അനന്തരവരം അഞ്ചുവണ്ണമു മണിക്കിരാമമും ഇരക്ഷിക്കക്കടവര് പള്ളിയെയും പൂമിയെയും. ഉലക്രം ചന്തിരാതിത്തിയരും ഉള്ള നാളെല്ലാത്ത്യെപ്പ് പത്തിരത്തിൽ പ്പട്ടവണ്ണമേച്ചുകൊള്ളക്കടവര് അഞ്ചുവണ്ണമമണിക്കിരാമമും.

ഇവകൾക്ക കോയിലതികാരികൾ വിയരകതേവരൾപ്പട ഇരന്തരളി, അയ്യനടികൾ തിരുവടിയും ഇരാമതിരുവടിയും ഉട്പട ഇരന്തരളി, ...
ഇവകൾക്ക ക്കട്ടത്ത വിട്ടചേറാവതു;—

അറുപതിലൊൻറുൽക കളുവര(ത്തി) ലുൾ കിരെല്ലയാകവും, അഴിവുൽ കിരെല്ലയാകവും, ഇവകൾകൊള്ളും അടുമെക്ക അറുംഅംചു കൊള്ളപ്പെറാരാകവും, വായിനം വരമതിൽ വരത്തിലും പോക്കിലും എട്ടുകാചു കൊള്ളക്കടവരാകവും, വേദിയിലും പടകിലും പോക്കിലും വരത്തിലു നാലുകാചു കൊള്ളക്കടവരാകവും, ഉൽകപട്ടവെരക്ക ഇവർകളെല്ലാടവരുഷ്ച്ച ഉൽക പിടപ്പതാകവും, ചരക്കമിലെയിട്ടമിടപ്പുള്ള മററമെ സ്വാമികാരിയം എക്കാരിയമും ഇവകളെ കൂട്ടിയെ ചെയ്യതാകവും, അൻറൻമ പട്ടമുൽക അഞ്ചു വണ്ണമും മണിക്കിരാമമും ഇലക്കിച്ചു വെപ്പതാകവും, നാലുവാതിലകളും വില്ലും പൃമിയാക കാരാണ്മെക്കൊടുക്ക മെടത്തു കോപ്പതവാര കോയിൽകൊണ്ടു പതിപ്പതവാരം അഞ്ചുവണ്ണമും മണിക്കിരാമമു മൊഴിവതാക.

ഇവകൾക്ക മങ്കല്യത്തുക്ക ആനെമേൽ മണ്ണുനിൻ മുതലാക ഏഴുപത്തിരണ്ടു വിടാപെരം വള്ളുക്കടനാട് കോയിലതികാരികൾ വിയരാകന്തേവൻ ഉടപ്പട ഇവന്ത മലി അയ്യനടികൾ തിരുവടിയും രാമതിരുവടിയും പ്രകൃതിയും അതികാരരും അറുനൂററുവരും പൂന്നത്തലെപ്പതിയും പുളൈക്കുടിപ്പതിയും ഉൾപ്പട വെച്ചു. ഉലകം ചന്തിരാതിത്തിയരും ഉളള നാംമെല്ലാം ഇച്ചട്ടിപ്പെരൊല്ലാരെയുപ്പുപത്തിടത്തിൽ പ്പട്ടവണ്ണനെയും കൊണ്ടപ്പെരവും അഞ്ചുവണ്ണവും മണിക്കിരാമമും

ഇവകൾക്ക അന്നിയായമൊണ്ടായിൽ ഉൽകളുലാക്കുലി തടുത്തു ന്തങ്ങൾ അൻഞായ നീരത്തുകൊള്ളു കവെര്. തങ്കൾ ചെയ്യും പിഴെയുണ്ടാകിററങ്കളെക്കൊണ്ടെ യാരാണ്ടു കൊള്ളക്കടവരാകവു മിന്നകളുക്ക കാരാളരാക നിരെററാൻ അഞ്ചുവണ്ണമും മണിക്കിരാമമും.

ഇവരു മിരണ്ടുതരക്കാരെയും കൂടി വെച്ചിട്ടുതെയ്യ് കരമമാകവു—।

മിന്നകര കണ്ടു നിരൈറ വമമാൻ സപീറിശോ മന്നം പള്ളിയാൎക്ക് പൊറക്കടൈയ പാരക്കോലും പഞ്ചുകണ്ണിയും മനൈവാൻ സപീരിശോ നെറഞ്ഞ നിറൈക്കുലി പള്ളിക്കു കടക്കടവര് ഇത്തവും അട്ടിപ്പേറാക കടൈനൻ ഉലകത്ത് ചെതിരാതിത്തിയതും ഒമ്മ നാളെല്ലാം. (അടയാളം. നാഗരാക്ഷരങ്ങൾ അടയാളം.)

മേല്പടി ലിഖിതത്തിൽ കൊത്തിട്ടിരിക്കുന്നിടത്തു നാഗരാക്ഷരത്തിൽ പേരു കൊത്തിട്ടുണ്ട്. അവസാനത്തിലും ഉണ്ട്. ഒടുവിലത്തേത് 'യേശു സപ്രസമാ സംഘമെത്രാ' (അല്ലെങ്കിൽ ...സംഘാമാത്യ) എന്നു വായിക്കാം എന്നു മിസ്റ്റർ എ. ബാലകൃഷ്ണപിള്ള, ബി. എ., ബി. എൽ. പറയുന്നു. ഇവിടെ യേശു സപ്ര സബിരീശോ തന്നേ. സഭ പള്ളിയാർ ആണ്. സംഘം, അറുനൂററവരും, അമാത്യൻ കോയിലധികാരികളായ വിജയരാഘവദേവരും അത്രേ. മെത്രാൻ എന്നാണെങ്കിൽ അന്നത്തെ മെത്രാനായ മാർ സാബോർ അല്ലെങ്കിൽ മാർ അപ്രോത്ത് ആയിരിക്കാം. സബിരീശോയും മാർ സാബോറും ഒരാൾ തന്നെയോ എന്നു നിശ്ചയിപ്പാൻ വയ്യ. അല്ലെന്നാണു തോന്നുന്നത്. കൊല്ലം കണ്ടു നിരൈറ മരുവാൻ സബിരീശോ ഐതിഹ്യത്തിൽ ബാർ യേശു (ശവറീസു) മുതലാളിയോ കൊല്ലത്തു കോശിമാപ്പിളയോ ആണ്, മെത്രാനല്ല.

തരിസാപ്പള്ളിവക രണ്ടാം ചെപ്പേടിന്റെ ഒടുക്കത്തെ തകടിൽ ക്യൂഫിക് (Cufic), പാലവി, എബ്രായ എന്നീ അക്ഷരങ്ങളിൽ മൂന്നു നാമസമുച്ചയങ്ങളുണ്ട് ഇവയുടെ ശരിയായ പാഠം ഇതേവരെ നിർണ്ണയിച്ചിട്ടില്ല.

കൃഷിക്കു ഭാഗത്തിന് ഇങ്ങനെ ഒരു പരിഭാഷ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്

"Meimun Son of Ibrahim arranged this for you? and Muhammad Son of Mania witnessed it and Tai Son of Ali, ditto. and Osman Son of Ali Hazramat? do. and Mohammad Son of Yahia do. and Omru Son of Ibrahim do. and Ibrahim Son of ×××× do. and Bakr Son of Mansur do. and Alkasim Son of Hamid do. and Mansur Son of Eesa do. and Ismael Son of Yakub, do. The name omitted is doubtful."

—Madras Journal of Lit & Sc., 1844, Part I, p 143.

(ഇതിനെൻറയും പിന്നാലെ ചാലവയിൽ ഉള്ളതിനെൻറയും ശരിയായ പരിഭാഷ കിട്ടാൻ ഈ ഗ്രന്ഥകാരൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.)

ചരിത്രാന്വേഷണവിദഗ്ദ്ധനായ മിസ്റ്റർ കെ. എൻ. ദാനിയേൽ ഈ രേഖയിലെ എബ്രായഭാഗം കൊച്ചിയിലെ ഒരു യൂദപണ്ഡിതനായ മിസ്റ്റർ എൻ. ഇ. റോബിയെ കൊണ്ടു വായിപ്പിച്ചു. ഇദ്ദേഹത്തിൻെറ പാഠം ഇങ്ങനെയാണ്.

"ഹമൈഷ് ബർബൊ അമ്മോശേൽ | പരിശ് തെഹൊം | അക്കെബ്ബൊ (ബ്)ന്ഹാംക | സാമിയെൽ പരീശ് | തെഹോം. അക്കെ ബ്ബൊ ! അബ്രഹാം കന്തക്കി | തെഹോം. അഹെഷ് ബ്ബൊ | യിഖിറിഹായി തെഹോം." |

ൻകെ തുമ്പൊ—ഓകൈയെഴുത്ത്'. നന്മോദേശൻ—ഗവണ്ണർ. തെരഹാം—ആഴം (1)

(ആഴം എന്നത് ഇവിടെ എങ്ങനെ യോജിപ്പിക്കാമെന്നു നിശ്ചയമില്ല.)

പരിഭാഷ

............രണ്ടുകുടി (വാണി)യരും ഒരു കുടി തച്ചാരിയും പരമ്പര്യ് ഭൂമിയുടെ കാരാണ്മക്കാരായി നാലു കുടി വെള്ളാളരും. ഇവരെല്ലാം ദൈവത്തിനു (പള്ളിക്ക്) നടേണ്ടവ നട്ട്, ഇടേണ്ടവ ഇട്ട്, എണ്ണയും പള്ളിക്കു വേണ്ടുന്ന മറ്റാവശ്യങ്ങൾക്കും കുറവു വരുത്താതെ ഇരിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്ത്, ഈ നഗരം നിർമ്മിച്ചു നീർവാങ്ങിയ മരുവാൻ സബിരീശോ പണിയിച്ച തരിസാപ്പള്ളിക്ക്—കായിലധികാരിയായ വിജയരാഘവദേവർ കൂടെ ഇരുന്നരുളി പിടിനത്തി നീഞ്ഞുമ്മായോടു കൂടെ, അയ്യനടികൾ തിരുവടിയും ഇളമുറ വാഴുന്ന രാമതിരുവടിയും അധികാരരും പ്രകൃതിയും അറുനൂറുവരും പുന്നത്തലപ്പതിയും പൂങ്കുടിപ്പതിയും കൂടിയിരുന്നു—കൊടുത്ത ഭൂമിയാവിത്:

ഈ ഭൂമിക്കതിര്:—കിഴക്കു, വയല്ക്കാട് അതിരായും; കായലും ഉൾപ്പെടെ തെക്കുകിഴക്കു ചെറുവാതില്ക്കൽ മതിൽ അതിരായും; പടിഞ്ഞാറു കടൽ അതിരായും; വടക്കു, തോരണത്തോട്ടം അതിരായും; വടക്കുകിഴക്കു പുന്നത്തല അണ്ണിലൻ തോട്ടം അതിരായും.

---

(1) മേല്പടി പാഠവും പരിഭാഷയും തന്നതിന് എനിക്കു മിസ്റ്റർ ദാനിയേലിനോടുള്ള അതിയായ നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ സംഘതിരില ഉൾപ്പെട്ട ഭൂമി പതിനഞ്ചി, ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള എല്ലാം നാളത്തേക്കും, അയ്യനടികൾ തിരുവടിയെയും രാമതിരുവടിയെയും കോയിലധികാരിയെയും യോഗമായി വെച്ചരുളി, ചെമ്പുപത്രമെഴുതി ഞാൻ കൊടുത്തിരിക്കുന്നു

ഈ ഭൂമിയിലില കുടിയാന്മാർ എന്തു കുററം ചെയ്യിലും പള്ളിക്കാർ തന്നെ ഈ കുററം തീർത്ത്, തലവിലയും മുലവിലയും പള്ളിക്കാർതന്നേ പററിക്കൊള്ളട്ടെ. നമ്മുടെ ആളുകൾ ആരും ഒരുകുററത്തിനും ഈ ഭൂമിയിലെ കുടിയാന്മാരോടു ചോദ്യം ചെയ്യരുതു.

അറുനൂററുവരും അഞ്ചുവണ്ണവും മണിഗ്രാമവും പള്ളിയെയും ഭൂമിയെയും രക്ഷിച്ചുകൊള്ളണം. ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള നാളെല്ലാം ചെമ്പുപത്രത്തിൽ ഉള്ള വണ്ണം അഞ്ചുവണ്ണവും മണിഗ്രാമവും ചെയ്തുകൊള്ളണം.

കോയിലധികാരിയായ വിജയരാഘവദേവർ ഇരുന്നരുളി, അയ്യനടികൾ തിരുവടിയും രാമതിരുവടിയും കൂടെ ഇരുന്നരുളി ഇവർക്ക് കൊടുത്ത വിടുപേറാവിത്:—

കരവഴി വരുന്ന ചരക്കിന് അറുപതിലൊന്നു ചുങ്കം ഉള്ളത് ഇവർ കൊടുക്കേണ്ടാ. അളിച്ചുങ്കവും വേണ്ടാ. ഇവർ വിലയ്ക്കു കൊള്ളുന്ന അടിമക്ക് ആൾക്കാശു നാം വാങ്ങിക്കൂടാ. വരുന്ന വാഹനത്തിന് (വണ്ടിക്ക്) വരവിലും പോക്കിലും എട്ടു കാശ് ഇവർ വാങ്ങിക്കൊള്ളാം. മരത്തിനും പടകിനും പോക്കിലും വരത്തിലും നാലു കാശു വാങ്ങിച്ചുകൊള്ളാം. ചുങ്കം തീരേണ്ട ചരക്കിന് ഇവരെ കൂടെ വെച്ചു ചുങ്കം തീർത്തുകൊള്ളണം. ചരക്കിനു വിലയിടുന്നതും മററെല്ലാ രാജകാര്യവും ഇവരെ കൂടെ വെച്ചു ചെയ്യാവൂ. അന്നന്നു പിരിയുന്ന ചുങ്കം അഞ്ചുവണ്ണവും മണിഗ്രാമവും സൂക്ഷിച്ചുവെച്ചുകൊള്ളണം. നാലുവാ

...ലിനകത്തും ഭൂമി തീരെഴുതി കാരാണ്മയായി കൊടുക്കയോഗം രാജാവിനുള്ള പതവാരം (ദശാംശം) രാജാവു വിററം, എന്നാൽ പതിപ്പതവാരം അഞ്ചുവണ്ണവും മണിഗ്രാമവും വാങ്ങിക്കൊള്ളട്ടെ.

കോയിലധികാരിയായ വിജയരാഘവദേവരിതന്നതുമി; അഞ്ചുനടകളും, തിരുവടിയും രാമതിരുവടിയും പ്രകൃതിയും അധികാരിയും അനന്തരവരും പന്തലപ്പതിയും പൂക്കടിപ്പതിയും കൂടിയിരുന്ന്, ഇവർക്കു മംഗല്യത്തിന് (വിവാഹത്തിന്) ആനമേൽ മണ്ണീർ മുതലായ എഴുപത്തിരണ്ടു വിടുപേറും കല്പിച്ചുകൊടുത്തിരിക്കുന്നു. അഞ്ചുവണ്ണവും മണിഗ്രാമവും ചെമ്പുപത്രത്തിൽ ഉള്ളവണ്ണം ചെയ്തു, ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള നാളെല്ലാം ഇവർ അട്ടിപ്പേറു മുഴുവനും അനുഭവിച്ചുകൊള്ളട്ടെ.

ഇവർക്ക് അന്യായം നേരിട്ടാൽ (രാജാവിനു ചെല്ലേണ്ട) ചുങ്കവും (പള്ളിക്കു ചെല്ലേണ്ട) തുലാക്കൂലിയും തട്ടത്തുവെച്ച് തങ്ങൾക്കു പിണഞ്ഞ അന്യായം ഇവർ തീർത്തുകൊള്ളട്ടെ. തങ്ങൾ കുററം (അന്യായം) ചെയ്താൽ തങ്ങളെക്കൊണ്ടുതന്നേ വിചാരണ ചെയ്തുകൊള്ളേണ്ടതാകവണ്ണം ഈ നഗരത്തിനു കാരാണ്മക്കാരായി അഞ്ചുവണ്ണവും മണിഗ്രാമവും നീർവാങ്ങിച്ചിരിക്കുന്നു. ഇവരിൽ തന്നെയും ഇരുപക്ഷക്കാരും യോജിച്ചുചെയ്യുന്നതേ സാധുവായ കർമ്മമാവൂ.

ഈ നഗരം നിർമ്മിച്ച നീർകൊണ്ട മരുവാൻ സപ്പിരീശോ, മുൻപ് (പണ്ടിവക തന്നതിൽ ചെപ്പേടിൻപടി) പള്ളിക്കാർക്കു ലഭിച്ച ഭാരക്കാലും പന്തകങ്ങളും കൊടുത്തു; തുക്കൂലി പള്ളിക്കു കൊടുത്തുകൊള്ളണം. ഇതും അട്ടിപ്പേറായി ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള എല്ലാക്കാലത്തേക്കും ഞാൻ കൊടുത്തിരിക്കുന്നു

പണ്ടു പള്ളിക്കുകൊടുത്ത ഭൂമി എവിടെയാണെന്നു സർവ്വേ പ്ലാൻവെച്ചുകൊണ്ടു കണ്ടുപിടിപ്പാൻ ശ്രമിച്ചിട്ടു സാധിച്ചില്ല. കൊല്ലം ടൌണിൽ വലിയകട എന്ന കരയിലാണ് കാദീശാപ്പള്ളി. പഴയ തരിസാപ്പള്ളിയുടെ പറമ്പിൽ തന്നെയാണ് അതു നിൽക്കുന്നതെന്നു വിചാരിക്കാം. (അല്പം കിഴക്കുപടിഞ്ഞാറുമായി ഏതാനുംകൂപ്പറം മുഹമ്മദീയപള്ളിയും, അതിനല്പം കുറെ കിഴക്ക് അത്ര പ്രാചീനമല്ലാത്ത കൊല്ലത്തു റോമൻകത്തോലിക്കാപള്ളിയും നിൽക്കുന്നു. രണ്ടും കടലിൽ നിന്ന് അധികം ദൂരെയല്ല. ചെപ്പേടിലെ പള്ളിബ്ഭൂമി കാദീശാപ്പള്ളിയിൽ നിന്ന് ഒന്നു രണ്ടു നാഴിക പടിഞ്ഞാറു മാറി ശക്തികുളങ്ങര, കരിപ്പുറം, നീണ്ടകര ഭാഗങ്ങളിൽ ആയിരുന്നിരിക്കാം. ചെപ്പേടിലെ വയൽക്കാടായിരിക്കുമോ ഇന്നത്തെ മുക്കാട്?

തരിസാപ്പള്ളിയുടെ രണ്ടാംചെപ്പേടിൽ ആകെ നാലു തകിടുകൾ ഉണ്ടായിരുന്നു. അവയിൽ ഒന്നാമത്തേത് ഇപ്പോൾ കാണുന്നില്ല. രണ്ടാമത്തേതും മൂന്നാമത്തേതും പഴയ സിമ്മനാരിയിലും, ഒടുവിലത്തേത്—പ്രമാണത്തിലെ സാക്ഷികളായ മണിഗ്രാമക്കാരുടെയും തരിസാപ്പള്ളിക്കാരുടെയും യൂദന്മാരുടെയും പേരുകൾ യഥാക്രമം കൂഫിക്കിലും പാലവിയിലും എബ്രായയിലും ഉള്ളത്—തിരുവല്ലാ പൂലാത്തീനിലും ഇരിക്കുന്നു.

കൊല്ലത്തെ ക്രിസ്ത്യാനികളുടെ വകയായി നാലഞ്ചു ഭാഷകളിലുള്ള ചെമ്പുപട്ടയങ്ങൾ ആർച്ചുബിഷപ്പായിരുന്ന മെനേസിസ് 1599-ൽ കണ്ടതായി ഗോവയാ പറയുന്നു. ഈ രണ്ടാംചെപ്പേടിനെപ്പററിയായിരിക്കണം ഗോവയാ എഴുതിയിരിക്കുന്നത്.

കൊല്ലം കാദീശാപ്പള്ളിക്കു കുറച്ചു പടിഞ്ഞാറേ ഭിത്തിയോടു ചേർത്ത് (വലിയ വാതിലിനടുത്ത്) നാട്ടിയ ഒരു കരി

കല്ലു സ്ഥാപിച്ചിട്ടുണ്ട്. ഇതു മുൻപ് വാതില്ക്കൽ ചവിട്ടുപടിയായി ഉപയോഗിച്ചിരുന്നതാണ്. യൂതരന്മാരുടെ (ജൂദരുടെ) കല്ല് എന്നാണ് ഇതിനെപ്പററി കൊല്ലത്തെ ജോനകരും മററും പറയുന്നത്. അതിൽ ആൎയ്യ എഴുത്തു കലർന്ന നാനംമോനം അക്ഷരത്തിൽ രണ്ടു ലിഖിതങ്ങളുണ്ട്. അവയിൽ ഒന്നാമത്തേത് ഇങ്ങനെയാണ്:-

തംപുരാൻ തുണ | വൃഷധമ ഞായി | റു വിതിന മാതം | ഒ ധനു ചെൽ | പൃാല പെത്ത | എഴുതിച്ച ആന | പ്പിറത്ത മ | ണ്ണുനീര് മ | തെൽ മററ | എല്ലാ രത്തം | (2)

(ഇത് കൊല്ലം വലിയകട മിസ്റ്റർ എം. മത്തായിയിൽ നിന്ന് 1920-12-30-ൽ എനിക്കു കിട്ടിയ ഒരു പകൎപ്പിന്റെ പാഠമാണ്. പകൎപ്പ് അത്ര വ്യക്തമല്ലാത്തതുകൊണ്ട് പാഠം ചിലഭാഗങ്ങളിൽ ശരിയല്ലായിരിക്കാം. എങ്കിലും കാൎയ്യപ്പിശകു വന്നിട്ടില്ലെന്നു വിശ്വസിക്കുന്നു.)

തരിസാപ്പള്ളിവക രണ്ടാം ചെപ്പേടിൽ "ഇവകരം കുമങ്കലൃത്തു കുമാരനെമേൽ മണ്ണനിന് മുതലാക", എന്നു തുടങ്ങുന്നതും മണിഗ്രാമക്കാരെ(യും അഞ്ചുവണ്ണക്കാരെയും) സംബന്ധിക്കുന്നതും ആയ ഭാഗം ക്രി. വ. 1637-ൽ പകൎത്തി എഴുതിച്ചു എന്നാണ് ലിഖിതത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അൎത്ഥം. പകൎപ്പ് എഴുതിച്ചെടുത്തത് പക്ഷെ മാൎഗ്ഗം മാറിയിരുന്ന മണിഗ്രാമക്കാരായിരിക്കണം. എന്തിനാണെന്നു ഊഹിപ്പാൻ പാടില്ല. എന്തായാലും,

---

(2) ഇതിൽ 'ആന' മുതലുള്ള ഭാഗം പുരാണവസ്തുശാസ്ത്രവിദഗ്ദ്ധന്മാൎക്ക് ആൎക്കും വായിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷെ പകൎപ്പെടുത്തെങ്കിലും അവർ ഈ ലിഖിതം പ്രസിദ്ധപ്പെടുത്തീട്ടും ഇല്ല.

1637-ൽ ഈ ചെപ്പേട് കാദിശാപ്പള്ളിയുടെ ഉടമസ്ഥ രായ കൊല്ലക്കാർ മുതലാളിമാരുടെ കൈയിൽ ഉണ്ടായി തന്നു എന്ന് ഈ ലിഖിതത്തിൽനിന്നനുമാനിക്കാം.

—:0:—

അദ്ധ്യായം ൭

—

മകോതയർ പട്ടണത്ത് ഇരവി കൊത്തൻെറ ചെപ്പേട്.

—:0:—

ഹരി. ശ്രീ മഹാഗണപതയെ നമഃ. ശ്രീ ഭൂപാലനര പതി, ശ്രീ വീരകേരള ചക്രവത്തി ആതിയായി മറമറെ യേ പല നൂറായിരത്താണ്ടു ചെങ്കോൽ നടത്തായിനിൻെറ ശ്രീ വീരരാഘവ ചക്രവത്തികൾ തിരുവിരാജ്യം ചെല്ലാ യിനിൻെറ മകരഞ്ഞായറ്റിൽ വിയാഴം മീനഞായറു ഇരുപത്തൊ ൻപതെൻറ ചനി രോഹിണിനാൾ, പെരുങ്കോയിലകത്തി രുന്നരുള, മകോതൈയർ പട്ടിണത്തു ഇരവി കൊർത്ത നായ ചേരമാൻ ലോകപ്പെരുഞ്ചെട്ടിക്കു മണിക്കിരാമപ്പട്ട ങ്കൊടുത്തോം.

വിളുംവാടെയും പവനത്താങ്കും വേറപേറം കടുത്തു വളഞ്ചിയം വളരഞ്ചിശത്തില തനിച്ചെട്ടും മർച്ചെല്ലും മന്നടെയും പഞ്ചവാദ്യം ശംഖം പകൽവിളക്കും പാവാ ടയും ചെഞ്ചെന്തോലമുമ കൊടറക്കടയും വടകപ്പുമറയും ഇട പാടി തോരണമും നാല്ചേരിക്കും തനിച്ചെട്ടു കടുത്തോം. വാണിയരും ഒമ്പ്തുകമ്മാളരെയും അടിമ കടുത്തോം.

നകരത്തുക്ക കൺക്കായാവായ ഇരവി കൊർത്തനുക്ക പറ കൊണ്ടുമന്റ, നിറകൊണ്ടു തുലാ അളർക്കണ്ട പറൈ,

എണ്ണിൽറ്റതിലും, എടുക്കിൻറതിലും ഉപ്പോട ശൎക്കരയോട കസ്തൂരിയോട വിളക്കെണ്ണയോട ഇടയിൽ ഉള്ളത എപ്പേർപ്പെട്ടതിനും തരകും, അതിനെടുത്ത ചുങ്കമുംകൂട കൊടുത്തുള്ളൂര് അറിവിയോട കോപുരത്തോട് വിശേഷാൾ നാല തളിയും തളിക്കടുത്ത കിരാമത്തോടിടയിൽ നീര് മുതലായി ചെപ്പേട എഴുതി കുടുത്തോം ചേരമാൻ ലോകപ്പെരുഞ്ചെട്ടിയാന ഇരവി കൊത്തനുക്കു.

ഇവൻ മക്കൾമക്കൾക്കു വഴിവഴിയെ പേറാക കുടുത്തോം.

ഇതറിയും പൻറിയൂര് കിരാമമും ചൊകിരക്കിരാമം അറിയ കുടുത്തോം. വേണാടും ഓടനാട മറിയക്കുടുത്തോം. ഏറാനാടും വള്ളുവനാട മറിയക്കുടുത്തോം. ചന്ദ്രാതിത്യകളുള്ള നാളെക്കു കുടുത്തോം.

ഇവര് കളുറിയ ചെപ്പേടെഴുതിയ ചേരമാൻ ലോകപ്പെരുന്തട്ടാൻ നമ്പിചടയൻ കൈയെഴുത്തു.

(ഈ തകട് കോട്ടയത്തു പഴയ സെമ്മനാരിയിൽ ഇരിക്കുന്നു.)

ഭാഷയുടെ സ്വഭാവവും അക്ഷരത്തിന്റെ വടിവും നോക്കിയാൽ ഈ തകട് ക്രി. 132[illegible]-ൽ ഉണ്ടായതാണെന്നുള്ള കീൽഹോൺിന്റെ അഭിപ്രായം ശരിയാണെന്നു തോന്നുന്നു. ആ കാലത്തിനു മുമ്പുതന്നേ പെരുമാക്കന്മാരുടെ വാഴ്ച അവസാനിച്ചു. അതുകൊണ്ട് ഈ ചെപ്പേട്ടിലെ വീരരാഘവചക്രവൎത്തി കൊച്ചിയിലെ ഒരു തമ്പുരാൻ ആയിരുന്നു എന്നൂഹിക്കണം. "വീരരാഘവൻ എന്നുള്ള പേർ കൊച്ചിരാജാക്കന്മാൎക്ക് ഒരു കാലത്തും ഉണ്ടായിരുന്നതായി അറിവില്ല" എന്ന് കൊച്ചിരാജ്യചരിത്രം, I, 137-ൽ കാണുന്നു. അറിവില്ല എന്നതുകൊണ്ട് അങ്ങനെ ഒരു പേർ ഇല്ലായിരുന്നു എന്നുവരുന്നില്ലല്ലോ.

പരിഭാഷ

ഹരിഃ ശ്രീമഹാഗണപതയേ നമഃ.

ശ്രീഭൂപാലനരപതി, ശ്രീവീരകേരളചക്രവർത്തി മുതൽ മുറമുറയായി പല നൂറായിരത്താണ്ടും ചെങ്കോൽനടത്തി (=നല്ലവണ്ണം രാജ്യം ഭരിച്ചു) വരുന്ന ശ്രീവീരരാഘവചക്രവർത്തിക്കു ശ്രേഷ്ഠരാജത്വം നടക്കുന്ന മകരവ്യാഴം, കുംഭമാസം ഇരുപത്തൊന്നാംതിയതി ശനിയാഴ്ച രോഹിണിനാൾ, പെരുങ്കോയിലകത്തിരുന്നരുളി, മകോതൈയർ പട്ടണത്ത് ഇരവികോർത്തനായ ചേരമാൻ ലോകപ്പെരുഞ്ചെട്ടിക്കു മണിഗ്രാമപട്ടം നാം കൊടുത്തിരിക്കുന്നു.

വിളാവാടയും, പവനത്താങ്കും, മററ് അവകാശങ്ങളും, കടത്തുവാണിജ്യവും, വാണിജ്യത്തിന്റെ കത്തകയും, മുൻചൊല്ലും, മുൻനടയും, പഞ്ചവാദ്യവും, ശംഖും, പകൽവിളക്കും, പാവാടയും, അന്ദോളവും, കൊററക്കുടയും, വടകപ്പറയും, ഇടപടി, തോരണവും, നാലുചേരിയിലെ കത്തകയും നാം കൊടുത്തിരിക്കുന്നു. വാണിയരെയും ഐങ്കമ്മാളരെയും നാം അടിമ കൊടുത്തിരിക്കുന്നു.

പറകൊണ്ടളന്ന്, കട്ടികൊണ്ടുതൂക്കി, നൂലുകൊണ്ടളന്ന്, എണ്ണുന്നതിലും, എടുക്കുന്നതിലും ഉപ്പു ശർക്കര വിളക്കെണ്ണതൊട്ടു കസ്തൂരിവരെയുള്ള എല്ലാററിന്റേം തരകം അതിനടുത്ത ചുങ്കവും ക്രമേ നഗരത്തിന്റെ കർത്താവായ ഇരവികോർത്തന്ന് നാം കൊടുത്തിരിക്കുന്നു കൊടുങ്ങല്ലൂരഴി മുതൽ ഗോപുരംവരെയുള്ള സ്ഥലത്ത് — വിശേഷാൽ നാലു തളിക്കും (അമ്പലം) തളിക്കടുത്ത (നമ്പൂ

തിരി) ഗ്രാമത്തിനും ഇടയിൽ—ഇവ രണ്ടും ചേരമാൻ ലോകപ്പെരുഞ്ചേട്ടിയായ ഇരവികൊത്തന്നു നീർമ്മതലായി നാം ചെപ്പേടെഴുതിക്കൊടുത്തിരിക്കുന്നു.

ഇവന്റെ മക്കൾക്കും അവരുടെ സന്തതികൾക്കും പാരമ്പര്യാവകാശമായി നാം (മേല്പറഞ്ഞവയെല്ലാം) കൊടുത്തിരിക്കുന്നു.

ഇതറിയുന്ന പന്നിയൂർ ഗ്രാമവും ചോവരഗ്രാമവും അറികെ നാം കൊടുത്തിരിക്കുന്നു. വേണാടും ഓടുനാടും അറികെ കൊടുത്തിരിക്കുന്നു. ഏറനാടും വള്ളുവനാടും അറികെ കൊടുത്തിരിക്കുന്നു. ചന്ദ്രാദിത്യന്മാരുള്ള നാളൊക്കെ കൊടുത്തിരിക്കുന്നു.

ഇവർ അറികെ ചെപ്പേടെഴുതിയ ചേരമാൻ ലോകപ്പെരുന്തട്ടാൻ നമ്പി ചടയൻ. ഒപ്പ്.

ഈ ചെപ്പേടിലെ ഗ്രഹനില ക്രി. വ. 230, 680, 775, 1320-ലും സൂക്ഷ്മമായി ഒത്തുവന്നിട്ടുണ്ട്. ഇങ്ങനെ ഒത്തുവന്ന ആണ്ടുകൾ ക്രിസ്ത്വാബ്ദത്തിനു മുൻപും ഉണ്ട്. എങ്കിലും ഇതു ക്രിസ്തീയലിഖിതമായതുകൊണ്ട് ക്രി. മു. വർഷങ്ങൾ ഒന്നും എടുക്കേണ്ടാ. തമിഴിലെ 'ഐ' 'എ, അ' ആയി മാറുക ഈ ലിഖിതത്തിൽ ധാരാളം കാണുന്നു. അതുകൊണ്ടും മററും 1320-ആണ് ഇതിന്റെ കാലം എന്നൂഹിക്കാം.

യൂദന്മാരുടെ ചെപ്പേട് ക്രി 6-ാം ശതകത്തിലേതാണെന്നു മിസ്റ്റർ കെ. എൻ. ഡാനിയേൽ പറയുന്നു (Indian Antiquary, Oct., 1924). അതിൽ മേല്പറഞ്ഞ 'ഐ-എ, അ' പരിണാമം മററൊന്നുപോലും ഇല്ല. ആക്കാലത്തെ മററ ലിഖിതങ്ങളിലും ഈ പരിണാമം വളരെ

മർല്ലമായിരുന്നുള്ളു. അതുകൊണ്ട് മിസ്റ്റർ ദാനിയേൽ ഈ ഇ. കെ. ചെപ്പേട് ക്രി. 230-ൽ കൊടുത്തറപ്പിച്ചത് (ടി മാസിക, 1924 നവംബർ) ശരിയല്ല.

—:o:—

അദ്ധ്യായം ൩.

വിഷയപ്രവേശം

ഈ ചെപ്പേടുകളിൻപ്രകാരം കൊടുക്കപ്പെട്ടവ എന്തെല്ലാമാണെന്നു പരിശോധിക്കാം.

ഒന്നാം ചെപ്പേട്.

(1) ക്നായിത്തൊമ്മന്നു മപതമാളിന്റെ സ്വന്തം പേര്.

(2) മകോതയർ പട്ടണം, എന്നെന്നേക്കും.

(3) തൊമ്മൻമാപ്പിളയുടെ വീടും പള്ളിയും വെച്ചു പട്ടണമാക്കിയ കാട്ടുപ്രദേശവും 62 വീടുകളും; സന്തതി പ്രമേയമായി.

(4) സപ്തവാദ്യങ്ങളും, സകല പദവികളും, പല്ലക്കും, കരപ്പന്തം സ്ഥാനമാനവും, പരവതാനിയും, മെതിയടിയും, പന്തലും, ആനയും

(5) അഞ്ചുവകക്കാരും. (ഏതെല്ലാമാണ്?)

രണ്ടാം ചെപ്പേട്.

(1) മന്നവാൻ സാബിരീശോ കരക്കേണിക്കൊല്ലത്തു പണിയിച്ച തരിസാപ്പള്ളിക്ക് നാലുകുടി ഈഴവരും എട്ടു ലാററാന്മാരും കരകളി വണ്ണാരും.

(2) ദാരക്കോലും കപ്പാണം പഞ്ചകണ്ടിയും.

(3) വിട്ടുകൊടുക്കപ്പെട്ട ഈഴവരുടെയും ചാന്നാന്മാരുടെയും, വണ്ണാന്മാരുടെയും കററങ്ങൾ വിചാരണചെയ്തു തീർപ്പു പറയുന്നതിനുള്ള അധികാരം.

ദാനം ചെയ്യപ്പെട്ട കുടികൾ തമ്മക്കാണം, മുതലായവ രാജാവിനു കൊടുക്കേണ്ടാ എന്നല്ലാതെ, അവരെ പള്ളിക്കു കൊടുക്കണം എന്നു വ്യവസ്ഥചെയ്തിട്ടില്ല. മേല്പടി ഈഴവരും മററും പള്ളിക്കുവേണ്ടി പണിചെയ്യുന്നതിനു പ്രതിഫലമായിട്ടാണ് അവർ അച്ചുവന്ന കരങ്ങൾ ഇളവുചെയ്തുകൊടുത്തത്. അങ്ങാടിയിലും കോട്ടയ്ക്കകത്തും കേറുന്നതിന് ഈ ഈഴവർക്കും, അങ്ങാടിയിൽ ചെല്ലുന്നതിനു വണ്ണാന്നും തീണ്ടൽ ബാധകമായിരിക്കയില്ല എന്നും തിരുവുളമായി. ഇവർ ക്രിസ്ത്യാനികളായില്ല എന്നു വേണം വിചാരിക്കാൻ. അയ്യനടികളുടെ കല്പനയാൽ അവരുടെ തീണ്ടൽ (അയിത്തം) പൊയ്പോയി.

മൂന്നാം ചെപ്പേട്.

(1) കൊല്ലം തരിസാപ്പള്ളിക്ക് രണ്ടു കുടി (വാണി)യരും, ഒരു കുടി ആശാരിയും, നാലുകുടി വെള്ളാളരും.

(2) കുറേ ഭൂമി.

(3) ആ ഭൂമിയിലെ കുടികളിന്മേൽ ശിക്ഷാരക്ഷാധികാരം.

(4) അവരിൽനിന്നു തലവിലയും മുലവിലയും.

(5) പള്ളിയുടെയും ഭൂമിയുടെയും രക്ഷയ്ക്കു മണിഗ്രാമക്കാരും അഞ്ചുവണ്ണക്കാരും.

(6) പള്ളിക്ക് ദാരക്കോലിന്റെയും പഞ്ചകണ്ടിയുടെയും തുക്കൂലി. (മുൻപേ കിട്ടിയതുതന്നേ).

മണിഗ്രാമത്തിനും അഞ്ചുവണ്ണത്തിനും പള്ളിയും ഭൂമിയും രക്ഷിക്കുന്നവക്കും താഴെപ്പറയുന്നവ കല്പിച്ചുകൊടുത്തു.

(1) കരച്ചുങ്കവും അഴിച്ചുങ്കവും, ആൾക്കാശും ഇളച്ചുകൊടുത്തു.

(2) വണ്ടിക്കും വള്ളത്തിനും പടകിനും പോക്കുവരവിൽ ചുങ്കക്കാശു പിടിച്ചെടുത്തുകൊള്ളാം.

(3) ചരക്കിനു വിലയിട്ടു ചുങ്കം നിശ്ചയിക്കുന്നതിലും മററും സക്കാരാളുകളോടു സഹകരിക്ക.

(4) അന്നന്നു പിരിയുന്ന ചുങ്കത്തിന്റെ ഖജാൻജി സ്ഥാനം.

(5) പതിപ്പതവാരത്തിന്നുള്ള അവകാശം.

(6) എഴുപത്തിരണ്ടു വിട്ടുപറ് (പദവികൾ).

(7) രാജാവിനു ചെല്ലേണ്ട ചുങ്കവും പള്ളിക്കു ചെല്ലേണ്ട തുലാ (തൂക്ക)ക്കൂലിയും തടഞ്ഞുവെച്ച് സങ്കടം തീക്കാം.

(8) സിവിൽ ക്രിമിനൽ അധികാരം.

(9) കൊല്ലം നഗരത്തിന്റെ കാരാണ്മ.

നാലാം ചെപ്പേട്.

(1) ഇരവികൊത്തനു മണിഗ്രാമപട്ടം, അതായത് മണിഗ്രാമക്കാരിൽ പ്രമാണി എന്ന സ്ഥാനം.

(2) വിളാവാട പവനത്താങ്ങ്, മററവകാശങ്ങളും, മൻചൊല്ല്, മൻനാള, പഞ്ചവാദ്യം, ശംഖ്, പകൽവിളക്ക്, നടപാവാട, പല്ലക്ക്, കൊററക്കുട, വടുകപ്പറ, ഇടുപടി, തോരണം, കടൽ വാണിഭം, അതിനകത്തക, നാലു ചേരിയിലെ കത്തക.

(3) അടിമയായി വാണിയരും ഐങ്കമ്മാളരും.

(4) എല്ലാ ചരക്കിനും തരകും ചുങ്കവും (കൊടുങ്ങല്ലൂർ അഴി മുതൽ ഗോപുരംവരെയുള്ള സ്ഥലത്ത്).

നഗരത്തിന്റെ കൎത്താവ് ചേരമാൻ ലോകപ്പെരുഞ്ചെട്ടി എന്നീ സ്ഥാനങ്ങളും ഇരവികൊൎത്തനുണ്ടായിരുന്നു എന്നു നാലാം ചെപ്പേടിൽനിന്നു ഗ്രഹിക്കാം. നഗരകൎത്താവെന്ന സ്ഥാനം ക്നായിത്തൊമ്മന്റെ ഒരു അനന്തരാവകാശി എന്ന നിലയിലു കിട്ടിയതായിരിക്കുമോ? ചേരമാൻപെരുമാൾ എന്നേക്കുമായി ക്നായിത്തൊമ്മനു മകോതയർ പട്ടണം കൊടുത്തെന്ന് ഒന്നാം ചെപ്പേടിൽ കാണുന്നുണ്ടല്ലോ.

—— :o: ——

അദ്ധ്യായം ൭.

ചില വിവരങ്ങൾ.

ഇപ്പോൾ തിരുവല്ലാ ഇരിക്കുന്ന ചെറിയ തകട രണ്ടും, കോട്ടയത്തിരിക്കുന്ന ചെമ്പു മൂന്നും വലുതൊന്നും ഉൾപ്പെടെ ആറു തകടുകൾ തിരുവിതാംകോട്ട ബ്രിട്ടീഷ റസിഡണ്ടായിരുന്ന കൎണ്ണൽ മക്കാളി ഗവന്മെന്റു റിക്കാർട്ടുകളുടെ കൂട്ടത്തിൽ നിന്നു ൧൮൦൬-ൽ തേടിപ്പിടിച്ച് അന്നത്തെ മലങ്കര മെത്രാപ്പോലീത്തായെ ഏല്പിച്ചു. അക്കാലത്ത് ഈ നാട്ടിൽ സഞ്ചരിച്ചിരുന്ന ഡോക്ടർ ബുക്കാനാൻ ഈ തകടുകളിലെ ലിഖിതത്തിന്റെ പ്രതിരൂപം ചെമ്പുതകടുകളിൽ കൊത്തിച്ചു ശീമയിൽ കൊണ്ടുപോയി കേംബ്രിഡ്ജ് സൎവ്വകലാശാലയ്ക്കു സമ്മാനിച്ചു. അവ ഇന്നും സൎവകലാശാലവക ലൈബ്രറിയിൽ ഉണ്ട്.

മാർ അത്താനാസ്യൂസ്സും മാർദിവന്നാസ്യോസ്സും തമ്മിൽ നടന്ന "പ്രസിദ്ധ സിമ്മനാരിക്കേസിൽ ആലപ്പുഴ ജില്ലയിൽ ൧൦൫൯-ൽ അസൽ ൪൩൯-ാം നമ്പർ ആയി പട്ടികയിൽ ൫൭-ാം നമ്പർ ആയി വാദി (പുലിക്കോട്ടു) ജോസഫ്ഫ് മാർദിവന്നാസ്യോസ്സ് മെത്രാപ്പോലീത്താ അവർകൾ ബോധിപ്പിച്ചതിലേക്ക് ഒന്നാം പ്രതിയായിരുന്ന തോമ്മസ് അത്താനാസ്യോസ്സ മെത്രാപ്പോലീത്താ" തിരുമനസ്സുകൊണ്ട് ഈ ആറിൽ നാലെണ്ണം "കോടതിയിൽ ഹാജരാക്കിയിരുന്നതിനെ റോയൽ വിധിക്കുശേഷം 1065 ചിങ്ങം ൨൨-ാംനു ടി കോടതിയിൽനിന്നു" വാങ്ങിയാണ് പഴയ സിമ്മനാരിയിൽ സൂക്ഷിച്ചിരിക്കുന്നത്. (മ. മനോരമ, ൧൯൨൪-൪-൭),

കൊച്ചിയിലുണ്ടായിരുന്ന ബ്രിട്ടീഷ്ഗവൺമെൻറ റിക്കാർട്ടുകളുടെ കൂട്ടത്തിൽ ഈ ആറു തകിടുകളും വന്നുചേർന്നത് എങ്ങനെ? മലങ്കര മെത്രാപ്പോലീത്തന്മാരിൽ നിന്ന് അവ പോർത്തുഗീസുകാർ (അല്ലെങ്കിൽ മേനേസീസ് മെത്രാനോ മറേറാ) എടുത്തു കൊച്ചിക്കോട്ടയിൽ സൂക്ഷിച്ചുവരവേ ലന്തക്കാർ കോട്ടപിടിച്ചു. അപ്പോൾ ഈ തകിടുകളും, മററു റിക്കാർട്ടുകളുടെ കൂട്ടത്തിൽ, അവർക്കു കിട്ടി. പിന്നെ ബ്രിട്ടീഷുകാർ ലന്തക്കാരെ കോട്ടയിൽനിന്നു പിഴക്കി. അപ്പോൾ ചെയ്ത ഉടമ്പടിപ്രകാരം അവ ബ്രിട്ടീഷുകാരുടെ അധീനത്തിലായി. ഇങ്ങനെ ആയിരിക്കണം ഈ തകിടുകളുടെ കൈമാററത്തിൻെറ ചരിത്രം.

ക്നായിത്തൊമ്മൻെറ ചെപ്പേട് ഫ്രാൻസിസ്കൻ പാതിരിമാർ പോർത്തുഗലിലേക്കയച്ചുകളഞ്ഞ വിവരം മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

ഇരവികൊർത്തൻെറ ചെപ്പേടിന് ഒററ ഒരു തകിടേ ഉള്ളൂ. ഇതിപ്പോൾ [illegible]

പൂർത്തിയായി കൊത്തീട്ടുള്ളതും ഈ തകടാണ് ഇതിന് ൫൪·൭ ഇഞ്ച് നീളവും ൪·൫ ഇഞ്ച് വീതിയും ആണുള്ളത്. എന്നാൽ തരിസാപ്പള്ളിയുടെ ഒന്നാം ചെപ്പേടിൽ ഓരോ തകടിനും ൨·൨ × ൩·൨ ഇഞ്ച് നീളം വീതിയും, രണ്ടാമത്തേതിൽ ഓരോന്നിനും ൧൦·൫ × ൩·൩ ഇഞ്ച് നീളം വീതിയുമേ ഉള്ളൂ.

ഇരവികൊത്തന്റെ തകടിന് വളയമിടുന്നതിനു ദ്വാരം ഇല്ല. എന്നാൽ തരിസാപ്പള്ളിവക ചെറിയ തകടുകൾ രണ്ടിനും വളയമിടുവാൻ ഇടത്തെ അററത്തു രണ്ടു കോണുകളിലുമായി ഇതു രണ്ടു ദ്വാരവും, വലിയ തകടുകൾ മൂന്നിനും ഇടത്തെ അററത്തു മേലത്തെ കോണിൽ ഒരു ദ്വാരം വീതവുമുണ്ട്.

തിരുവല്ലാ ഇരിക്കുന്ന രണ്ടു തകടുകളിൽ ഒരു പുറം മാത്രം എഴുത്തുള്ള ഒന്നാമത്തേതിന്റെ വലത്തെ അററം ഏകദേശം രണ്ടിഞ്ചു മുറിഞ്ഞിരിക്കയാണ്, പരദേശഎഴുത്തുകളുള്ള രണ്ടാമത്തേതിന്റെ കീഴററവും (അഥവാ വലത്തെ അററം) മൂന്നിഞ്ചോളം മുറിഞ്ഞിട്ടുണ്ട്.

തരിസാപ്പള്ളിവക, കോട്ടയത്തിരിക്കുന്നതിൽ ചെറുതിന് പറയത്തക്ക കേടൊന്നുമില്ല. മേല്പടിവക വലുതു രണ്ടുള്ളതിൽ ഒന്നാമത്തേതിന്റെ ഇടത്തെ അററത്തു രണ്ടിഞ്ചോളം ഒടിഞ്ഞിട്ടുണ്ട്, ഒടിഞ്ഞ തായയിൽനിന്ന് ഏകദേശം അരിഞ്ചു വീതം വശങ്ങളുള്ള ഒരു ത്രികോണാംശം നഷ്ടപ്പെട്ടിട്ടുണ്ട്. ഇടത്തു നെടുകെ മദ്ധ്യംവരെ ഒരു പൊട്ടലും കാണുന്നു. വലുതിൽ രണ്ടാമത്തേതിന്റെ വലത്തെ അററം നാലിഞ്ചോളം ഒടിഞ്ഞിരിക്കുന്നു. എല്ലാററിനും നിസ്സാരമായ കേടുകൾ അങ്ങുമിങ്ങും വേറെയും ഉണ്ട്. കോട്ടയത്തിരിക്കുന്ന മറേറ വലിയ തകടിനു കേടൊന്നുമില്ല. (മേല്പടി അളവുകളും അററകററങ്ങളും

തകടുകളിൽ പ്രതിമയ്യകൾ പ്രസിദ്ധപ്പെടുത്തിട്ടുള്ളതു നോക്കി നിശ്ചയിച്ചതാണ്).

—൦—

അദ്ധ്യായം ൭.

അഞ്ചുവണ്ണം ഉടയ ഇസ്സുപ്പ ഇറപ്പാന്റെ ചെപ്പേട്.

സ്വസ്തി, ശ്രീ. കോകൊന്മൈ കൊണ്ടാൻ ശ്രീപാർകരൻ ഇരവിവന്മര് തിരുവടി പല നൂറായിരത്താണ്ടും ചെങ്കോൽ നടത്തിയരുളാനിൻറയാണ്ടു ഇരണ്ടാമാണ്ടൈക്കെതിര് മുപ്പത്താറാമാണ്ടു, മുയിറികോട്ടു ഇരുന്നരുളിയ നാൾ, പിരസാതിച്ചരുളിയ പിരസാതമാവതു.

ഇസ്സുപ്പ ഇറപ്പാനുക്കു അഞ്ചുവണ്ണമും, പെടിയാലും വായനത്താലും പാകടമും, അഞ്ചുവണ്ണപ്പേറും പകൽ വിളക്കും പാവാടൈയും അന്തോളികവും കുടൈയും വടുകപ്പറയും കാഹളവും ഇടുപടിയും തോരണമും തോരണവിതാനമും കരവും മിക്കവും എഴുപത്തിരണ്ടു വീടുപേറും കൂടക്കൊടുത്തോം. ഉൽക്കുന്നുലാക്കൂറിടം വിലക്കാം.

മററു നകരത്തിൽ കുടികൾ കോവിൽക്കു ഇറക്കമതു ഇവൻ ഇറപ്പെയും പെറവും അക ചെയ്യപ്പട്ടോടും ചെയ്യകൊടുത്തോം, അഞ്ചുവണ്ണ ഉടയെ ഇസ്സുപ്പ ഇറപ്പാനുക്കും, ഇവൻസന്തതി ആൺമക്കൾക്കും പെൺമക്കൾക്കും, ഇവൻമരുമക്കൾക്കും, പെൺമക്കളെ

ക്കൊണ്ട മന്മക്കൾക്കും സന്തതിപ്പിരകിരിഗി, ഉലകം ചന്തിരനും ഉള്ളളവും അഞ്ചുവണ്ണം സന്തതിപ്പിരകിരിതി. ശ്രീ.

ഇപ്പരി അറിവേൻ വേണാട്ടുടെയ കോവരത്തന മാത്താണ്ഡൻ. ഇപ്പരി അറിവേൻ വെൺപലിനാട്ടുടെയ കോതൈ ചിരികണ്ടൻ. ഇപ്പരി അറിവേൻ ഏറനാട്ടുടെയ മാനവെപല മാനാവിയൻ. ഇപ്പരി അറിവേൻ വള്ളുവനാട്ടുടെയ ഇരായര ചാത്തൻ. ഇപ്പരി അറിവേൻ നെടുമ്പുറെയൂര് നാട്ടുടെയ കോതൈ യിരവി. ഇപ്പരി അറിവേൻ കീഴ്പ്പടൈനായകം ചെയ്യിൻറ മൂര്ക്ക ചാത്തൻ.

വൻറളൈചരി കണ്ടൻ കൻറപ്പാഴനായ കീഴ് വായ്ക്കൂൾപ്പാ എഴുത്തു. (ഒപ്പ്).

ഈ ചെപ്പേടിന്റെ തകടുകൾ രണ്ടും കൊച്ചി യൂദ ന്മാരവിൽ മിസ്റ്റർ എ. ഇ. റാബിയടെപക്കൽ ഇരിക്കുന്നു. ഇതും നസ്രാണികളുടെ തകടുകളും നാനമോനം അക്ഷരത്തില കൊത്തിയിരിക്കുന്നത്. ഡോക്ടർ ബുക്കാനാൻ ഈ ചെപ്പേടിന്റെ പ്രതിരൂപവും ചെമ്പുതകടുകളിൽ കൊത്തിച്ചുകൊണ്ടുപോയി.

പരിഭാഷ.

സ്വസ്തി, ശ്രീ. രാജാധിരാജൻ ശ്രീ ഭാസ്കര രവിവമ്മർ തിരുവടി പലനൂറായിരത്താണ്ടും ചെങ്കോൽ നടത്തി വാഴുവരുന്ന ആണ്ടായ രണ്ടാം ആണ്ടിന്നെതിർ മുപ്പത്താറാമാണ്ട്. മുയിരിക്കോട്ടു (കൊടുങ്ങല്ലൂർ) ഇരുന്നരുളിയനാൾ പ്രസാദിച്ചരുളിയ പ്രസാദപത്രമാവിത്.

ഈസ്സുപ്പ് ഇറപ്പാന്ന് അഞ്ചുവണ്ണവും, വന്നിക്കും വനിക്ക ഉള്ള ചുങ്കവും, അഞ്ചുവണ്ണത്തുനിന്നുള്ള അന്തവെ

വും, പകൽവിളക്കും, പാവാടയും, അന്ദോളവും, കുടയും, വടുകപ്പറയും, കാഹളവും,, ഇടുപടിയും, തോരണവും, തോരണവിതാനവും സരവും മററും ഉൾപ്പെട്ട എഴുപത്തിരണ്ടു വിടുപേറും കൂടെ നാം കൊടുത്തിരിക്കുന്നു. ചുങ്കവും തുലാക്കൂലിയും വിട്ടിരിക്കുന്നു.

മാത്രമല്ല, നഗരത്തിലെ കുടികൾ (പ്രജകൾ) രാജാവിനു കൊടുക്കുന്ന കരം ഇവൻ കൊടുക്കേണ്ടാ. എന്നാലും അവർ അനുഭവിക്കുന്നത് അനുഭവിച്ചുകൊള്ളാം. ഇപ്രകാരം വ്യവസ്ഥചെയ്തു ചെപ്പേടുംനാട്ടുകൂടെ, അഞ്ചുവണ്ണത്തിന്റെ ഉടയവനായ ഇസ്സുപ്പ് ഇറപ്പാനും, ഇവന്റെ സന്തതി ആൺമക്കൾക്കും പെണ്മക്കൾക്കും, ഇവന്റെ മരുമക്കൾക്കും (അനന്തരവർ), പെണ്മക്കളെ വിവാഹം ചെയ്ത മരുമക്കൾക്കും (ജാമാതാക്കൾ)—സന്തതിക്കും പ്രകൃതിക്കും—ഭൂലോകവും ചന്ദ്രനും ഉള്ള കാലത്തേക്ക് അഞ്ചുവണ്ണം നാം കൊടുത്തിരിക്കുന്നു. ശ്രീ.

ഇപ്രകാരം വേണാട്ടുടയ ഗോവർദ്ധനമാർത്താണ്ഡനായ ഞാൻ അറിയുന്നു. ഇപ്രകാരം വെൺപലനാട്ടുടയ കോതശ്രീകണ്ടനായ ഞാൻ അറിയുന്നു. ഇപ്രകാരം ഏറനാട്ടുടയ മാനവേപാല മാനവിയനായ ഞാൻ അറിയുന്നു. ഇപ്രകാരം വള്ളുവനാട്ടുടയ രായിരൻ ചാത്തൻ ആയ ഞാൻ അറിയുന്നു. ഇപ്രകാരം നെടുമ്പുറനാട്ടുടയ കോത ഇരവിയായ ഞാൻ അറിയുന്നു. ഇപ്രകാരം കീഴ്പ്പടനായകനായ മൂർക്കൻ ചാത്തൻ എന്ന ഞാൻ അറിയുന്നു.

വൻതളശ്ശേരി കണ്ടൻ കുന്നപ്പോഴനായ കീഴ്ക്കുമസ്സന്റെ കയ്യട. (ഒപ്പ്)

—:o:—

അദ്ധ്യായം ൫.

൱൨ പദവികൾ.

മലങ്കര നസ്രാണികൾക്കു ചേരമാൻപെരുമാൾ തമ്പുരാൻ എഴുപത്തിരണ്ടു പദവികൾ കൊടുത്തിട്ടുണ്ടെന്ന് ഐതിഹ്യമുണ്ട്. തിരുവിതാംകോടിന്റെ തെക്കെ പ്രാന്തിയിൽ റീരിയാൻപണ്ടാരങ്ങളും വടക്കെ തിരുവിതാംകൂറും (അഥവാ പാണൻ) ഈ പദവികളെ നിർവ്വഹിക്കുന്ന പാട്ടും ഗദ്യവും നസ്രാണിമാപ്പിളമാരുടെ വീടുകളിൽ ഇന്നും ചെന്നു ചൊല്ലി, മൻപിനാലെ നടന്നു പതിവുള്ള നെല്ലും പണവും മററനുഭോഗങ്ങളും പററുന്നുണ്ട്. നസ്രാണികളുടെ കല്യാണസദ്യക്ക് വിളമ്പുകാരുടെ ഉണ്ണുകഴിഞ്ഞാൽ ഉടൻ തന്നെ ഈ പാണനാണ് ഇലയിടേണ്ടത്. വീട്ടുകാർക്കും ഇവനുക്കും ഒക്കെ പിന്നെയെ ഉണ്ണുകയുള്ളൂ.

പദവികൾ എഴുപത്തിരണ്ടും ഏതെല്ലാം എന്നു നിർണ്ണയിക്കുന്നതു കുറെ വിഷമമത്രെ. മുൻ വിവരിച്ച ചെപ്പേടുകളിൽ മിക്കതെല്ലാം പറഞ്ഞിട്ടുണ്ട്. പാണനാരുടെയും പണ്ടാരങ്ങളുടെയും ഗദ്യപദ്യങ്ങളാൽ ആരറിയേണ്ടതെല്ലാം ഉണ്ടുതാനും. മണിഗ്രാമക്കാർക്ക് "മങ്കല്യത്തുക ആനെനോമൽ മണ്ണിനിന് മുതലാക എഴുപത്തിരണ്ടു വീടുപേറും വച്ചുകൊടുത്തോം" എന്നു തരിസാപ്പള്ളിയുടെ രണ്ടാം ചെപ്പേടിൽ കാണുന്നു. ക്നായിത്തൊമ്മന്റെ ചെപ്പേടിൽ എന്തു പറഞ്ഞിരിക്കുന്നു എന്നു ശരിയായി കണ്ടുപിടിച്ചേ സൂക്ഷ്മമായി അറിയാവൂ. യൂദന്മാരുടെ ചെപ്പേടിൽ "ഇസ്സുപ്പു ഇറപ്പാനുക്കു ....എഴുപത്തിരണ്ടു വീടുപേറും കൂടെ കൊടുത്തോം" എന്നു കാണുന്നതുകൊണ്ട്

അയാൾക്കും എഴുപത്തിരണ്ടു പദവികൾ ഉണ്ടായിരുന്നു എന്നൂഹിക്കാം.

ചെപ്പേടുകളിൽ പേരുപറഞ്ഞിട്ടുള്ളവയെ ഇവിടെ എടുത്തെഴുതാം.

1. പെരുമാളുടെ സ്വന്തം പേര്, (ക്നാ. ചെ.) (3) ഇങ്ങനെ രാജാക്കന്മാരും മററും സ്വന്തംപേര് ചേർത്തു സ്ഥാനങ്ങൾ കൊടുക്കുക പണ്ടു പതിവായിരുന്നു. ഇ. ചെ. യിൽ ചേരമാൻ ലോകപ്പെരുഞ്ചെട്ടി എന്നും ചേരമാൻ ലോകപ്പെരുന്തട്ടാൻ എന്നും കാണുന്നത് ഈ തരം രണ്ടു സ്ഥാനപ്പേരുകളാണ്. ചേരമാൻപെരുമാളുടെ ലോകപ്പെരുഞ്ചെട്ടി, ലോകപ്പെരുന്തട്ടാൻ എന്നർത്ഥം. ലോകപ്പെരുഞ്ചെട്ടി, ലോകൈക (മഹാ) ശ്രേഷ്ഠി, ലോകത്തിലുള്ള ത്രിലക്കും പെരിയ ചെട്ടി. ശ്രീവല്ലഭപ്പെരുമ്പണിക്കൻ, ചെമ്പിയൻതമിഴ്വേൾ, പല്ലവൻ ബ്രഹ്മാധിരാജൻ മുതലായ പഴയ സ്ഥാനപ്പേരുകളും കാൺക.

Cocurangon Cananeo എന്നത് കോച്ചുരാകാൻ കാനായൻ എന്ന് ഈ ഗ്രന്ഥത്തിൽ തർജ്ജമചെയ്തിരിക്കുന്നു. ഈ സ്ഥാനപ്പേരുതന്നെയാണ് ഇരവി കൊർത്തനും കാണുന്നത് എന്നു വിചാരിക്കാം. കനായിത്തൊമ്മന്റെ പിൻവാഴ്ചക്കാരൻ എന്ന നിലയിൽ ആയിരിക്കാം ഇരവികൊർത്തൻ ആ സ്ഥാനം എടുത്തത്. ക്നായിത്തൊമ്മൻ, കാനായിത്തൊമ്മാ, തൊമ്മൻ കിനാൻ എന്നിങ്ങനെയാണ് പഴയ നാമധേയരൂപങ്ങൾ. ഇവയ്ക്ക് തൊമ്മൻ പെരുഞ്ചെട്ടി എന്നർത്ഥമായിരിക്കാം.

---

(3) ക്നാ. ചെ.—ക്നായിത്തൊമ്മന്റെ ചെപ്പേട്. ത. ചെ. 2—തരിസാപ്പള്ളിയുടെ രണ്ടാം ചെപ്പേട്. ഇ. ചെ.—ഇരവി കൊർത്തന്റെ ചെപ്പേട്. യൂ. ചെ.—യൂദന്മാരുടെ ചെപ്പേട്.

സുറിയാനിയിൽ (4) കാനോധാതുവിന് സമ്പാദിക്ക, വാങ്ങിക്ക എന്നൎത്ഥമുണ്ടു. കോന്തായാ, കാനോയോ എന്നിവയ്ക്കു് സമ്പാദിക്കുന്നവൻ, വാങ്ങുന്നവൻ എന്നൎത്ഥം. ഇവയായിരിക്കാം മലയാളത്തിൽ ക്നായി, കനാ, കിനാൻ എന്നിങ്ങനെ മാറി വന്നിരിക്കുന്നതു്.

(2) എഴുവിധം വാദ്യങ്ങൾ, (ക്നാ. പൈ.) പഞ്ചവാദ്യങ്ങളായ വീണ, തമില, പിമാഞ്ചി, കൈത്താളം, കാഹളം എന്നിവയും ശംഖും വടക്കുപ്പുറവും ചേൎന്നായിരിക്കാം ഏഴ്. ഒടുവിലത്തെ രണ്ടും ഇ. പൈ. യിലും വടക്കുപ്പുറ യു. പൈ. യിലും കാണുന്നു. പാഠഭേദികകാൺക.

(3) പല്ലക്ക്, (ക്നാ. പൈ.). ദൈഎന്തോളം എന്ന് ഇ. പൈ. യിലും, അന്തോളകം എന്നു യു. പൈ. യിലും കാണുന്നു. പള്ളിയാന്തോല് എന്നു തിരുവനന്തപുരത്തു പറയാറുണ്ടു്.

(4) കാവ, (ക്നാ. പൈ.). മററു പൈപ്പാടുകളിലില്ല. കരവ എന്ന പാഠം മന്നിപ്പൈപലയിലുണ്ടു്. കൻറക്കാര, കരക്കാവക്കുമ്പു എന്നും തമിഴ്പാഠങ്ങൾ.

(5) Dignity, സ്ഥാനമാനം, (ക്നാ. പൈ.). ഇതു് മാപ്പിള്ള എന്നസ്ഥാനപ്പേരായിരിക്കാം.

(6) പരവതാനി, (ക്നാ. പൈ.). ഇ. പൈ. യിലെ വിളാവാടയും ഇതായിരിക്കാം. വിശ്രാവിന്, മംഗലച്ചടങ്ങിന്, ഉപയോഗിക്കുന്ന തുകിലാണ് വിരിവാട. നസ്രാണിമാപ്പിളമാരുടെ കല്യാണത്തിന് പ്രമാണികൾക്ക പാമയും കരിമ്പടവും ഇട്ടിരിക്കാൻ അധികാരമുണ്ടു. പൈ

---

(1) ഈ ഗ്രന്ഥത്തിലുള്ള സുറിയാനിവാക്കുകളുടെ വിഷയത്തിൽ ബ്രഹ്മശ്രീ വടകര സ്കറിയാക്കത്തനാർ, ബി. എ., അവർകൾക്കു ഞാൻ കടപ്പെട്ടിരിക്കുന്നു.

ഭ്പ്പട്ടകളിലെ പരവതാനിയ്ക്കും വിശാവാദയ്ക്കും പകരം ഇ
ന്ന വെണ്മയും കരിമ്പടവും നടപ്പായിരിക്കുന്നു എന്നു വ്
ച്ചാരിക്കാം.

(7) To use sandals, ചെരിപ്പടി, (ക. നാ. ചെ.). അ
ർത്ഥം സ്പഷ്ടം.

(8) To erect a pandal, പന്തൽ (ക. നാ. ചെ.). ഇ
തു കെട്ടുകല്യാണത്തിനിടുന്ന പന്തലോ അതിനകത്തു പെ
ണ്ണിനും ചെറുക്കനും ഉണ്ടാക്കുന്ന മണക്കോലമോ ആയിരി
ക്കാം.

(9) ആനമേൽ യാത്ര, (ക. നാ. ചെ.).

(10) ആനമേൽ മണ്ണുനീർ, (ത. ചെ. മ.). കെട്ടുക
ല്യാണത്തിന് ആനപ്പുറത്തു മണ്ണീർ കോരിക്കൊണ്ടുവരാം.

(11) പാവനത്താങ്ക്, (ഇ. ചെ.) വേനത്തിനു ചുറവും
രക്ഷയ്ക്കായി കെട്ടിക്കുന്ന മതിൽ ആയിരിക്കാം. പവനി
ത്താങ്ക് എന്ന പാഠമാണെങ്കിൽ പവനിക്ക് (പ്രയാണത്തി
ന്) വേണ്ട താങ്ങ്, അതായത് നാകമ്പരികാവൽക്കാർ
എന്നർത്ഥം വരും.

(12) കട്ടുവളഞ്ചിയം, (ഇ. ചെ.). ഇതു കള്ള
വാണിജ്യം തന്നെ ആയിരിക്കാം പാണന്മാരുടെ പാട്ടി
ലെ മക്കത്തുകപ്പൽ എന്ന പദവി.

(13) വളഞ്ചിയത്തെ തനിച്ചെട്ട്, (ഇ. ചെ.). ക
ച്ചവടത്തിന്റെ തനിക്കുത്തക, monopoly.

(14) മുൻചെല്ല് (ഇ. ചെ.). 'പോയിപ്പോയി,
ഓ, പോയി' എന്ന മെത്രാന്മാരുടെ എഴുന്നള്ളത്തിനു
മുമ്പ് ഒരു കൂട്ടർ കൈകൊട്ടു വിളിച്ചു നിന്ന് 'ഓപ്പോ
യി' വിളിക്കാറുണ്ട്. ഇതായിരിക്കും മുൻചൊല്ല്. പോ

വിൻ പോവിൻ എന്നു വഴിമുറവഴിയാണ് ഇവർ ചെയ്യുന്നത്. ഇത് നമ്പൂതിരിമാൎക്കുമററും ഹോയി എന്നായിട്ടുണ്ട്.

(15) മുന്നട, (ഇ. ചെ) മുൻനടക്കുന്നവർ, നടയും നടത്തും എന്നു പാട്ടുകളിൽ. എഴുന്നള്ളത്തിൽ നടനടായോ നട, ആ, നട' എന്നു പറഞ്ഞുകൊണ്ട് ഘോഷയാത്ര ക്രമത്തിനു മുൻപോട്ടു നടത്തുന്ന ഒരു കൃത്യം ഉണ്ട്. നടനടാട്ടുകാരാണ് ഇവർ.

(ഇ. ചെ. യിലെ ശംഖം വട്ടകപ്പുറവും മുൻപു പറഞ്ഞു.)

(16) പകൽവിളക്ക് (ഇ. ചെ.). എഴുന്നള്ളത്തിനു പകലും 'വെച്ചുവിരിച്ച നടവിളക്കു കൊളുത്താറുണ്ട്.

(17) പാവാട, (ഇ. ചെ.). ഇതു ൪ പാവാടയാണ്. പാവിട്ടിനടന്നുപോകുന്നതിനു വഴിയിൽ വിരിക്കുന്ന നെടിയ കച്ചമുറി അല്ലെങ്കിൽ പുടവ.

(18) കൊററക്കുട, (ഇ. ചെ). കൊററക്കുട = രാജാവിന്റെ കുട. മുത്തുക്കുട, മഴവട്ടക്കുട എന്നീ കുടകൾ ഇന്നും നമ്പ്യാന്മാരും ഉപയോഗിക്കുന്നു.

(19) ഇടപ്പടി (ഇ ചെ.). പഴയകാലത്തു ശത്രുക്കൾ മററും കടന്നുകേറാതിരിപ്പാൻ പടിവാതില്ക്കൽ ഒരു ഇടകഴിയുണ്ടാക്കുക പതിവായിരുന്നു. വീട്ടുകാൎക്കും വിരുന്നുകാൎക്കും ഇന്നത്തെപ്പോലെ വേലക്കാൎക്കും നാൽക്കാലികൾക്കും മററും പോകുന്നതിനും വരുന്നതിനും ആ ഇടകഴിക്കരികെ ഒരു പടി ഇരിക്കും. ഇതാണ് ഇടപ്പടി എന്നു തോന്നുന്നു. ഈ പടിയുടെ വക്കിൽ, പരിപാലിക്കാൻ അവിടെയുള്ള പുറപ്പാടിപ്പുര.

(20) തോരണം, (ഇ. ചെ.) പടിപ്പുര എന്നു വിചാരിക്കാം. "തോരണേസ്ത്രീ ബഹിർദ്വാരം" എന്ന് അമരം. പടിപ്പുരയിൽ കാവൽക്കാർക്കു നിൽക്കാനും, വീട്ടിൽ കേററി സല്ക്കരിക്കാൻ നിവൃത്തിയില്ലാത്ത ജാതിയിൽ പെട്ട അതിഥികൾക്കു വെച്ചുണ്ണാനും കിടക്കുവാനും മററും വേണ്ടുന്ന മുറികൾ ഉണ്ടായിരിക്കും. താണ ജാതിക്കാർ പടിപ്പുരയിൽ ചെന്നുനിന്നാണ് സങ്കടം ഉണർത്തിക്കേണ്ടത്. കച്ചേരിയിൽ പോകുന്നതിനു മുൻപൊക്കെ മണ്ടപത്തുംവാതുക്കൽ പോക എന്നായിരുന്നു പറഞ്ഞിരുന്നത്. ഇവിടെയും മണ്ഡപത്തിന്റെ വാതില്ക്കൽവരെയെ ചെല്ലാവു എന്നാണു വെപ്പ്. "കോലോത്തുംപടിക്കൽ പോയി കാര്യംകൊണ്ടിരിപ്പറകയും" പതിവുണ്ടായിരുന്നു. പടിപ്പുര പണ്ട് ഒരു പ്രധാന സ്ഥലംതന്നെയായിരുന്നു.

(21) അടിമ, (ഇ. ചെ.) വാണിയരെയും എണ്ണക്കമ്മാളരെയും അടിമപ്പെടുത്തു എന്നാണ് ഇ. ചെ. യിൽ പറഞ്ഞിരിക്കുന്നത്. ഓണം, വിഷു, നോൻപുവീടുക മുതലായ വിശേഷസന്ദർഭങ്ങളിൽ കമ്മാളരും ഈഴവരും മററും നസ്രാണിവീടുകളിൽ പിച്ചാത്തി, അരിയുണ്ട മുതലായവ കൊണ്ടു കാഴ്ചവെച്ചുവരുന്നുണ്ട്. ഈ ആശ്രിതഭാവമാണ് അടിമ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്.

നസ്രാണികളുടെ ഐതിഹ്യപ്രകാരം അവർക്കു പരിചയപ്പെട്ടവരായി പതിനേഴു പരിഷകൾ ഉണ്ട്. തൻമൂലം അവരെ താണജാതികൾ പതിനേഴുപരിഷ മാപ്ലോര്, പതിനേഴരിഷയച്ചന്മാര് എന്നിങ്ങനെ വിളിക്കാറുണ്ട്.

പോരത്തിൽ പാക്കനാർ തിമിശേർ തിരുവെങ്കൻ തിറമെറം വില്ലൻ തച്ചൻ ഇരവിതണ്ടാൻ ശമയത്തിൽ വിളക്കിത്തലയൻ എട്ടാംകം വാണിഭൻതാനും ധനംചെ റം ചെട്ടിനാലും ശംകരൻ പൊഷമാണ്ട കരുകളും വിശ

കമ്മൻപൊയി ഒരംഴനാടുവാണകാലം വന്തനാം ചെക വന്നം ഉഴിയിൽ ഉറവാരൻ മുതലായി 17 ജാതിക്കാരെ മാമ്മോദിസാ ചമയക്കാർക്ക് വിഴയക്കാരായ് കൊടുത്തു. ഈ പതിനെഴജാതിക്കാരിൽ ആരൊട എങ്കിലും മാടമ്പിമാര ആകട്ടെ എടപ്രഭുക്കന്മാര ആകട്ടെ ക്ഷേത്രശക്തി ആകട്ടെ ഗ്രാമശക്തി ആകട്ടെ ഏതെങ്കിലും ഒരു ഉപദ്രവം ചെയ്താൽ ഈ പതിനെഴ ജാതിയും ക്രിസ്ത്യാനികളോട കൂടെ ഒരു നിലയായി നിന്നുകൊണ്ട ചെയ്യപ്പെട്ട കുററത്തിനു തക്കതിൻവണ്ണം പ്രായശ്ചിത്തം കെട്ടിവയ്പിക്ക.........പതിവായിരുന്നു."—ഇട്ടൂപ്പു റൈട്ടരുടെ 'ചരിത്രം' പു. 92.

ചെങ്ങന്നൂർ ഇടവങ്കാട്ടു മുറിയിൽ ഗോവിന്ദൻ ആശാരിയുടെ ഗ്രന്ഥപ്പെട്ടിയിൽ നിന്നു ചരിത്രപടുവായ മാവേലിക്കര ചിത്രമെഴുത്തു മിസ്റ്റർ കെ. എം. വറുഗീസു കണ്ടുപിടിച്ച ഒരു താളിയോലഗ്രന്ഥത്തിൽ ഈ ചരിത്രകളുടെ പേര പദ്യത്തിൽ കാണുന്നു. ഇങ്ങനെ—

"പാരതിൽ പാക്കനാർ മുൻപാകിയ വിഷയത്തിൻ പേർ:| പാരതിൽ പാക്കനാരും, തിരുചേർ തിരുവരങ്കൻ,| ചേന്തിതോരിവെിറണ്ടാൻ, താറന്തെഴും വില്ലൻ, തച്ചൻ,| അമ്പട്ടൻ, വിളക്കിത്തലവൻ, വിഷമാണ്ടി, കരക്കൻതാനും,| (ധനംപെറും)ചെട്ടിനാലും, വിശപകമ്മൻ പോയിഴ| നാടുവാണവന്ന (കാലം) കൂടെ വന്തചേക വന്നം,| പിന്നെ മാമ്മോദീസായിൽ പിറന്തുള്ള ചമയക്കാരം,| ഉതഴിയിൽ ഉറവാരൻ (ചേർന്നു)ടനിവ്വു പതിനേഴാകും. കുറവില്ലാതിവരെയെല്ലാം കൂറൊടുപരിപാലിപ്പാൻ| ഉറവൻ മണിഗ്രാമത്തേ(ക്കടമയാൽ) പരിശംവെള്ളു"

മ. മനോരമ, 1924-4-8.

(ഓലയിൽ ഉള്ളതു് ഞങ്ങൾ മിക്കതും സ്വല്പം വ്യത്യാസപ്പെടുത്തിയും ബ്രാക്കറ്റിൽ കാണുന്നതു കൂട്ടിച്ചേർത്തും ആണ് ഇവിടെ വിസ്തരീതിപ്പിച്ചിരിക്കുന്നതു്.)

പതിനേഴു പരിഷ എന്നതു് പതിനെട്ടുപരിഷ എന്നാകുവാൻ കുറേ വിഷമം. അതുകൊണ്ടു് ആ പതിനെൺപരിഷ എന്നതിന്റെ തത്സമം ആണെന്നു വിചാരിക്കാമോ? തമിഴിൽ പതിനെൺ കുടിമ എന്നു പറയാറുണ്ടു്. അവ താഴെ കാൺക.

ഓടാവി	തച്ചർ	മൂവാണിപർ
കന്നാർ	തട്ടാർ	,,
കയവർ	നാവിതർ	,,
കൊല്ലർ	പള്ളർ	വണ്ണാർ
കോവിയർ	പാണർ	വലൈയർ
ചിവിയർ	മാലൈക്കാരർ	വെട്ടിയാൻ

മലയാളത്തെ പുലയർ 'പത്തില്ലം പതിനെൺ കുടി ഉണ്ടെന്നാണു പറഞ്ഞുവരുന്നതു്. പതിനെട്ടു നാട്ടാർ, പതിനെട്ടർ, പതിനെണ്മർ, പതിനെട്ടിലത്തുത്തിൽ വള്ളുഞ്ചിയർ എന്നിങ്ങനെ പുരാതന കേരളീയ രേഖകളിൽ പറഞ്ഞിരിക്കുന്നതു് ഈ പതിനെൺ കുടികളെപ്പറ്റിയല്ല.

ഈ പതിനെഴുവരെയും ഇവിടെയുള്ള പേരുകൊണ്ടു മാത്രം തിരിച്ചുപറവാൻ പ്രയാസം. പാക്കനാർ പറയനാമണോ? തിരുവരങ്കൻ, പാണൻ. തണ്ടാൻ മരംവെട്ടുന്നവൻ എന്നു ഗുണ്ടർട്ടു പറയുന്നു. വില്ലൻ, വില്ലുരപ്പായമിക്കാം. തച്ചൻ, ആശാരി. അമ്പട്ടൻ, ക്ഷുരകജാതിയിൽ താണ ഒരു വർഗ്ഗം. വിളക്കിത്തലയൻ, മേല്പട ഉയർന്ന വർഗ്ഗം. (നസ്രാണി മണവാളന്മാർക്കു മകളെപ്പോഴുതു കൊമ്മാൻ-നമ്പൂതിരി-അമ്പട്ടൻ മൂപ്പു ചോതി

കുന്നത് പതിനെമ്പരിഷയച്ചന്മാർ എന്നു വിളിച്ചും, വിളക്കിത്തലയൻ മൂപ്പു ചൊാദിക്കുന്നത് പതിനെമ്പരിഷമാമ്മോർ എന്നു വിളിച്ചും ആണ്.) വിഷമാണ്ടി, വിരകരിയാൻ (വിരവടിയാൻ) പണ്ടാരം ആയിരിക്കാം. വിശകർമ്മൻ, ആശാരി. ചെകവൻ, ഈഴവൻ, വാണിഭൻ, വാണിയൻ, എണ്ണയാട്ടി വിൽക്കുന്ന ജാതി. നാങ്കുവണ്ണപ്പരിഷകൾ എന്നൊന്നും കയ്യൻ പാതിരിയുടെ 'ചരിത്ര'ത്തിലുണ്ട്.

നസ്രാണി മാപ്പിളമാൎക്ക തിണ്ടൽ തൊടിലാചാരം ഉണ്ടായിരുന്നെങ്കിലും, അവൎക്ക വിധേയന്മാരായ ഈ പതിനേഴു താണജാതികളെയും നാടമ്പിമാരുടെയും മററും ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കുന്നത് അവരുടെ ധൎമ്മമായി അവർ കരുതിയിരുന്നു. അധഃകൃതവൎഗ്ഗങ്ങളുടെ കാൎയ്യത്തിൽ ക്രിസ്ത്യാനികൾ ശ്രദ്ധപതിച്ചു തുടങ്ങീട്ടു കുറെ കാലമേ ആയുള്ളല്ലൊ. നസ്രാണികളും പതിനെഴു പരിഷകളും ഒന്നിച്ചു് കാൎയ്യം കേട്ടു കേൾപ്പിപ്പാൻ കൂടുന്നതിനു 'വിഷയം കൂടുക എന്നു പറഞ്ഞുവന്നു.

നസ്രാണികളുടെ ചെപ്പേടുകളിൽ നിന്ന് സാക്ഷാൽ പദവികളായി ഈ 21 എണ്ണമേ കിട്ടുന്നുള്ളു. ശേഷമുള്ളവയുടെ പേർ എടുത്തു പറയാതെ ക്നാ. ചെ. യിൽ 'all the honours' എന്നും; ന- ചെ- 2-ൽ "മതലാക 72 വിടൊം" എന്നും, ഇ- ചെ- യിൽ "വെറചൊരം" എന്നും മൊത്തമായി നിൎദ്ദേശിക്കമാത്രം ചെയ്തിരിക്കുന്നു. യൂ. ചെ. യിലും എഴുപത്തിരണ്ട് വിടുപേറം" എന്നു സൂചിപ്പിക്കയേ ചെയ്തിട്ടുള്ളൂ.

നസ്രാണികളുടെ എഴുപത്തിരണ്ടും ജൂദന്മാരുടെ എഴുപത്തിരണ്ടും ഒന്നാണെന്നു വേണമെന്നു വിചാരിക്കാൻ. അ

ട്ടേറം, യു. പൈ.യിൽ നിന്നു രണ്ടു പദവികളുടെ പേരുകൂടെ കിട്ടുന്നു.

(22) തോരണവിതാനം, മാവിലക്കോർമ്പൽകൊണ്ടും മററും എഴുന്നള്ളത്തിനു വഴി വിതാനിക്ക.

(23) സരം, മാല, സ്വർണ്ണസ്തരപ്പണി (ശരപ്പൊളി)മാല, കണ്ഠസരം (കണ്ഠസ്സരം), മൌക്തികസരം എന്നിങ്ങനെയുള്ളവ. ശരപ്പളിമാല മുതലായുള്ളതും രാജാക്കന്മാർസമ്മാനമായി കൊടുക്കാറുണ്ട്. പാണന്റെ പാട്ടുകളിലും ഗദ്യങ്ങളിലും പണമാല, പണി (ട) മാല, നിറ (മുപ്പ) മാല, പഞ്ചവടം, ഉക്കഴുത്ത് എന്നീ കണ്ഠാഭരണങ്ങളുടെ പേരുകളുണ്ട്.

ഇവ ഇരുപത്തുമൂന്നു പോകെ ശേഷമുള്ള പദവികൾ എന്തെല്ലാമെന്നു കണ്ടുപിടിപ്പാൻ പ്രയാസമാണ്. വിരുടിയാൻ പാട്ടുകളിലും മററും കൂടുവലുതെയെന്നും പറയുന്നുണ്ട്. അവയെല്ലാം സാക്ഷാൽ പദവികൾ ആണെന്നു തോന്നുന്നില്ല. ചെപ്പേടുകളിൽ കാണുന്ന തണ്ടു, ചങ്ക്, അഞ്ചുവകക്കാരും മുതലായവയെ പദവികളുടെ കൂട്ടത്തിൽ ചേർക്കാമോ എന്നു സംശയമാണുതാനും.

പാശ്ചാത്യവിദ്യാഭ്യാസവും തന്മൂലമുള്ള സംസ്കാരവും പരിഷ്കാരവും ഈ നാട്ടിൽ പ്രബലപ്പെട്ടിരിക്കുന്ന ഈ കാലത്ത് മേല്പറഞ്ഞ തോന്താളവും മുത്തുക്കുടയും മററും പദവികളാണെന്നോ, രാജാക്കന്മാരിൽ നിന്നു വിശേഷാൽ കല്പിച്ചുകിട്ടേണ്ടവയാണെന്നോ അധികംപേർക്കും തോന്നുകയില്ല. എന്നാൽ മുൻകാലത്ത് അങ്ങനെയല്ലായിരുന്നു. മുട്ടുമറച്ചു മുണ്ടുടുക്കുന്നതിനുപോലും അന്ന് രാജാവിനോ മറേറാ അടിയറവെച്ച് അനുവാദം വാങ്ങിക്കേണ്ടിയിരുന്നു.

താഴെ ചേർത്തിരിക്കുന്ന തിരുവെഴുത്തു വിളംബരാംശത്തിൽ ഈ പുരാതന നടപടിക്ക് ഒരു ദൃഷ്ടാന്തം ഉണ്ട്.

“പത്മനാഭസേവിനി വഞ്ചിധർമ്മവർദ്ധിനി രാജരാജേശ്വരി റാണി പാർവ്വതീബായി മഹാരാജാ അവർകൾ സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം എന്തെന്നാൽ—

ഈ രാജ്യത്ത ശൂദ്രജാതിയിലും ഈഴവര ചാന്നാര മുക്കവര ഉൾപ്പെട്ട ജാതിയിലും ഉള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും പൊന്നുകൊണ്ടും വെള്ളികൊണ്ടും ഓരൊ ആഭരണങ്ങൾ ഉണ്ടാക്കിയിടണമെന്നു മനസ്സുണ്ടായാൽ മടക്ക വിംശങ്ങല പൊന്നുംതക്ക ഈഴവര ഉൾപ്പെട്ട ആളുകൾക്ക കടുക്കൻ മുതലായിട്ടു പലവക ആഭരണങ്ങൾക്കും പണ്ടാരവകയിൽ ബോധിപ്പിച്ചു അടിയറയും തീർന്ന ഉത്തരവും വാങ്ങിച്ചു തീർപ്പിച്ചു ഇട്ടുകൊള്ളത്തക്കവണ്ണം ചട്ടം വച്ചിരിക്കുന്നതിനാൽ ഇപ്പോൾ വിളംബരം പ്രസിദ്ധപ്പെടുത്തുന്നത എന്തെന്നാൽ * * * ആയ്തു ക്കെയും മേലുള്ളതിന അടിയറ തീരാതെയും പണ്ടാരവകയിൽ ബോധിപ്പിക്കാതെയും തീർപ്പിച്ചു ഇട്ടുകൊള്ളത്തക്കവണ്ണം നാം ഉത്തരവുകൊടുത്തിരിക്കകൊണ്ടു മേലെഴുതിയപ്രകാരം ഉള്ള ആഭരണങ്ങൾ അവരവരുടെ മനസ്സുംപ്രകാരം തീർപ്പിച്ചു ഇട്ടുകൊള്ളുകയും വേണം എന്ന ൯൯൯-ാമാണ്ടു മെടമാസം ൫ൻൠ.”

ഇങ്ങനെയിരുന്ന പഴയ കാലത്ത് ആഭരണങ്ങളണിവാനും മറ്റും നസ്രാണികൾക്കു വാദം കിട്ടിയത് ഒരു വലിയ പദവിതന്നെ, സംശയമില്ല. ഈക്കാലത്തെ പതിവനുസരിച്ച് പെരുമാളിനു വേണ്ട അടിയറ. തീർത്താണ് ക്നായിത്തൊമ്മൻ ഈ പദവികൾ എന്നെന്നേക്കുമായി തനിക്കും തന്റെ വർഗ്ഗക്കാർക്കും സമ്പാദിച്ചത്

ഈ പദവികൾ മെത്രാന്മാരും നസ്രാണി മണവാളന്മാരും മണവാട്ടിമാരും ആണ് മുഖ്യമായി ഉപയോഗിച്ചുപോന്നത്. പ്രമാണമായി ചില 'പുരാതന പാട്ടുക'ളുടെ അംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

(1) "അമ്പോട കന്നിയും കന്നിതൻ ബാലരും
മുമ്പിനാൽ വേണ്ടുന്നതെല്ലാം ചമച്ചിട്ട്,
നല്ലോരുമാല കടകങ്ങൾ മോതിരം
നന്മയേറും മണിക്കാതിലമോതിരം
അല്ലികൾ മിന്നിവിളങ്ങുന്ന പൊൻമണി
അയ്യമ്പ പത്തിലും പൊന്മോതിരങ്ങളും
അംഗിയേറുന്നോരു പൊന്നരഞ്ഞാണവും
എന്നിവയെല്ലാമലങ്കരിച്ചിട്ടുടൻ,
മഞ്ഞപ്പളുങ്കിനാൽ നിറമൊത്ത കാഞ്ചനം
വെണ്മയിൽ വേഗമണിഞ്ഞിതു നാരിമാർ.
വല്ലസ്സിന്മേൽ പൊതിഞ്ഞുള്ള കസവാലേ
മികവുള്ള കുപ്പായമിട്ടു പുരുഷന്മാർ.
ആനന്ദത്തോടെ ചമഞ്ഞൊരിവണ്ണം,
ആനക്കഴുത്തേറി ബാലപ്പുരുഷനും.
മേനിക്ക നല്ല വിളക്കു പിടിപ്പിച്ചു,
വേണ്ടുന്ന വാദ്യങ്ങളൊക്കെ മുഴക്കിച്ചു.
പിന്നിൽ മുത്തുക്കുട ചൂടിച്ചതന്നേരം,
മാനിച്ചു വെഞ്ചാമരയാലവട്ടവും
താളത്തിൽ വീശിച്ചു ഘോഷത്തോടങ്ങനെ
ആർത്തു നട നട ചൊല്ലി നടന്നുടൻ.
ആനന്ദപ്പെൺകൊടിമാർകൾ കുരവയും
ഒത്തുനടന്നവർ പിന്നാലകമ്പടി
അങ്ങനെ ചെന്നവർ പള്ളിയണഞ്ഞപ്പോൾ
ആനമേൽ നിന്നങ്ങിറങ്ങിയകം പുക്കു.

ആനന്ദത്തോടെ തിരിച്ചവർ വീട്ടിന്ന്;
പെരുവഴി തന്നിൽ നട നട ചൊല്ലുന്നു,
അന്യമ്മ നാരിമാർ കീർവധാനികളും

ഘോഷത്തോടെ വന്നു പന്തൽക്കകം പുക്ക്
ചേലുററ മങ്കയും തന്നെയുമൊന്നിച്ച്
അയ്യോടെ നല്ല മണക്കോലത്തേലേററി."

(൨) "വേന്തൻ മുടികൾ വെച്ചു കാന്തികലർന്നവണ്ണം
പെണ്ണും ചെറുക്കനുമായ് കണ്ണാടിമിന്നും പോലെ
കണ്ണുമെഴുതി കറി അഞ്ജനം കൊണ്ടു തൊട്ടു.
മെല്ലെയിരുവരെയും ആനപ്പുറത്തിരുത്തി
നല്ലതോഴമ്മക്കാർ മുന്നിലകമ്പടിയും
ഒത്തു നന്മകൾ ചൊല്ലി നടന്നിടനേ.
ഏകാന്തപ്പൺകൊടിമാർ വായ്ക്കുരവയുമിട്ടു,
വാദ്യം മേളവും നല്ല കൊട്ടും കുരവകളും.
കന്തമെറിഞ്ഞു നല്ല പന്താട്ടം കാണ്മിനെന്ന്,
എന്തെന്തു കാണേണമെന്നു ചിന്തിച്ചു കാണികളും."

ഇങ്ങനെ മുടിയും വെച്ചു നസ്രാണി മണവാളനും മണവാട്ടിയും ആനക്കഴുത്തേറി ഘോഷയാത്ര ചെയ്യുന്ന സമ്പ്രദായം നിന്നു പോയിട്ടു വളരെ കാലമായി. ഈ ഗ്രന്ഥകാരന്റെ ജ്യേഷ്ഠന്റെ കല്യാണത്തിന് പൊന്മുടി വെച്ചു കണ്ട ഓർമ്മയുണ്ട്. ആനയ്ക്കു പകരം ഇപ്പോൾ മോട്ടോർകാറും മുടിക്കു പകരം ഹാരവും തലപ്പാവും ആയിരിക്കുന്നു.

——:o:——

അദ്ധ്യായം ൧൦.

മണിഗ്രാമക്കാരും തിരുതായ്കളും.

I

മണിഗ്രാമക്കാർ എന്നൊരുവൎഗ്ഗം നായന്മാർ കൊല്ലത്തും കായംകുളത്തും മാവേലിക്കരെയും (പള്ളിക്കൽ) ഉണ്ടു്. അവരുടെ പൂർവന്മാർ ക്രിസ്ത്യാനികളായിരുന്നെന്നും, മാണിക്കവാചകർ എന്നൊരു ക്ഷുദ്രക്കാരൻ തമിഴുനാട്ടിൽ നിന്നു കൊല്ലത്തുവന്നു് അവരെ ഹിന്ദുക്കളാക്കിയെന്നും, അതിനാൽ അവർക്കും സന്തതികൾക്കും മണിഗ്രാമക്കാർ എന്നു പേരുണ്ടായെന്നും അവരുടെ ഇടയിലും നസ്രാണികളുടെ ഇടയിലും മറ്റും പ്രബലമായ ഐതിഹ്യമുണ്ടു്.

ഈ മാണിക്കവാചകർ 'തിരുവാചക' കർത്താവായ ശിവഭക്തനാണോ എന്തോ. ക്ഷുദ്രക്കാരൻ കരക്കേണി കൊല്ലത്തു വന്നതു് ക്രിസ്ത്വാബ്ദം ൩൭൫-ൽ ആണെന്നു് 'കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ' എന്ന ഒരു ഗ്രന്ഥത്തിൽ കാണുന്നു. (മ. മനോരമ, 1922-2-2). ഈ രണ്ടും ശരിയാണെന്നു വിചാരിക്കേണ്ടാ.

മാണിക്യവാചകരോടു ചോദ്യം 116 "കുടുംബക്കാരരെ മാണിക്യവാചകരുടെ നാമം ചൊല്ലി മണിഗ്രാമക്കാരരെന്നും വിളിച്ചുവരുന്നു. മാണിക്യവാചകരുടെ ഗുരുമന്ത്രം കേൾക്കാതെയും ഭസ്മം ധരിക്കാതെയും 64 കുടുംബക്കാരരും ...." ഇവ "പിള്ളകളെ ധരിയായ്കളെന്നും വിളിച്ചുവരുന്നു." (ടി. ഗ്രന്ഥം).

മണിഗ്രാമക്കാർ ഇൻഡ്യയിൽ പല ഭാഗത്തും ഉണ്ടായിരുന്നതായി ലിഖിതങ്ങളിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും അറിയാം. J. R. A. S. for 1913, pp. 337—9 and *ibid.*, 1914-ലും, സയാമിലെ തകൊപ ലിഖിതത്തിൽ നാരായണക്ഷേത്രവും കുളവും രക്ഷിക്കുന്നതിനു മണിഗ്രാമം മുതലായ മൂന്നു സമൂഹക്കാരെ നിയമിച്ചതായി പറഞ്ഞിരിക്കുന്നു. പയ്യന്നൂർ പാട്ടിലും മണിഗ്രാമക്കാരെപ്പററി പറഞ്ഞിട്ടുണ്ട്. ഇങ്ങനെ—

"കില്ലാതെ വീണു നമസ്കരിച്ചാൻ,
നിന്നാണ തമ്മപ്പാ പോകന്നെനെ.
പൊയാൻ വിലക്കിനെൻ എത്തിരയും,
പൊരക്കൊഴിപ്പാൻ സമതാഞ്ഞുതില്ലെപ്പോം.
ചാവാളരെപ്പോലെ നീ അകലപ്പൊവു.
ചങ്ങാതം വെണം പെരികയിപ്പൊം.
കൊവാത വച്ചെട്ടി, അഞ്ചുവണ്ണം-
ക്കൂട്ടം, മണിക്കിരാമത്താർ ൨ക്കരം,
നമ്മളാൽ നാല് നക്കരത്തിലും
നാലരെ ഒക്കൊരുക കടിക്കചെന്നോർ,
നാലർ കടിക്കചെന്നോരെ കൊണ്ടാർ,
ഈന്നാട്ടിൽ പട്ടിണസ്വാമിമക്കൾ
തൊഴർ പതിനാലു വങ്കിരിയം,
തൊല്ലിപ്പാനില്ലാ ഇന്നാട്ടിൽ ആരും
കാലെ (ൽ) പിടിച്ചുഴക്കിലും (ഇവ) ഞാൻ
കച്ചില്പട്ടിൽ വന്നെന്നി ക്കണ്ണൂറങ്ങെൻ

—Madras Journal, 1844, Pt. 2, pp 15, 16.

തൃശ്ശിനാപ്പള്ളിക്കടുത്തുള്ള തിരുവെള്ളറൈ എന്ന സ്ഥലത്തെ ഒരു ലിഖിതത്തിൽ "ഉഖറെയ്യുക്" മണിഗ്രാ

മണ്ണു നാരായണൻ ആച്ചൻ" എന്നു കാണുന്നു ഇവിടെ മണിഗ്രാമം ഒരു ഗ്രാമത്തിൻെറ പേർ. തരിസാപ്പള്ളിയുടെ രണ്ടാം ചെപ്പേടിലും ഇരവികൊർത്തൻെറ ചെപ്പേടിലും മണിഗ്രാമ പദം ഉണ്ടല്ലോ.

തമിഴിൽ മണിക്കച്ചെട്ടി, മണിച്ചെട്ടി, പെരുഞ്ചെട്ടി എന്നിങ്ങനെ പേരുള്ള രത്നവ്യാപാരികളായിരുന്നു മണിഗ്രാമക്കാർ എന്നു തോന്നുന്നു. ഇവരിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഉണ്ടായിരുന്നിരിക്കണം. കൊല്ലത്തെ മണിഗ്രാമക്കാരെ ഹിന്ദുക്കളാക്കിയത് ഒരു തമിഴൻ ഹിന്ദു ആയിരുന്നു എന്നു പറയുന്നതു വാസ്തവമായിരിക്കാം. എന്നാൽ മാണിക്കവാചകർ എന്ന ആ ശിവഭക്തൻെറ കൊല്ലംസന്ദർശനത്തെപ്പററി തമിഴിലെ ഐതിഹ്യങ്ങളിൽ ഒന്നും പറഞ്ഞുകാണുന്നില്ല. മാണിക്കവാചകരുടെ പേരിൽ നിന്നു മണിഗ്രാമക്കാർ എന്ന പേരുണ്ടായി എന്നു പറയുന്നതു ശരിയല്ല.

കൊല്ലത്തെ മണിഗ്രാമക്കാരിൽ ചിലർ (പരേതനായ മഞ്ഞാവി ഗോവിന്ദപ്പിള്ള മുതലായവർ) കപ്പലുടമസ്ഥന്മാരായിരുന്നു. ഇതു് മണിഗ്രാമക്കാരുടെ പഴയ വാണിജ്യവൃത്തിക്കു ലക്ഷ്യമാണെന്നു വിചാരിക്കാം (5). ശവം പെട്ടിയിലാക്കി അടക്കുന്ന സമ്പ്രദായവും കൊല്ലത്തെ മണിഗ്രാമക്കാർക്കു് അടുത്തകാലംവരെ ഉണ്ടായിരുന്നു എന്നു കേൾക്കുന്നു. ഇവർ മുൻപു ക്രിസ്ത്യാനികളായിരുന്നു എന്നതിനു് ഇതു് ഒരു ലക്ഷ്യമല്ലയോ? (ഇവർ പരദേശി

(5) കൊല്ലത്തു കച്ചവടക്കാരായ Gentoos (ഹിന്ദുക്കൾ) ഉണ്ടെന്നു ബാർബോസാ (1516) എഴുതിയിരിക്കുന്നു.

കളായിരുന്നു എന്നു് തരിസാപ്പള്ളിയുടെ രണ്ടാംചെപ്പേടിലെ കൃഷികണനാമസംഖ്യയത്തിൽ നിന്നു് ഈ ഗ്രന്ഥകാരൻ ഉദ്ധരിച്ചുവെച്ചിരിക്കുന്നു തീർച്ചപ്പെടുത്തീട്ടില്ല.)

മണിഗ്രാമക്കാരനെ 'മണി' ഇന്നാരു് എന്നു പറയാറുണ്ടായിരുന്നു. ഇതു മണിച്ചെട്ടി എന്നതിന്റെ ചുരുക്കം ആയിരിക്കാം. മണികളുടെ ഗ്രാമം മണിഗ്രാമം. ഉറൈയൂർ ഒരു മണിഗ്രാമം ഉണ്ടായിരുന്നതായി മുൻപൊരു ലിഖിതത്തിൽ നിന്നു കണ്ടല്ലോ. കൊച്ചിക്കു തെക്കു് ഒരു മണിഗ്രാമം ഉണ്ടായിരുന്നു, പോൎത്തുഗീസു റിക്കാർട്ടുകളിൽ ഇതു Manicorte (മണിഗ്രാമത്തു് എന്നതിന്റെ തത്ഭവമോ?) എന്നായി എന്നു ഗുണ്ടർട്ടിന്റെ നിഘണ്ടു.

ഇരവികൊത്തന്റെ ചെപ്പേടിൽ, വേണാടു്, ഓടനാടു്, ഏറനാടു്, വള്ളുവനാടു് എന്നീ രാജ്യങ്ങളിലെ രാജാക്കന്മാരെ മണിഗ്രാമപട്ടദാനം അറിയുന്നവരായി പറഞ്ഞിരിക്കുന്നു. ഇതു് ഈ ദേശങ്ങളിൽ അക്കാലത്തു മണിഗ്രാമക്കാരായ ക്രിസ്ത്യാനിപ്രജകൾ ഉണ്ടായിരുന്നതുകൊണ്ടായിരിക്കണം. വേണാട്ടും ഓടനാട്ടും മണിഗ്രാമക്കാർ (നായന്മാർ) ഇന്നുണ്ടു്; പയ്യന്നൂർ പാട്ടിന്റെ (6) കാലത്തു് മണിഗ്രാമക്കാർ മലബാറിലുണ്ടായിരുന്നു.

---

(6) ഇതു് 15-16-ാം നൂററാണ്ടിലേതായിരിക്കാം. ഗുണ്ടർട്ടിന്റെ പക്കൽ ഉണ്ടായിരുന്ന ഈ വിശിഷ്ടകൃതിയുടെ കൈയെഴുത്തു പ്രതി എവിടെ? ബ്രിട്ടീഷ് മ്യൂസിയത്തിലില്ലെന്നു ഡോക്ടർ ബാൎണെറും (Barnett), ജർമ്മനിയിൽ ഇല്ലെന്നു ഡോക്ടർ ഹുൾഷും (Hultzsch) എനിക്കെഴുതിട്ടുണ്ടു്. മലയായ്മയിലെ പഴയ കൃതികളുടെ ഉദ്ധാരണവിഷയത്തിൽ കൃതഹസ്തനായ ഉള്ളൂർ മഹാകവി അവർകൾ ഈ കൃതിയെയും നാശത്തിൽ നിന്നു രക്ഷിക്കുമെന്നു വിശ്വസിക്കുന്നു.

കൊല്ലത്തെ മണിഗ്രാമക്കാർ (7) കുറേ കാലം മുമ്പു വരെ കാളീശ്രാപ്പുള്ളിംകെട്ടിമ്മെയ്ച്ചു കൊടുത്തിരുന്നു; പള്ളിക്കിണററിൻ കയറും പാളയും കൊടുക്കയും ചെയ്തിരുന്നു.

10൬6 കുംഭത്തിലെ മലയാള മനോരമയിൽ പത്രാധിപർ വറുഗീസ മാപ്പിള അവർകൾ ഇങ്ങനെ എഴുതിയിരുന്നു. "൧൦൧൮-ാമാണ്ടത്തെ കണ്ടെഴുത്തിൽ ഇവരെ മണിഗ്രാമക്കാരെന്നുള്ള പേർ മാററി ശൂദ്രരായി നടന്നുവരുന്നു. എന്നാൽ ഇവരുടെ പററിൽനിന്നും ഉണക്കലരിയും പൂവും വാങ്ങിക്കാറില്ല."

മാവേലിക്കരെ 'മണിഗ്രാമക്കാരായ മാപ്പിളമാരുണ്ട്. തിരുവനന്തപുരത്തുനിന്നാണ് ഇവർ ഇവിടെ വന്നു പാർത്തത്. എഴുത്തുകുത്തുകളിൽ ഇന്നും ഇവർ പിള്ള ശബ്ദംചേർത്തു പോരുന്നു." (ചിത്രമെഴുത്തു മിസ്റ്റർ വറുഗീസിന്റെ ൧൧൦൨ മീനം ൨൭-ലെ എഴുത്തിൽനിന്ന്.) മാവേലിക്കരെയുള്ള "മണിഗ്രാമക്കാരായ മാപ്പിളമാരുടെ

(7) ഇവരിൽ പ്രധാനിയായ പുത്തേത്തു നൈനാർ അവർകൾക്കു പെരിയ വീട്ടിൽ പടത്തലവൻ, പന്തീത്തലവൻ, പാനമ്പി ഉണ്ണിശങ്കരൻ നൈനാർ എന്ന സ്ഥാനം പാരമ്പര്യമായി കിട്ടീട്ടുണ്ട്. തറവാടാണു പെരിയ വീട്. കമ്മാളരുടെവക മുട്ടങ്കാടകം ക്ഷേത്രത്തിന്റെ ഭരണാധികാരവും പെരിയ വീട്ടിൽ നൈനാർക്കുണ്ട്. കമ്മാളരുടെ രാജാവ് എന്ന് പണ്ടു നൈനാരെ വിളിച്ചുപോന്നിരുന്നുപോലും. ഇരവികൊത്തന്ന് ഐങ്കമ്മാളരെ അടിമകൊടുത്ത വിവരം ഇ. ചെ. ചെപ്പേടിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈ വീട്ടുകാർക്ക് കരമൊഴിവായി ഏതാനും വസ്തുക്കളും ഉണ്ട്.

താമസം തഴക്കരയാണ്.........കാർത്തികപ്പള്ളിയില്ല, കുറേ മാച്ചിട്ടുമാരണ്ട്" (മേല്പട്ടിയാരന്റെ മീനം വരെ എഴുത്ത്)

II

ധർമ്മായ്ക്കാർ എന്ന ഇപ്പോഴത്തെ പദത്തിന്റെ മുൻപിലത്തെ രൂപം തരുതായ്ക്കൾ എന്നായിരുന്നു. തരിസാപ്പള്ളിയുടെ ചെപ്പേടിൽ ഉള്ള തരിസാ ഒരു പ്രാചീന രൂപം. ചീനത്തെയും താർത്താറിയിലെയും നെസ്തോറിയൻ ക്രിസ്ത്യാനികളെ തർസാ എന്നു വിളിച്ചുവന്നതായി John de Monte Corvino (ക്രിസ്തുവർഷം 1300) പറഞ്ഞിരിക്കുന്നു. സുറിയാനിയിൽ തറിസാ, തറിസാ എന്നാൽ ചൊവ്വായ എന്നർത്ഥം, അതുകൊണ്ട് തരിസായ്ക്കാർ, തരുതായ്ക്കാർ ധർമ്മായ്ക്കാർ എന്നിവയ്ക്ക് ചൊവ്വായ മതവിശ്വാസമുള്ളവർ (orthodox) എന്നർത്ഥം. മാണിക്കവാചകരുടെ മതം ധരിയാതവർ ധരിയായ്ക്കാർ എന്നുള്ള നിരുക്തി ശരിയല്ല.

തരുതായ്ക്കച്ചെട്ടികൾ എന്ന ഒരു വക നസ്രാണികളുടെ ഒരു ശാഖ കടംബറി അവരുടെ പഴയ കരിങ്കൽപ്പള്ളിയും തിരുവാങ്കോട്ട് (തക്കല, ഉദയഗിരി ഇവയ്ക്കടുത്ത്) ഇന്നും ശേഷിച്ചിട്ടുണ്ട് കഴിഞ്ഞ മൂന്നുനാലു ശതകങ്ങളിലെ പാട്ടുകളിൽ വടക്കരായിരുന്ന നസ്രാണികളെയും തരുതായ്ക്കാർ എന്നു പറഞ്ഞിരിക്കുന്നു.

(1) മിത്രചെട്ടാരാത്തു മാത്തോമ്മായന്റെ
വേദനച്ചുണ്ട തരുതായ്ക്കാർക്ക്
—പുരാതന പാട്ടുകൾ നം. 11.

(2) കടൽ തന്നിലിരുന്നു ഞാൻ തരുതായ്ക്കളുടയൻ.
പ. 20.

(3) വരാവൻചർ തരുതാപ്പൂറം ജനം തമ്മിൽ പിശകി. പ. 20.

(4) കാരണപ്പെട്ട തരുതാപ്പൂന്മാർ കാലത്തു പള്ളി പണി തീർപ്പിടുന്നു. പ. 64. (മുതു കടുത്തുരുത്തി വലിയ പള്ളി).

(5) ഒക്കതിരയോടെ കമ്പിടുന്ന തരുതാപ്പൂറം ജനത്തിന്റെ | പരിപാലനം വരുത്തീട്ടും മക്കോ മറിയം. പ. 65.

ഇതുകൂടാതെ കോട്ടയം ചുങ്കം, കല്ലിശ്ശേരി, കിഴവല നാട് മുതലായ സ്ഥലങ്ങളിലെ തെക്കുംഭാഗരെയും വടക്കുംഭാഗരെയും ഉദ്ദേശിച്ച് തരുതാപ്പൂറം പദം പ്രയോഗിച്ചിട്ടുണ്ട്. (മേല്പടി പുസ്തകം, പ. 74, 76, 77. 79, 84, 37, 88, 89, 131, 166, 176, 177, 178, കാണ്‌ക.)

“ദേശം പോർത്തുഗാറം സമ്പാളൂർ (St. Paul) ദേശത്തിൽ| ശിറിവുകഴിഞ്ഞോരു പാതിരി (Padre) ജെയവസേപ്പേന| മാനാ വിളങ്ങുന്ന തരുതാപ്പൂളിനത്തിലുള്ള| മാർഗ്ഗമറിയുന്നോരാൻ” (പ. 87) എന്ന് ഒരു പോർത്തുഗീസ് പാതിരിയെപ്പറ്റിയും, “ ചോഴമണ്ഡലമൊഴിഞ്ഞു മാർഗ്ഗമറിയിപ്പാന്| തോറ തരുതാപ്പൂർച്ചുന്നു കേട്ട ബഗ്ദാശിൽ (Bagdad. പ. 89.) എന്ന് ചോഴമണ്ഡലത്തെ നസ്രാണികളെപ്പറ്റിയും, “കോട്ടയകത്തു വാഴും തരുതാപ്പൂറം” (പ. 166) എന്നു കോട്ടയത്തെ തെക്കുംഭാഗം നസ്രാണികളെപ്പറ്റിയും, “ഒന്മയും നന്മയും താനായവൻ തന്റെ മന്ത്രറ നാല്പതോടമ്പിൽ| നന്നായ് തരുതാപ്പൂറം വന്നതും നിന്നതും കൂടി ഒരിണ്ണപ്പെട്ടവാറെ” (പ. 176) എന്നു ക്നായിത്തൊമ്മനെയും സംഘത്തെ കൊണ്ടുവന്ന ഏഴില്ലം ഏഴുപത്തിരണ്ടു കുടുംബമായ എല്ലാ ദേശം നാലുര പരദേശ

നസ്രാണികളെയും പററിയും തരുതായ്കൂർ എന്നപദം പ്രയോഗിച്ചിരിക്കുന്നു. അതുകൊണ്ട് തരുതായ്കൂർ എന്നാൽ സത്യവിശ്വാസികളായ ക്രിസ്ത്യാനികൾ എന്നായിരുന്നു മുൻപിലത്തെ അൎത്ഥം. ഇന്നു തിരുവാങ്കോട്ടെ ക്രിസ്ത്യാനികൾക്കു ആ പേരു ശേഷിച്ചിട്ടുള്ളൂ.

അപ്പോൾ, തരുതായ്കൂരും ക്രിസ്ത്യാനികൾ, മണിഗ്രാമക്കാരും ക്രിസ്ത്യാനികൾ. എന്നാൽ ഇവരു തമ്മിൽ വ്യത്യാസമുണ്ടായിരുന്നു എന്ന് ഐതിഹ്യത്തിൽ നിന്നും തരിസാപ്പള്ളിയുടെ രണ്ടാം ചെപ്പേട്ടിൽ നിന്നും അനുമാനിക്കാം. ഇപ്പോൾ കാതോലിക്കെന്നും പ്രൊട്ടസ്റ്റന്റെന്നും, യാക്കോബായ എന്നും മാർതോമ്മായ എന്നുംമററും ഉള്ള പിരിവുപോലെ ഒന്ന് പണ്ടും ഉണ്ടായിരുന്നിരിക്കണം. തരുതായ്കൂർ സത്യവിശ്വാസികളെന്നഭിമാനിച്ചു പോന്നു, തിരുവാങ്കോടു മുതൽ പാലൂർവരെ വ്യാപിച്ചും കിടന്നിരുന്നു എന്നും; മണിഗ്രാമക്കാരെ ഇവർ പാഷണ്ഡികളെന്നു ഗണിച്ചു പോന്നു, അവർ വേണാട്, ഓടനാട്, ഏറനാട്, വള്ളുവനാട്, കൊടുങ്ങല്ലൂർ എന്നീ ദേശങ്ങളിൽ മാത്രം കുറെശ്ശയായി ഉണ്ടായിരുന്നു എന്നും ഊഹിക്കേണ്ടിയിരിക്കുന്നു. ഇരവികൊത്തന്റെ ചെപ്പേടിന്റെ കാലമായ 1320-നു ശേഷമാണ് കൊല്ലത്തെയും കായങ്കുളത്തെയും മണിഗ്രാമക്കാർ ഹിന്ദുമാൎഗ്ഗം തിരിഞ്ഞത് എന്നു തോന്നുന്നു. കൊല്ലത്ത് 1348-49-ൽ ഒരു വർഷവും നാലു മാസവും പാൎത്ത ജോൺ ഡി മരിഞ്ഞോലി ഈ മതം മാററത്തെപ്പററി ഒന്നും പറയുന്നില്ല എന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മാർതോമ്മാക്രിസ്ത്യാനികൾ പരക്കെ കാണുന്നതിനുള്ള പമ്പ്ളിക്കാപ്പീസിന്റെ അധികാരികളാണ് എന്ന് മരിഞ്ഞോലി പറഞ്ഞിരിക്കുന്നത് തരിസാപ്പള്ളിക്കാൎക്ക് ഒന്നാംചെപ്പേടിൻ പ്രകാരം കിട്ടിയ മാരക്കോ

ലിനെയും പഞ്ചകമ്മളിയെയുംപററിയാണ്, മണിഗ്രാമക്കാക്കുണ്ടായിരുന്ന അവകാശങ്ങളെപ്പററിയല്ല.

ഇനി തിരുവാംങ്കോട്ടെ തരുതാഴ്സ്ക്കളെപ്പററി അല്പം പറയാം. ബാർബേസായുടെ (ഉദ് 1516) പുസ്തകത്തിൽ ഇവരെപ്പററി പറഞ്ഞുകാണുന്നു. 1599-ലെ ഉദിയമ്പേരൂർ സൂനഹദോസിന്റെ ഏഴാം മെഴുതാ (സിററിംഗ്), അഞ്ചാം കാനോനാ (തീർപ്പ്)യിൽ ഇങ്ങനെ കാണുന്നു. "തിരുവാൻകൊട്ട എന്ന രാജ്യത്തു മാർഗ്ഗമൊഴി സംയും ശേഷം മാർഗത്തിനു വെണ്ടുന്നത എല്ലാം കൂടാതെ ചില നസ്രാണികൾ ഉണ്ടെന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞാറെ അവരുടെ ആത്മാവുകൾക്ക വെണ്ടി മാർഗത്തിന്നടുത്തത എല്ലാം പ്രവൃത്തിപ്പാൻ സാവിടയും എടയനായി ഒരു പട്ടക്കാരൻ നിയ്ക്കണമെന്ന കല്പിച്ചു. ആ പട്ടക്കാരന്ന ഗറരമ്മ പട്ടക്കാരെക്കായിൽ എററ എത്താനും മംസപ്പടിയിൽ കൂടെ കല്പിക്കണം എന്നും സൂനഹദോസ കല്പിച്ചു." (എറണാംകുളത്തു കട്ടക്കാരൻ കരുവേലി കരിയൻ 1825-ൽ എഴുതിയ പകർപ്പിൽ നിന്ന്), എന്നാൽ തിരുവാംങ്കോട്ടെ തരുതാഴ്സ്ക്കന്മാർ ('Taridayken Mara') അന്നു റോമൻ കത്തോലിക്കരാകാതെ നിന്നു എന്ന് മോൺസ് എന്ന ലന്തഗവർണ്ണർമാർ 1781-ൽ എഴുതിയിരിക്കുന്നു. (Dutch in Malabar, p. 176)

ഇപ്പോഴും തിരുവാങ്കൂട്ട രണ്ടു കട്ടക്കാരെ ശേഷിച്ചിട്ടുള്ളൂ. മററുണ്ടായിരുന്നവർ തിരുവനന്തപുരം, കണ്ടറ, കററാനം, മാവേലിക്കര, കൊട്ടാരക്കര, കല്ലട, തേവലക്കര, പന്മന, തെക്കേപുഴ, പിരുമേട് മുതലായ സ്ഥലങ്ങളിൽ കടിയേറിയിരിക്കുന്നു. ഇവർക്ക കട്ടമയും കട്ടക്കനും (ചിപ്പായ്) എന്നും ഉണ്ട്. ...ളികൾ പാണ്ടിയുടെയും

ആരെണവും ധരിക്കുന്നു, വടക്കൻ നസ്രാണികളുമായി ഇവൎക്ക യാതൊരു ബന്ധുതയും ഇല്ല. ഇവരുടെ പള്ളി കരിങ്കല്ലുകൊണ്ടു ബലമായി പണിതിട്ടുള്ളതാണ്. ഇതു നശിക്കാതെയും അന്യാധീനപ്പെടാതെയും സൂക്ഷിക്കേണ്ടത് അത്യാവശ്യമാകുന്നു,

തിരുവാംകോട്ടുള്ളവരിൽ ഏറ്റവും പയസ്സുചെന്ന ചാക്കപ്പൻ എന്ന ആളിൽനിന്നു ലഭിച്ച അവരുടെ ഐതിഹ്യം ഇങ്ങനെയാണ്. "മാർതോമ്മാശ്ലീഹാ മയിലാപ്പൂരിൽ മാർഗ്ഗം അറിയിച്ചുവന്ന കൂട്ടത്തിൽ പൊന്ന്, വെള്ളി, രത്നങ്ങൾ ഇവ വ്യാപാരം ചെയ്തുകൊണ്ടിരുന്ന ഒരു വെള്ളാളസമുദായം മാർഗ്ഗം കൈക്കൊള്ളുന്നതിനു ഇടയായി. ഇവർ 64 വീട്ടുകാരായിരുന്നു. അവിടത്തെ രാജാവ് ഇതു വിവരം അറിഞ്ഞപ്പോൾ ഇവരിൽ പ്രധാനികളിൽ ചിലരെ വരുത്തി മാർഗ്ഗം ഉപേക്ഷിക്കണമെന്നും അല്ലാത്തപക്ഷം കൊന്നുകളയുമെന്നും പറഞ്ഞു ഭയപ്പെടുത്തി. ഇവർ വഴിപ്പെട്ടില്ല. അതിനാൽ ഇവരെ യഥാൎത്ഥത്തിൽ കൊന്നുകളയുന്നതിനു പ്രാരംഭമായി ഇവരുടെ വസ്തുക്കൾ സൎക്കാരിലേക്കു മുതൽകൂട്ടുന്നതിനു കല്പനയായി. ഇത്രയും കേട്ടപ്പോൾ ഇനിയും ഇവിടെ ഇരുന്നാൽ എന്തു സംഭവിക്കുമെന്നും എന്തു ചെയ്യേണ്ടു എന്നും അറിയാഞ്ഞ തോമ്മാശ്ലീഹായുടെ അടുക്കൽ ഓടിയെത്തി. ശ്ലീഹാ ഇവരെയും കൊണ്ടു രാത്രിയിൽ സ്ഥലം വിട്ടു പോയി അതിർത്തികടന്നുകളഞ്ഞു. അങ്ങനെ നടന്നു താവളം അടിച്ചതു തിരുവാങ്കോട്ടായിരുന്നു. തിരുവാങ്കോട്ടു വരുന്നതിനു വിശേഷാൽ കാരണമൊന്നും ഉണ്ടായിരുന്നതായി പറയുന്നില്ല. ഈ 64 വീട്ടുകാരും വിപ്പില്ലാത്ത ഒരു വെളിപ്രദേശത്തു ഒട്ടിയതുപോലെ കൂടാരം അടിച്ചു താമസിച്ചു. ഇങ്ങനെ ഒരു കൂട്ടർവന്നു ഈ വിധത്തിൽ താമസിക്കുന്ന സംഗതി രാജാ

വ് അറിഞ്ഞപ്പോൾ നായകനായ ശ്ലീഹായും കുറെ ആളുകളും കൂടി തന്നെ ചെന്നു കാണണം എന്നു ആജ്ഞാപിച്ചു. രാജാവ് സാധാരണ അതിഥികളെ സ്വീകരിക്കുന്നതു താമ്പാളത്തിൽ കുറെ വസ്ത്രവും പിച്ചിപ്പൂവുമായിട്ടാണു; സാധാരണയായി അതിഥികൾ ഈ വസ്ത്രവും പൂക്കളും എടുത്തു ദേഹത്തിൽ അണിയുകയാണു മുറ.

പതിവുപോലെ രാജാവ് ശ്ലീഹായെയും കൂട്ടരെയും സ്വീകരിക്കാൻ വസ്ത്രവും പൂവുമായി വരികയും ഇവയെ ഇവർക്കു വെച്ചുകൊടുക്കയും ചെയ്തു. എന്നാൽ ശ്ലീഹായും കൂട്ടരും വസ്ത്രം സ്വീകരിക്കയൊ അണിയുകയൊ ചെയ്തില്ലാ. എന്നാൽ പൂവ് സ്വീകരിക്കയും ചെയ്തു. ഇതു കണ്ടു രാജാവ് അതിശയിച്ചു ഇങ്ങനെ ഒരുതരം ചെട്ടികൾ അതായതു വസ്ത്രം ധരിക്കാത്ത" ചെട്ടികൾ ഉണ്ടൊ എന്നു ചോദിച്ചു. അപ്പോൾ തങ്ങൾ ചെട്ടികൾ എങ്കിലും ക്രിസ്ത്യാനികളാണെന്നും ഓടി പോന്നതിനുള്ള കാരണങ്ങളും എല്ലാം പറഞ്ഞു മനസ്സിലാക്കി അപ്പോൾ അവർക്കു നാട്ടിൽ താമസിക്കുന്നതിനു അനുവാദവും, ഓരോ വീട്ടുകാർക്കു ഒരോ പുരയിടവും, പള്ളിവയ്ക്കാൻ ഒരു പുരയിടവും ഇങ്ങിനെ 65 മുറി പുരയിടം പേരിനുമാത്രം കരം ചുമത്തി കൊടുത്തു. പള്ളി പണിയുന്നതിനും വീടുകൾ പണിയുന്നതിനുമുള്ള തടികൾ സ്വാതന്ത്ര്യമായി വെട്ടി എടുത്തുകൊള്ളുന്നതിനും അനുവദിച്ചു. ആ കാലം മുതല്ക്കു ഇവരെ "ധരിയായ്ക്കർ ചെട്ടികൾ" ചാരം അല്ലെങ്കിൽ വസ്ത്രം ധരിക്കാത്ത ഒരു കൂട്ടം ചെട്ടികൾ എന്നു സാധാരണ പറഞ്ഞുവന്നു

ഇവർക്കു ചില ചെപ്പേടുകളും എല്ലാം ഉണ്ടായിരുന്നതു കണ്ടറ കല്ലറയ്ക്കലെ ഒരു പട്ടക്കാരൻ ഇവരുടെ കയ്യാ

ദികം നടത്താൻ വന്നു താമസിച്ചും വെച്ച് തിരികെപോയപ്പോൾ തട്ടിക്കൊണ്ടുപൊയ്ക്കളഞ്ഞെന്നു പറയുന്നു.”(൮

ഈ ഐതിഹ്യം ഏകദേശം ശരിയായിരിക്കാം. “കാവെരിപ്പൂപ്പട്ടണത്തിൽ വിശ്വസിച്ചു വെള്ളാളരുടെ നെരെ രാജദ്രൊഹ്യം ഒ ായശെഷം ആയവര കപ്പലിൽ കരെറി കൊരക്കെണിയിൽ വരികയും ചെയ്തു. വന്ന ഏഴപത്തുരണ്ടു കുടുംബക്കാരതു ഈ കൊരക്കെണിയിൽ വിശ്വസിച്ചു ആളുകളും തമ്മിൽ ബന്ധുക്കളായി നടന്നുവന്ന കാലം നമ്മുടെ കർത്താവിന്റെ കാലം ൧൪൦൦-ൽ നിണെത്തുമ്പ വിശ്വാസകാരരും കരക്കെണിയിൽ ഒള്ള വിശ്വാസകാരരും കൂടെ ഈ വന്ന തമിഴരിലന്നസരിച്ചു തമിഴരുടെ മര്യാദയിൽ ചിലതും മലയാളമര്യാദയിൽ ചിലതും ഇങ്ങനെ നടന്നുവരുമ്പൊൾ ൧൫൭൦-കാലം മാണിക്കവാഴ്ചകരെന്ന ഒരു ക്ഷുദ്രക്കാരൻ” വന്നു എന്ന് ‘കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ’ എന്ന കൈയെഴുത്തു ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് തമിഴനാട്ടിൽ നിന്നു കൊല്ലത്തൊട്ടുവന്നയ വേറൊരു കുടിയേററത്തെപ്പററിയാണ്.

ശിലാലിഖിതങ്ങൾ ധാരാളമുള്ള തെക്കൻദേശത്തെ തരതായ്ക്കളുടെ പള്ളിയിൽ ഒററ ശിലാലിഖിതംപോലും ഇല്ലെന്നുള്ളത് ആശ്ചര്യം തന്നെ. പള്ളിയുടെ “കിഴക്കെമതിലിൽ ധാരാളം പടങ്ങൾ എഴുതിയിരിക്കുന്നു. പ്രധാനമായി തൂങ്ങപ്പെട്ട ക്രൂശ്പം മാലാഖമാർ മുതലായ

---

(൮) കണിയാന്ത്ര ഡോക്ടർ കെ. ജെ. അലക്സാൻഡർ, M. B., Ch. B. (Aberdeen) സ്വയം അന്വേഷിച്ച് തക്കല നിന്ന് ൯൪ വൃശ്ചികം 11-ാംനു എഴുതിഅയച്ചുതന്നത്. ഇദ്ദേഹത്തോട് എനിക്കുള്ള കൃതജ്ഞത ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

വേദചരിത്രങ്ങളും സൂര്യൻ ചന്ദ്രൻ മുതലായ നസ്രാണിസമുദായ ചരിത്രാംശങ്ങളുമാണ്. സെൻറ ജോർജിന്റെ അതിവിശേഷമായ ഒരു ചിത്രം മതിലിൽ വരച്ചിട്ടുണ്ട്. പഴയരീതിയിലുള്ള മാർമോദീസാക്കല്ലും വെള്ളം വയ്ക്കുന്ന ഒരു പാത്രവും ഉറപ്പായി സ്ഥാപിച്ചിട്ടുണ്ട്............... ഈ പള്ളിയകത്തു ചില തൂണുകളുണ്ട്. അതിന്മേൽ വിളക്കുകൾ കൊത്തിയിരിക്കുന്നു.”

“പള്ളിപ്പുരയിടത്തിൽ കാണുന്ന വലിയ കല്ലറ തോമ്മാശ്ലീഹാ പട്ടം കൊടുത്ത രണ്ടു അച്ചന്മാരുടേതാണെന്നും പള്ളി തോമ്മാശ്ലീഹാ പണിയിച്ചതാണ് മഹമ്മദീയർപോലും പറയുന്നത്.” (പള്ളം മിസ്റ്റർ ഇ. എ. ചാണ്ടി, 1924—4—22-ലെ മ. മനോരമയിൽ).

ഈ കല്ലിങ്കൽപ്പള്ളി രണ്ടര അടി കനമുള്ള ഭിത്തികെട്ടി 45×16×10 അടി വലിപ്പത്തിൽ പണിയിച്ചിരിക്കുന്നു. ഉദയമ്പേരൂർ സൂനഹദോസിന്റെ കാലത്ത് (1599-ൽ) തിരുവാങ്കോട്ടു പള്ളി അശേഷം ഇടിഞ്ഞുപൊളിഞ്ഞുകിടന്നിരുന്നു എന്നും, അതിനു നാൽപതിൽ ചില്വാനം സംവത്സരം മുൻപ് ആ പള്ളിഇടവകക്കാരിൽ ഏറിയ ക്രമം വേദം ഹിന്ദുക്കളായിപ്പോയെന്നും, എങ്കിലും അന്നും അവിടെ പത്തു നല്ല ക്രിസ്ത്യാനികൾ (തറവാട്ടുകൾ) ഉണ്ടായിരുന്നെന്നും സൂനഹദോസു പുസ്തകം എട്ടാം മൌതാ, ആറാം കാനോനായിൽ നിന്നു ഗ്രഹിക്കാം. (ഗെഡ്ഡിസിന്റെ ഇംഗ്ലീഷ് തർജമ കാൺക).

III

പരദേശിയായ മരുവാൻ സബീറിശോ താൻ കണ്ടു നിരേററ ആ പുതിയ പട്ടണത്തിൽ ഒരു തരിസാപ്പള്ളി (9) പണിയിച്ചു. അത് അദ്ദേഹത്തിനും കൂട്ടക്കാരായ കുറേ

---

(9) കൊല്ലത്തു പണ്ടു പല പള്ളികളുണ്ടായിരുന്നു. മാർ തോമ്മാശ്ലീഹാ പണിയിച്ചത് എന്നു പറയുന്ന ഒരു പള്ളിയുടെ അവശിഷ്ടങ്ങൾ കടലിലുണ്ടുപോലും. നിഖ്യാ സൂനഹദോസിലെ നിശ്ചയങ്ങളിൽ ഒപ്പു വെച്ച മാർ യോഹന്നാന്റെ കാലത്ത് (ക്രി. 325) ഈ പള്ളിയുണ്ടായിരുന്നോ എന്നോ, ഇന്ത്യാക്കാരനായ തെയോഫിലോസിന്റെ സഞ്ചാരങ്ങളുടെ കാലത്തും (ഉദ്. 354), മാർതോമ്മായുടെ നാമത്തിൽ ദക്ഷിണ ഇൻഡ്യയിലോ സിലോണിലോ ഉണ്ടായിരുന്ന ആശ്രമത്തിന്റെ അധിപതി ആയിരുന്ന സാദോയെ (Zadoe) യുടെ കാലത്തും (ഉദ്. 363), കോസ്മാസിന്റെ കാലത്തും (ആറാം ശതകം), ഗ്രിഗോറിപ്പുണ്യവാളന്റെ കാലത്തും (ഉദ്. 590), മാർയേശുയാബിന്റെ കാലത്തും (മരണം, 660), ക്നായിത്തൊമ്മന്റെ കാലത്തും കൊല്ലത്തു പള്ളി ഉണ്ടായിരുന്നോ എന്നു നിശ്ചയിപ്പാൻ പാരം പണിയാണ്. ഇവരുടെ കാലത്ത് കൊല്ലത്ത് ഏതെങ്കിലും ഒരു പള്ളി ഉണ്ടായിരുന്നിരിക്കണം.

മദ്ധ്യകാലങ്ങളിലെ ചില സഞ്ചാരികൾ കൊല്ലത്തെ നസ്രാണികളെപ്പററി പറയുന്നുണ്ട്. സബീറിശോയുടെ പള്ളി അക്കാലത്തു ഉണ്ടായിരുന്നിരിക്കണം. (മരിഞ്ഞോലി ഗ്രാമക്കാരനേയും). ആൽബുക്കിർക്ക് പുന്ന കാലത്ത്; മാർ ശാബോറും മാർ അപ്രോത്തും കബറടങ്ങിയ (വി. മറിയാമിന്റെ) ഒരു പള്ളിയും മാർതോമ്മാശ്ലീഹായുടെ നാ

See pages 102 / iii

പേർഷ്യാക്കാരായിരുന്നു മണിഗ്രാമക്കാർക്ക് വേറെ പള്ളി ഉണ്ടായിരുന്നു. അവർക്ക് ഈ പുതിയ പള്ളിയിൽ കുടിനടപ്പും അനുഭവിച്ചിരുന്നില്ല എന്നു തോന്നുന്നു. മണിഗ്രാമനസ്രാണികൾക്കും വന്ന തരുതാ (തരിസാ)യ്ക്കാർക്കും പുറമേ നാട്ടുതരുതായ്ക്കളും അന്നു കൊല്ലത്തുണ്ടായിരുന്നു എന്നും, ഇവർക്ക് പുതിയ പള്ളിയിൽ കുടിനടപ്പ് അനുഭവിച്ചിരുന്നു എന്നും വിചാരിക്കാം. വന്ന തരുതായ്ക്കളെയും നിന്ന തരുതായ്ക്കളെയും ഉൾപ്പെടുത്തിയാണ് 'പള്ളിയാർ' എന്നു ചെപ്പേടിൽ പറഞ്ഞിരിക്കുന്നത് എന്നു തോന്നുന്നു.

മണി എന്നൊരു പേർഷ്യാക്കാരൻ ക്രി. മൂന്നാം ശതകത്തിൽ മാനിക്കിയിസം എന്നൊരു പാഷണ്ഡമതം സ്ഥാപിച്ചു. (ഏകദേശം 273-ൽ ഇയാളെ കുരിശേറ്റി

മത്തിൽ വേറൊരു പള്ളിയും കൊല്ലത്തുണ്ടായിരുന്നു. (ഫാദർ ബെർനാർദിന്റെ മാർതോമ്മാക്രിസ്ത്യാനികൾ, I, 10, 125–127). ആദ്യത്തെ സബിരിശോയുടെ പള്ളി തന്നെ. മറ്റേതു മുൻപു മണിഗ്രാമക്കാരുടെ വകയായിരുന്നോ? അത് മഹമ്മദീയർ നശിപ്പിച്ചുകളകയാൽ 1516-ലെ ഉടമ്പടിപ്രകാരം കൊല്ലം റാണി വീണ്ടും പണിയിച്ചു കൊടുത്തു. (Danvers: Portuguese in Asia, I, 121, 336). പിന്നീട് ആ പറങ്കികൾ സഹായത്തമക്കിയതിനാൽ നസ്രാണികൾ അവിടുത്തു തന്നെ വേറൊരു പള്ളി പണിയിച്ചു.

1348–49-ൽ മരിഞ്ഞോലി കൊല്ലത്തു പാർത്തത് ഗീവറുഗീസു പുണ്യവാളന്റെ നാമധേയത്തിൽ അവിടെ ഉണ്ടായിരുന്ന ഒരു ലത്തീൻപള്ളിയിലാണ്. ഇതാണോ ലത്തീൻപള്ളി എന്നു പറയുന്നത്?

ക്കൊന്നുകളഞ്ഞു). സോറോസ്റ്റാസ്റ്റർ മതം, ക്രിസ്തുമതം, ബുദ്ധമതം, ബാബിലോണിലെ സാധാരണ ജനങ്ങളുടെ മതം എന്നിവയുടെ കലർപ്പാണ് മാണിക്കീയിസം. ക്രി ഏഴും എട്ടും ശതകങ്ങളിൽ മാണിക്കീയമതക്കാർ ചിനത്തുണ്ടായിരുന്നു (Dr. Winternitz in the Modern Review for April, 1925 p. 417). ആ സ്ഥിതിക്ക് മാണിക്കീയമതം പലരെയും ആ കാലങ്ങളിൽ പ്രധാനപ്പെട്ടു കാണും. മാണിക്ക വാചകർ എന്ന ക്ഷുദ്രക്കാരൻ എന്ന് ഐതിഹ്യത്തിൽ പറയുന്നത് ഒരു മാണിക്കീയ മിഷ്യനറി ആയിരിക്കുമോ? ഈ പാഷണ്ഡികനും കൂട്ടരും വന്ന് അന്ന് (ചീനരെപ്പോലെ) ഇവിടെയുണ്ടായിരുന്ന സത്യവിശ്വാസിക(തത്തായ്മ)ളിൽ ചിലരെ മാർഗ്ഗം മറിച്ചുകാണും എന്നു തോന്നുന്നു. ഇവരായിരിക്കുമോ മണിഗ്രാമക്കാർ?

—————:o:—————

അദ്ധ്യായം ൧൧.

ഭാഷ

I

ब्रह्माथ कल्पयामास भाषां केरळनार्मिकाम् ।
वर्णाश्रमाणां भेदांश्च भार्गवस्य प्रियंकरान् ॥

(केरळमाहात्म्यं, 18, 16.)

ചരിത്ര കാലത്തിനു വളരെ മുൻപുതന്നെ ചേരചോഴപാണ്ഡ്യാന്ധ്രകർണ്ണാടക രാജ്യങ്ങളിലെ ദ്രാവിഡർക്ക് പൊതുവായ ഒരു ഭാഷ ഉണ്ടായിരുന്നു. ഈ തമിഴ്മൊഴി

ഡം (10) കാലക്രമേണ ദേശഭേദം അനുസരിച്ചു ഉപഭാഷകളായി മാറി. അവയിലൊന്നാണ് ഇന്നത്തെ മലയാളഭാഷയുടെയും തമിഴിന്റെയും പൂർവ്വരൂപം. മലയാളമുണ്ടാ മാവുന്നാക്കി എന്നു പറയുന്നതു തെറ്റ്. തമിഴിൽ നിന്നു മലയാളം ഉണ്ടായി—എന്നുവെച്ചാൽ, തമിഴ്ഭാഷയും കൊണ്ട് അനേകശതകങ്ങൾക്കു മുമ്പ് കുറേ തമിഴർ കേരളത്തിൽ കുടിയേറി, ആ തമിഴു ഭേദംമാറി മാറി മലയാളമായി—എന്നു പറയുന്നതും ശരിയല്ല. മലയാളഭാഷ ഇവിടെ ജനിച്ച് ഇവിടെ വളർന്നതുതന്നെ.

മലയാചലത്തിനു കിഴക്കും പടിഞ്ഞാറും ഉള്ള ദേശങ്ങളിൽ ഒരേകാലഘട്ടത്തിൽ ഉണ്ടായ ലിഖിതങ്ങളുടെ ഭാഷകൾ പരിശോധിച്ചാൽ അവ തമ്മിൽ പണ്ടു മുതൽക്കേ ക്രമപ്രവൃദ്ധമായ വ്യത്യാസം കാണുന്നുണ്ട്. ആദിമലിഖിതങ്ങളിൽ—ക്രി. ആറാം ശതകത്തിനു മുമ്പുള്ളവ കിട്ടീട്ടില്ല—കേരളഭാഷയും തമിഴ്നാട്ടുഭാഷയും തമ്മിലുള്ള വ്യത്യാസം വളരെ കുറവു തന്നെ. പുറകോ

(10) കായലിൽ നിന്നും കടലിൽനിന്നും ഇപ്പോൾ എട്ടുപത്തു മൈൽ ഉള്ളിലുള്ള ചില സ്ഥലങ്ങളുടെ പേരുകളിൽ കടൽ സംബന്ധമായ വാക്കുകൾ കാണുന്നു. നാവായ്ക്കുളം, പെരുനെയ്തലൂർ (പെരുന്ന), തൃക്കടിത്താനം, കടുത്തുരുത്തി മുതലായവ കാൺക. നാവായ്=കപ്പൽ, നെയ്തൽ=കടൽപ്രദേശം. ഇപ്പടി സ്ഥലങ്ങൾക്കു കായലിനോടും കപ്പലിനോടും സംബന്ധമുണ്ടായിരുന്നത് അനേകസഹസ്രം വർഷം മുമ്പായിരിക്കണം. അതുകൊണ്ട് ഈ സ്ഥലനാമങ്ങളുടെ ഘടകപദങ്ങളും അത്രയും പഴക്കമുള്ളവതന്നെ. ഇവ മലയാളശബ്ദജാതത്തിലെ ജാംബവാന്മാർ. ഈ ഗ്രന്ഥകാരന്റെ, ഇൻഡ്യൻ ആന്റിക്വറി 1924, പു. 95-ലെ ലേഖനം കാൺക.

ട്ടുപോയി, ഏതു കാലത്താണ് ഇങ്ങനെയുള്ള വ്യത്യാസം ആദ്യം പ്രത്യക്ഷപ്പെട്ടത് എന്നു കണ്ടുപിടിപ്പാൻ ആധാരമൊന്നുമില്ല.

ആദിമലിഖിതങ്ങളിൽ കാണുന്ന പ്രധാന വ്യത്യാസം അനുനാസികീഭാവം ആണ്. ഐ-എ, അ പരിണാമവും കുറെശ്ശ ഉണ്ട്. ഉത്തരമലയാള ദേശങ്ങളായ തൃക്കാൽക്കര, തിരുമൂഴിക്കുളം, കൊടുങ്ങല്ലൂർ, തിരുനെല്ലി (വയനാട്ട്) എന്നിവയിൽ ഇന്ദുകോതവർമ്മരുടെയും ഭാസ്കരരവിവർമ്മരുടെയും കാലത്ത് (ഏകദേശം ആറാം ശതകം), കല്ലിലും ചെമ്പിലും വെട്ടിയ ലിഖിതങ്ങളിൽ ചിങ്ങപ്പിരാൻ, മുടങ്ങ; കഴഞ്ചു, കാഞ്ചിറം; ചെന്നൻ, ചാന്റവർ (T. A. S. III, 166): ചെലവിനു; അമൈഞ്ച, കറൈഞ്ച (III, 170): ചെന്നു, വന്നു; തങ്ങൾ, ചങ്ങരൻ; പൊന്നിനു, മാന്ദിടത്തിനു (III, 180): കഴൈഞ്ചിനു; വന്നു, ചെല്ലുന്നു; മങ്ങലം (III, 183): കഴൈഞ്ചു; കഴൈഞ്ചിനു; തങ്ങൾ, നെടുങ്ങൊല്ലി; വന്നു, ഗോവിന്ദം (II, 39): ഇരന്നു, കോവിന്ദൻ; അക്കിരത്തിനുള്ള; മേലാഞ്ചിനി; നെടുങ്ങൻ, പനൈങ്ങാട്ട, മങ്ങലം, ഇരങ്ങാടിക്കട (II, 46): ചിങ്ങം, ചങ്ങരൻ; വന്നു; താനത്തിനു; തൊഴാഞ്ചു, അറിഞ്ചു, കഴൈഞ്ചു (Ind. Ant. XX, 290) എന്നീ അനുനാസികീകരണോദാഹരണങ്ങളും,

മേല്പടി ലിഖിതങ്ങളിൽ തന്നെ പറയൻ, കഴഞ്ചു, അമച്ചു, തലച്ചേരി, കപ്പവാഴക്കൈ, വെണ്ണല (T. A. S. III, 166); കോത (Ind. Ant. XX, 290) എന്നിങ്ങനെ

ദുർല്ലഭമായി ഐ-എ, ന പരിണാമോദാഹരണങ്ങളും കാണുന്നു(11).

ഈ അനുനാസികാതിപ്രസരം ഐ-എ, ന പരിണാമവും തനിത്തമിഴ് രൂപങ്ങൾ (ചിങ്കം, ഇടങ്കഴി, കഞ്ചി, കഴഞ്ചു, ഇതിനുക്ക (12), തെങ്കു, വണ്ടു, തങ്കം, ആണൈക്കു; കരൈ, ഉടൈയ, കോതൈ, തലൈ, പണൈയം, ഇലൈ, കഴൈഞ്ചു; അരൈച്ചു, വൈച്ചു, പലകൈ, മടൈപ്പള്ളി, പുറൈ, ഒരോത്തരൈ മുതലായവ) ഉള്ളതിന്റെ ഇടയ്ക്കാണു കാണുന്നത്. അകാരീകരണം ദുർല്ലഭമായിട്ടേ ഉള്ളൂ.

പിന്നീടു കാലം പോന്നവരവേ ദ്വയീകരണഭാവം, മ-വ പരിണാമം, കലാസാര(13)കരണം, ൻറ-ന്ന പരിണാമം, ര്-ർ, ര-റ പരിണാമം, പുരുഷപ്രത്യയലോപം എന്നിവയും ക്രമം ഉണ്ടായി. യൂദന്മാരുടെ ചെപ്പേടിലും (പു, 33) അക്കാലത്തെ മററു ലിഖിതങ്ങളിലും ഈ പരിവർത്തനങ്ങളൊന്നും കാണുന്നില്ല. ഇരവികോ

---

(11) പ്രതിരൂപം പ്രസിദ്ധപ്പെടുത്തിട്ടുള്ള ലിഖിതങ്ങളേ ഇവിടെ എടുത്തിട്ടുള്ളൂ. സ്വയം പ്രതിരൂപം കണ്ടു ബോദ്ധ്യപ്പെടാതെ ലിഖിതങ്ങളുടെ പ്രസിദ്ധീകൃത പാഠങ്ങളെ ഭാഷാവിഷയചർച്ചയിൽ പ്രമാണമായി സ്വീകരിപ്പാൻ നിവൃത്തിയില്ല.

(12) പൊന്നുക്കു, പൊന്നിനുക്കു, പൊന്നിർക്കു; പൊന്നിൻക്കു, പൊന്നിന്നു, പൊന്നിനു എന്ന രൂപപരിപാടിയിലെ ക-ന പരിണാമം അനുനാസികീകരണമായിത്തന്നേ ഇവിടെ ഗണിച്ചിരിക്കുന്നു.

(13) ചന്ദ്രക്കലകൊണ്ടു നാം സൂചിപ്പിക്കുന്ന സ്വരത്തിന് ഇവിടെ കലാസ്വരം എന്നുപേർ.

ത്തന്റെ ചെപ്പേടിന്റെ കാലത്തും (1320-ൽ) ന്റ ന ശിച്ചില്ല, മറന്നായില്ല, കലാസങ്കരവും ഉണ്ടായില്ല. നടത്തായിനിന്റെ, വെള്ളായിനിന്റെ, ചെന്റ ഒൻമ, എണ്ണിന്റത്തിലും, എടക്കിൽറത്തിലും, പൻറിയൂർ എന്നിവയിൽ ന്റം (14) യും; വള്ളഞ്ചിയമും പഞ്ചവാദ്യമും, ഐന്തോളമും, തോരണമും മുതലായവയിൽ മകാരവും; പട്ടിണ..., വിളക്കെണ്ണയോട മുതലായവയിൽ തമിഴ സ്വരമായ കുററിയൻ ഉകരവും, യൂദന്മാരുടെ ചെപ്പേടിന്റെ കാലത്തെപ്പോലെ തന്നെ (15), നിലനിൽക്കുന്നു.

ന്റ വരമൊഴി ഉയിരോടിരുന്നു. ക്രി. 1725-ലും ഈ ചിഹ്നം നടപ്പുണ്ടായിരുന്നെന്ന് സാമൂതിരി (സ്വാമിതിരി) കോവിലകത്തെ ഒരു ഓലയിൽ നിന്നറിയാം (പിൻ കാൺക) അന്ന് ന്റ എന്ന പൂർവ്വികരീതിയിൽ എഴുതിന്ന എന്നു വായിക്ക പതിവായിരുന്നു. കലാസങ്കരവും കുറേക്കാലം ഈ ചിഹ്നം കൊണ്ടുതന്നെ സൂചിപ്പിച്ചുപോന്നിരിക്കണം, പിന്നെ നടുകളഞ്ഞ് ന്റകാരാന്തലിപി കൊണ്ട് (പറമ്പ, വരശീസ, കോരത, പാലക്കാട, പാമ്പ, നായ എന്നിങ്ങനെ) ആ സങ്കരം കുറിച്ചുപോന്നു.

---

(14) ഉണ്ണുനീലിസന്ദേശത്തിലും ലീലാതിലകത്തിൽ ഉള്ള പല ഉദാഹരണ ശ്ലോകങ്ങളിലും ഗദ്യഭാഗത്തിലും, ചെർത്ഥശാസ്ത്രവ്യാഖ്യാനത്തിലും മററും ഈ ന്റ കാണുന്നു. ഉ. നി. സന്ദേശം തണ്ടാർമാതാണിൽ ഉണ്ടാക്കിയതാണ് തണ്ടാർമാ — കൊല്ലം 516. വിരഹം കടന്നതായി സങ്കല്പിക്കുന്ന ഇരവിവർമ്മന്റെ കാലം കഴിഞ്ഞിട്ടാണ് ഉ. നി. സന്ദേശം ഉണ്ടായത് എന്നു വിചാരിപ്പാൻ ന്യായമുണ്ട്. പുരളിപിക കാൺക.

(15) ഇന്നപ്പോന്നക്ക (പൂർവം, 65) എന്നും മററും ഉ. നീ. സന്ദേശത്തിൽ കാണുന്നത് തമിഴരുടെ ഭാഷയാണ്, അക്കാലത്തെ മലയാളികളുടേതല്ല.

ഇങ്ങനെ ക്ലിഷ്ടമായ രീതിയിൽ എഴുതിവരവേ ഗുണ്ടർട്ട് ചന്ദ്രക്കല നടപ്പാക്കിയത് ഒരു വലിയ ഉപകാരംതന്നെ. ഉകാരവിശേഷാപരികല്പ ഇടുന്ന (ു്, ഺ്, ട്, ത്) സമ്പ്രദായം അധികവും തിരുവിതാംകൂട്ടാണു നടപ്പ്. കേരളത്തിന്റെ മററു ഭാഗങ്ങളിൽ ത്, ന്, ട്, ര് (16) എന്നിങ്ങനെയാണ് എഴുതാറുള്ളത്. അതിൽ അബദ്ധമില്ലതാനും. ഇ. കൊ ചെപ്പേടിൽ 'ഉള്ളത' എന്നു കാണുന്നു. അത് ഉള്ളതു എന്നതിനു പകരം നടപ്പുവിട്ട് പിശകായി കൊത്തിപ്പോയതാണ്.

ദ്വയീകരണം എന്നു മുൻപു പറഞ്ഞത് കുററിയൽ ഉകാരത്തിനു പിൻവരുന്ന ചില വ്യഞ്ജനങ്ങളെ സമാസത്തിലും മററും ഇരട്ടിക്കുന്ന തമിഴ്സമ്പ്രദായത്തെപ്പററിയാണ്. ഉദാഹരണം: അച്ചുക്കൂടം, പട്ടുപ്പുഴ, കഴുക്കോൽ, പട്ടുച്ചട്ടി, മുത്തുച്ചിപ്പി, മുത്തുക്കുട, പഞ്ചുപ്പാട്ട്, അവനുക്കു കൊടുത്തു, ഇരവിക്കച്ചെല്ലാനിന്റെ, കേട്ടുക്കൊണ്ട. ഇവ മലയാളത്തിൽ അച്ചുകൂടം, പട്ടുപുഴ, ഇരവിക്കുചെല്ലാനിന്ന, കേട്ടുകൊണ്ട് ഇത്യാദിയാകും. (കഴുക്കോൽ, മുത്തുച്ചിപ്പി, മുത്തുക്കുട എന്നിവ ദ്വയീകരണത്തോടുകൂടിത്തന്നെ മലയാളത്തിലും നടപ്പ്). ഈ ദ്വയീകരണത്തിന്റെ ദൃഷ്ടാന്തങ്ങളെ ചെപ്പേടിൽ, പ്രസക്തിയില്ലായ്കയാൽ, ഉദാഹരണമില്ല. എന്നാൽ അക്കാലത്തെ മററു

---

(16) വേണ്ടിയ അച്ച് ഇല്ലായ്കയാൽ ഈ പുസ്തകത്തിൽ സ്വരസ്പർശം ഇല്ലാത്ത തനി വ്യഞ്ജനം കുറിക്കാനും കല ഉപയോഗിച്ചുപോയി. ലിഖിതങ്ങളുടെ പാഠങ്ങളിലുംമററും ഉള്ള കട്ടത്താര്, തേവര്ക്ക, ക്നായി മുതലായവയിലെ ര, ക എന്നിവയെ ഒരു സ്വരവും ചേർക്കാതെ തനി വ്യഞ്ജനങ്ങളായി വായിച്ചുകൊള്ളണം. ര് ർ അല്ല.

ശേരളീയലിഖിതങ്ങളിൽ ചേയീകരണം കാണുന്നുണ്ട്. ഉ—ം: കോതെക്കച്ചെല്ലാനിന്റെ (T. A. S. III, 166 and 170); വന്മർക്കച്ചെല്ലാനിൻറ, ജോയിറഷെച്ചൂ (III, 180); തിരുവടിക്കച്ചെല്ലാനിൻറ (II, 39 and Ind. Ant, XX, 290). ഈ ലിഖിതങ്ങളിൽ തന്നെ ചേയീകരണം കറിക്കാതെയും കാണുന്നു. ഒററയായി എഴുതിയാലും ഇരട്ടിപ്പായി വായിക്കണം എന്നായിരുന്നിരിക്കണം പ്രമാണം. ഇ. കൊ. ചെപ്പേട്ടിൽ ചക്രവർത്തിക്ക തിരുവിരാച്യം, നകരത്തുക്ക കർത്താവ്, കൊത്തൻക്ക പറകൊണ്ടു, നാമേക്ക കട്ടത്തൊം എന്നിവയിൽ ചേയീകരണത്തിനു പ്രസക്തിയുണ്ടെങ്കിലും ഒരു ദിക്കിലും ഇരട്ടിച്ചിട്ടില്ല. ഉണ്ണുനീലിസന്ദേശത്തിലും ലീലാതിലകത്തിലും ഇങ്ങനെ തന്നെ. താഴെ കാണുന്ന 1218-ലെ കണ്ടിയൂർ ലിഖിതത്തിലും ഇരട്ടിപ്പില്ല.

യൂദന്മാരുടെ ചെപ്പേടിന്റെ കാലത്ത് അനുനാസികീകൃതങ്ങളും അല്ലാത്തവയും ആയ രൂപങ്ങളുടെ എണ്ണം മിക്കവാറും സമമായിരുന്നു; എന്നാൽ ഐ-എ, അ പരിണാമം അത്യല്പശതമാനമേ ഉണ്ടായിരുന്നുള്ളു. ഇ. കൊ. ചെപ്പേട്ടിൽ അനുനാസികീകരണത്തിന്റെ ശതമാനം മിക്കവാറും യൂ. ചെ. യുടെ കാലത്തെപ്പോലെതന്നേ; എന്നാൽ ഐ-എ, അ പരിണാമം ഉദ്ദേശം 95 ശതമാനം കാണുന്നു.

തെക്കൻമലയാളനാട്ടിലുൾപ്പെട്ട കവിയൂർ, തിരുവമ്മണൂർ, തിരുവാററാ, തിരുവല്ലാ, കണ്ടിയൂർ എന്നീ കരകളിലെ ലിഖിതങ്ങൾ കൂടെ പരിശോധിച്ചാൽ അനുനാസികീകരണത്തെയും ഐ-എ, അ പരിണാമത്തെയും പററി കൂടുതൽ വിവരങ്ങൾ ലഭിക്കും. ഉദ്ദേശം ക്രി. വ. 375 മുതൽ 1218 വരെ ഈ സ്ഥലങ്ങളിൽ വെട്ടിയ ലിഖിത

ങ്ങളിൽ (17) യു. ചെ. യുടെ കാലത്തെപ്പോലെ ഖണ്ഡരൂപങ്ങളും അനുനാസികീകൃതരൂപങ്ങളും സംഖ്യയിൽ ഏകദേശം സമമായിരിക്കുന്നു. ഐ-എ,അ പരിണാമം, അന്നത്തെപ്പോലെ, അല്പശതമാനമേ ഉള്ളുതാനും (18). ഭാസ്കരരവിവർമ്മയുടെ കാലത്ത് (യു. ചെ. യുടെ കാലത്തുതന്നെ) തൃക്കടിത്താനം, പെരുന്നയിൽ എന്നീ കരകളിലുണ്ടായ ലിഖിതങ്ങളിലും മേല്പറഞ്ഞപ്രകാരമുള്ള ഭാഷയാണു കാണുന്നത്.

ഐ-എ,അ പരിണാമം പ്രാചുര്യത്തെ പ്രാപിച്ചത് മുൻകണ്ട ഉത്തരകാലസീമയായ 1218-നു ശേഷമാണെന്ന് ഈ ലിഖിതപരിശോധനയാൽ വെളിവാകുന്നു. അതുകൊണ്ട് ഇ. കെ. ചെപ്പേട് 1218-നു ശേഷമുള്ളതാണ് എന്നു തിട്ടം. അക്ഷരവടിവും ഈ അഭ്യൂഹത്തെ താങ്ങുന്നുണ്ട്.

II

മലയാളഭാഷയ്ക്ക് ഓരോ കാലഘട്ടത്തിൽ ഉണ്ടായിരുന്ന രൂപം മനസ്സിലാക്കുന്നതിന് ചില ലിഖിതങ്ങൾകൂടെ ഇവിടെ പകർത്താം. വിസ്തരഭയന്നതാൽ ദീർഘലിഖിതങ്ങൾ ചേർക്കുന്നില്ല.

---

(17) കാലം കുറിച്ചിട്ടുള്ളവയും, ഭാഷയുടെയും അക്ഷരവടിവിന്റെയും തെളിവുകൊണ്ടല്ലാതെ കാലം നിർണ്ണയിക്കാവുന്നവയും, പ്രതിഛായ ഞാൻ കണ്ടിട്ടുള്ളവയും ആയ ലിഖിതങ്ങളേ ഇവിടെ സ്വീകരിച്ചിട്ടുള്ളു.

(18) ഈ സ്ഥിതിക്ക് യു. ചെ. യിലെ ഭാസ്കരരവിവർമ്മന്റെ കാലം ക്രി. 1000 ആണെന്നു ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള അവർകൾ പറഞ്ഞിട്ടുള്ളതു ശരിയാണെന്നു വരുന്നില്ലയോ? ഭാസ്കരരവിയുടെ കാലം പത്താംശതകം എന്നാണല്ലോ മിസ്റ്റർ ഡാനിയേൽ സ്ഥാപിച്ചിരിക്കുന്നത്.

സ്വസ്തി, ശ്രീ. കലിയുക ന്തുടങ്ങി നാലംശിരത് (ത്ര) അമ്പത്തൊരംമൊണ്ടു തിരുക്കവിയൂര് പട്ടാരകക്കു(ദേവന്) മകിഴഞ്ചേരിത്തേവൻ ചേന്നൻ തിരു

ക്രി. 950, കവിയൂർ.

വിളക്കു ന്തിരുവമിരുതു (അമൃത്)ന്തിരുവക്കിരമ (അഗ്രഭോജനം) ന്തിരുച്ചന്നണമ (ചന്ദനം) ന്തിരുപ്പുകൈയു (ധൂപം) മമച്ചാൻ (ഏ ല്പ്പിട്ടത്).

വിളക്കിനുക്കു ഉരിനെയ്യും ഇരുനാഴി അരി തിരു വമിര്ദ്ദും പുകൈക്കു മണ്ണിനാർ (ആ ദേ ശത്തെ നിവ തനാൽ) ചെൽവിട്ടു. തേവൻ ചേന്നനൈ കാരാള രാർ (കാരാണ്മയായി കൃഷി ചെയ്യുന്നവരാൻ) ചെലിത്തി ച്ചുകൊള്ളക്കടവിയര് ഉരരാള(ര്). ചേന്നൻകരി തിരുവ ക്കിരത്തിനു, കട്ടിക്കു ചന്ദനത്തിനു, പുകൈക്കു ചിറ പുനയിൽ തലൈ ചാത്തൻ ക്കുറ നമൈച്ചാൻ. മുഴി ക്കളത്തു കച്ചു (മറ, നമ്പ്, മറ്റും) തൊടങ്ങക്കം (See T. A. S. I, plate opposite p. 283 and ibid. V, p. 7).

ഇതു തിരുവല്ലാ കവിയൂർ ശിവക്ഷേത്രത്തിലുള്ള ഒരു ശിലാലിഖിതം ആകുന്നു. പ്രതിമായ പ്രസിദ്ധപ്പെട്ടു ത്തിട്ടുള്ളത് അതു തെളിഞ്ഞിട്ടില്ലാത്തതുകൊണ്ട് ടി പാഠം ശരിയോ എന്നു പരിശോധിപ്പാൻ കഴിഞ്ഞില്ല

സ്വസ്തി, ശ്രീ. തിരുക്കണ്ണിയൂര് മഹാദേവര്ക്കു സര്വ്വാ തിത്യം ചെയ്യുമള്ളി ച്ചെല്ലാനിൻറയാണ്ടു ന്നൂറൻധർ-ലാ മാണ്ടെ മേടവ്യാഴത്തിൽ കൊല്ലം

ക്രി. 1218 കണ്ണിയൂർ.

ന്നൂറൻധാ-ണാമാണ്ടെ തുലാഞായിറു ധന ചെന്റ വെള്ളി അനിഴം ഇന്നാൾ മുതൽ തളിയാണ്ടു ന്നൂറൻധന്ന-ാം മാ ണ്ടെ. ഇടപവ്യാഴത്തു ന്നിക്കൊല്ലം ന്നൂറൻധഞ്ഞ-ാംമാ ണ്ടെ മേടഞായിറു വൃ ചെൻറ ഞായിറു മകൈയിരം

ഇന്നാറുക ഉടൈപ്പട്ട കാലത്തിൽ തിങ്കൾ ൰൯-നാൽ നാൾ ഉത്രാടം * ഇന്നാ ളിക്കണ്ടിയൂര് മഹാദേവര് തിരുവുടമ്പു ശ്രീപീഠമും ഒഴയ (ഒഴിയ) ശ്രീവിമാനമും അവിക്കിണറും വിളക്കുമാടമും പണിചെയ്യിച്ചു തിരുക്കലചം മടിച്ചരുളിയ ഓടനാട്ടു വാഴ്ന്തരുളിൻറ ഉതൈചിരമങ്ഗലത്തു. ശ്രീവീരപെരുമററത്തു ഇരാമകോതവർമ്മതിരുവടി തിരുവുള്ള ചെയ്യരുള കണ്ടിയൂര് ദേവടിച്ചി കരങ്കടി ഉണ്ണികളത്തിരാ ഇരുക്ക വേണാട്ടുടൈയ കീഴ്പ്പേരൂര് (തിരുപ്) പാപ്പൂര് മൂപ്പു വാഴ്ന്തരുളിൻറ ഇര ..കേരളവ(ര മ്)മതിരുവടിയിൽ നിൻറ തിരുപ്പണി ചെയ്യിച്ചരുള ഇപ്പണി ചെയ്യിച്ചരുളി,.........വിക്കിരൻ ആതിച്ചനം ശ്രീ തിരുപ്പണിയും മടിച്ചു തിരുക്കലചമും ആടിച്ചരുളിയതൊക്കെ ഇവൈ വിക്കിരമൻ ആതിച്ചൻ എഴുത്തു. പുള്ളിക്കണക്കു എഴുതി തിരുപ്പണി ചെയ്യിച്ച നന്താമനൈച്ചേരി ഇരാമങ്കുണ്ടൻ എഴുത്തു. (T. A. S. I, plate opposite p. 296. കണ്ടിയൂർ മാവേലിക്കരത്താലൂക്കിലാണ്).

ക്രി. 1373, ചിതറാൽ.

കൊല്ലം ൫൱൪൰൮-(മാ)ണ്ടു മേടമാസം ൰൩·൹- എഴുതിയ കണക്കു. തിരുനകരം തിരുക്കൂടക്കരെ തനം ചെട്ടി നയനാര് നാരായണൻ കാളി തന്റെ പെൺവഴി കൻഞി (കന്യ)യായൊള്ള കാരാണ്മ— തിരുച്ചാരണത്തു ഭഗവതി കോവിലിൽ അടിച്ചുതളി മുതലായൊള്ള പിറവൃത്തി (പ്രവൃത്തി) എർപെര്പ്പട്ടതും—ടി ആണ്ടു മുതല ടി കോവിലിൽ പ്പാതമൂലത്തവരെ കൈയാളിച്ചു, അവര്ക്കു ചാവുപ്പില ഒണ്ടായാൽ ൰൬-നാൾ അൻറ മൂത്തനയനാര് പിലകളി ഉണ്ണുമാറു; ഇതിനു മുടക്കം

വിരകിൽ (വരികിൽ) അൻറമത്തരാമാവിന്നു ൭-ങ്കഴഞ്ചു പൊൻ മുത്തരവും ചൊല്ലി, പഴയപടി തനംചെട്ടിനയനാഗ് നാരായണൻ കാളി തൻ പെൺവഴിക്കാരാണ്മ ടി കോവിലിൽ മാമണ്ഡപവും തിരുമടപ്പള്ളിയും അടിച്ചു തളിയും, തിരുവാറാട്ടിന്നു മഞ്ഞളും ഇടികെ... (T. A. S. I, plate facing p, 297). (19)

ചിതറാൽ തെക്കൻ തിരുവിതാംകോട്ട് വിളവങ്കോട്ടു താലൂക്കിലാണ്. ഇരവികുട്ടന്റെ ചെപ്പേടുപോലെ ഈ ലിഖിതവും ഉണ്ണുനീലിസന്ദേശത്തിന്റെ കാലമായ ക്രി. 1341-നോടടുത്തുണ്ടായതാണ്. പണ്ടേ കണ്ടുതുടങ്ങിയ അനുനാസികീകരണവും ഐ-എ, അ പരിണാമവും പില്ക്കാലത്തുണ്ടായ ലയികമണാമാവവും ഇതിൽ സർവ്വത്ര കാണുന്നു; അതിൽ പിന്നെ ഉണ്ടായ മ വ പരിണാമം, കലാസ്ഥരം, റ്റ-ന്ന പരിണാമം എന്നിവ കാണുന്നുമില്ല. ഉ. നീ. സന്ദേശത്തിൽ ന-വ പരിണാമം കാണുന്നത് ഏട്ടെഴുത്തുകാലത്തു ഗ്രന്ഥം പകർത്തിയവരുടെ പ്രമാദം മൂലമാണ്.

കാലം (ആണ്ട്) നൂൻധ൫-ാമത്തു ഇടവഞായററ പത്തു ചെന്ന തിങ്കളാഴിച്ചയും തിരുവോണവും പഞ്ചമിയും,
ഇന്നാളാൽ നമുക്കുള്ള തിരുനാവായിക്കള
ക്രി. 1610, ത്തു ചങ്കരനാരായണമൂർത്തി നടെയും പിറാ
തൃപ്പാപ്പൂർ? കാരം (പ്രാകാരം) അടക്കി വത്തുകിരത്തി
യം (വസ്തുകൃത്യം) യെപ്പേർപ്പെട്ടതും അക്ക

---

(19) ഈ ഗ്രന്ഥകാരൻകൂടെ ചേർന്നുണ്ടാക്കിയ ഒരു പാഠം T. A. S IV, 149-ൽ ഉണ്ട്. പിന്നീട് സ്വയം കുറേക്കൂടെ ശ്രദ്ധിച്ചു കണ്ടുപിടിച്ചതാണ് മേൽകാണുന്ന പാഠം, തന്മചെട്ടി, പെൺവഴിക്കാണി, കൈമാറിച്ചു പിലക്കുറി എന്നീ തെററുകൾ ഇവിടെ തിരുത്തീട്ടുണ്ട്.

വൃര് മാ(മ്ര)ന്തേവനു പൂവോടും നീരോടും താനംകൊടുക്ക യിൽ ആചന്ദ്രതാരകകാലമേ ചന്തതിപിരവേചമേ തേവനെ പൂചിച്ച വച്ചുപതിവിൻപാ(ൽ) മെക്കെയുന്നടത്തി കോക്കള (ഗോക്കളെ) രക്ഷിച്ച വത്തുവകകളും യാവിച്ച (= അനുഭവിച്ച്) പരിവാരം പ(ര)രിച്ചു ചങ്കേതം അടക്കി നമ്മുടെ ചൊരൂപ(സ്വരൂപ)ത്തേക്കുള്ള ചെങ്കോലും തലവലയും അഞ്ചുമലയും (ഐമ്മുലപ്പത്തു) മുപ്പറമുന്നാഴിയും മൊത്തുകത്തും (വിത്തും കുത്തുനെല്ലും, T. A. S; I, 293) അങ്കം ചുങ്കം തരക അടക്കി ആണ്ടു കണ്ണമെയും ഋട്ട(ദ്രഷ്ട)റെയും പരിച്ച ആക(ക്കോ)ണവരെ ആക്കി പോക്കേണവരെ പോക്കി യാചിച്ച കൊള്ളുമാറും അകവൂര് മാ(ര)മൻ തേവനു ചരവ്വ(സർവ്വ)ചുവാതന്ത്രിയമായി നടന്നുകൊള്ളുകയെന്നുവച്ച താനമോല(മാനപത്രം) ചെമ്പോലയിൽ യെഴുതിയിട്ടുകയും ചെയ്തു. (ശ്രീ മിംഘവൃത്തത്തിൽ ശംഖും പരശുവും). (൨൦)

ഈ അകവൂർ ചെമ്പോലയുടെ പ്രതിമയായ തിരുവനന്തപുരം മ്യൂസിയത്തിലുണ്ട്. അതു നോക്കി 1921-5-19-ൽ എഴുതിയെടുത്ത പാഠം പരിഷ്കരിച്ചാണ് മേൽ ചേർത്തിരിക്കുന്നത്. വളരെ വികൃതമായ അക്ഷരത്തിൽ ഈ ചെമ്പുതകിട് കൊത്തിയിരിക്കുന്നതുകൊണ്ട് ഈ പാഠത്തിൽ ചില പിഴകൾ കണ്ടേക്കാം.

മാറാൻ ഈശോ മിശിഹാ (ഈശോമിശിഹാ) പെറന്നിട്ട (ക്രിസ്ത്വാബ്ദം) [illegible]-കാലം വിരിച്ചിക

---

(20) ഈ ഗ്രന്ഥകാരൻകൂടെ ചേർന്നാണ് T. A. S. III, 216-ലെ ഇതിന്റെ പാഠം തയാറാക്കിയതെങ്കിലും അതിൽ വളരെ പിശകു വന്നുപോയി. ഇതിലെ ശംഖും പരശുവും തൃപ്പാപ്പൂർസ്വരൂപത്തിന്റെ മുദ്രയാണെന്നു തോന്നുന്നു. അകവൂർമന ഇന്നും ഉണ്ട്.

ഞായര്‍ ധനു-നു- പട്ടമനെ പറവൂര മാര്‍ത്തോമ്മാ പള്ളി
വെപ്പാന്‍ മാര്‍ യവുസേപ്പ (യൌസേപ്പ്)
ക്രി. 1566, മെത്രാനും മറ്റും പല ദേശത്തെ
പറവൂര്‍. (ദേശത്തെ) പട്ടക്കാരെയും എണങ്ങരും
കൂടി കരിച്ചും നാട്ടി തമ്മതിച്ചു കൊറവാ
നെ (കര്‍ബാന)യും ചെയിതു. അന്‍റ തന്നേ ഇക്കൊല്ലം
രെഖ്ധന-മത വിറിച്ചിക ഞായര്‍ ധനു-നു- + (ക്രൂപ്പ്, സു
റിയാനിയില്‍).

ഇത് പറവൂര്‍ യാക്കോബായ പ്പള്ളിയുടെ മദ്ബഹാ
ത്തില്‍ ആനവാതിലിന്‍റെ തെക്കേവശത്ത് സ്ഥാപിക്ക
പ്പെട്ടിരിക്കുന്ന ഒരു കരിങ്കല്ലിന്മേല്‍ ഉള്ള ലിഖിതത്തിന്‍റെ
(21) പാഠമാണ്. (ഈശോ മിശിഹാ=Jesus the Messiah. കര്‍ബാന=പള്ളിയിലെ ഒരു കര്‍മ്മം, വിശു
ദ്ധകുര്‍ബാന).

മാറാന്‍ ഈശോമിശിഹാ ഭൂമിയില്‍ പിറന്ന് 1590
കുംഭമാസം ൨൨-ാംനു- ഞായറാഴ്ചനാറം പള്ളി വലുതാ
യി പണിവാന്‍ മാര്‍ അബ്രഹാം മെത്രാ
ക്രി 1590, നും നാലു കത്തങ്ങളും (=കത്തനാരന്മാ
കടുത്തുരുത്തി. രും)—കൊല്ലം ൭൬൫—കര്‍ബാനക്കപ്പായ
വുമിട്ട് ഒരുകല്ല് അഞ്ചുകൈകൊണ്ടു പി
ടിച്ച് മട്ടബഹായ്ക്കു വെച്ചു, ആമ്മീന്‍ ഈശോ. (കോട്ടയം
പത്രിക—1922—7—26, വെസ്റ്റേണ്‍സ്റ്റാര്‍—1922—2—9
കാണ്‍ക).

ഇത് കടുത്തുരുത്തിയിലെ പഴയ പള്ളിയുടെ വട
ക്കേ ഭിത്തിയുടെ പുറവശത്തു വെച്ചുറപ്പിച്ചിരിക്കുന്ന ഒരു

---

(21) ഇതിന്‍റെ പകര്‍പ്പെടുത്തയച്ചുതന്നതിന് (1920-12-13-ല്‍ കിട്ടി) പറവൂര്‍ ജില്ലാക്കോര്‍ട്ടു വക്കീല്‍ എ. വി. മാത്യു അവര്‍കള്‍ക്കു ഞാന്‍ കടപ്പെട്ടിരിക്കുന്നു.

കരിശു കല്ലിൽ (22) ഉള്ള ലിഖിതത്തിന്റെ തർജ്ജമയാണ്. ലിഖിതത്തിന്റെ പകർപ്പു (23) കൈവശമില്ലായ്കയാൽ ശരിയായ പാഠം ചേർപ്പാൻ ഒക്കാതെ വന്നുപോയി.

മാറാനീശോ മിശിഹാ പിറന്നിട്ട ൧൬൨൪ ധനു— മത കമ്പഞ്ഞായെർ ധനു-൨൭-ം ഉദയനൊയമ്പ തുടങ്ങുന്റ ഞായറാഴിച്ചനാൾ അഷ്ടമിച്ച പത്തനാഴിക രാവ ചെല്ലുന്റപ്പോൾ ചത്തമാന കാതോലിക്കാ എക്കലെസിയാടെ (ecclesia, സഭ) ക്രൂട്ടത്തിലെ മലങ്കരെ മാർത്തോമ്മാ നസ്രാണികൾക്ക മേൽപ്പട്ടക്കാരെൻ ആയാ മാർ പെറഞ്ചിച്ചുക്ക മെത്തറാൻ കാലം ചെയ്തു. അന്റെ കൊല്ലം ൮൱-മത. (24)

ക്രി. 1624, പറവൂർ.

ഈ പറവൂർ റോമൻകത്തോലിക്കാപള്ളിയുടെ വടക്കേ ഭിത്തിമേൽ 1914-ൽ ഈ ഗ്രന്ഥകാരൻ കണ്ട ഒരു ശിലാലിഖിതത്തിന്റെ പാഠമാണ്. ഫ്രാൻസിസ് റോസ് (Francisco Roz) മെത്രാന്റെ മരണത്തീയതി ഇതിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ ഒരു ലത്തീൻതർജ്ജമ India Orientalis Christiana

---

(22) കല്ലേൽ, മതിലേൽ, പിഴക്കി, ലത്തീൻ, ഗവണ്ണദോർ, എബ്രായ, പരന്തിരീസ് മുതലായ പഴയവാക്കുകൾ ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത് ക്ഷന്തവ്യമാണെന്നു വിചാരിക്കുന്നു. ഇവ നീചവാക്കുകളല്ല.

(23) I am indebted to Dr. P. J. Thomas, M. A., Ph. D., D. Litt., Colombo, for a rough sketch of this inscription handed me for decipherment in 1921.

(24) ഈ പാഠം ഞാൻ 1920—11—12-ലെ നസ്രാണിദീപികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

(1798), p. 64-ൽ കാണുന്നു. T. A. S. I. 300-ൽ ഇതിന്റെ ഒരു അപൂൎണ്ണപാഠം പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

കരപ്പുറത്തു കടക്കരപ്പള്ളി തെചത്തു കൊല്ലാട്ടുവീട്ടിൽ പിറന്നു. അവിടെ കുടിയിരിക്കും വേകോവൎണ്ണത്തിൽതുലോം ചുറതാപിം(പ്രതാപം)ഉള്ള.

കി. 1675, കൊച്ചി.

മലയാം വൈദ്യനിയെൻ നിച്ചയിക്കും പിറകാരം. ഹെന്തിറിക്കി വൻ റേതെ (Hendrick van Rhede) കുമ്മദോരുടെ (Commodore) കൽപ്പനയാൽ കൊച്ചിയിൽ കോട്ടെയിൽ യവനാ (ലത്തീൻ) പൊത്തകത്തിൽ ചാൎത്തിയ വിരക്ഷ (വൃക്ഷ) ങ്ങളും ചെടവീൎക്കങ്ങളും വള്ളികെളും പുൽക്കലങ്ങളും, വിത്തചാതികൾ (വിത്തുജാതികൾ) കൊണ്ടു കൈ (കാൎയ്യം) ചെയ്കയും നമ്മുടെ കെരന്തങ്ങളിൽനിന്ന കുറെയിക്ക (തുറിക്ക) കൊണ്ടും, ഒരോന്നിന്റെ പിറകാരവും അതുകൊണ്ടു ഉള്ള ചികിലിത്സയും (ചികിത്സയും) ഒക്കയും വകതിരിച്ചു ചിത്തിറ (ചിത്ര) ങ്ങളെകൊണ്ടു എഴുതിയ പിറകാരവും വിവെസ്ത (വ്യവസ്ഥ) വരുത്തി വെകുമാനപ്പെട്ട കൊമ്പഞ്ഞി (Company) യുടെ തുപ്പായി (ദ്വിഭാഷി) ആയ മണുവേൽ കൎന്നെരോ പറെഞ്ഞതിരിച്ചു അങ്ങു അറിവിക്കെയും ചെയ്തു ശീവണ്ണം ചമ്പെയം (സംശയം) തീരെ തിരിച്ചു അങ്ങു അറിവിച്ചതിന് മലെയാളത്തിൽ ഇതുകൊണ്ടു ഉള്ളതിൽ ചെല്ല്, ലച്ചെനങ്ങളൊടെ (ലക്ഷണങ്ങളോടെ) ചങ്ങചെയം (സംശയം) യെന്നിയെ എഴുതിയതെക്കെ ഏപ്രിൽ (April) മാതം ൨ ധനു ൧൬൭൫മത കൊച്ചിയിൽ കോട്ടെയിൽ

എഴുത്തു. (മുപ്പ്). കൊല്ലാട്ട വൈത്തിയെൻ (വൈദ്യൻ) ഒതയൻ: (?) (25)

ഈ ഈഴവവൈദ്യൻെറ പേര് ഇട്ടി അച്ചുതൻ എന്നായിരുന്നു. ഒതയൻ എന്ന പാഠം ശരിയാണോ എന്തോ

പള്ളിയപ്പുറമ്പിൽ വായിക്കര നംപുടിപ്പാട്ടിലെ എളമയിൻെറ (ഇളമയിന്ന്, ഇളമയിൽ നിന്ന്) എഴുനെള്ളി തംപുരാനെ കണ്ട പെറകാരവും കൊടുത്ത

ക്രി. 1725, അഴയച്ചു പെറക്കാരവും എഴുതിയ കണ കോഴിക്കോട് ക്ക. കൊല്ലം ൯൦൦-ആമത ഇടവഞായെർ ധ൫-നു- വിയാഴാഴിച്ചനാൾ പൊന്നാനി

വായിക്കെ വൈരനെല്ലൂർ കോവിലകത്ത ഇളമനെറ,

മുൻപെ ൭-നു- പൊതിനാഴിച്ചനാൾ അത്തമിച്ച എളെയ നംപുടി തിരുമുൽപ്പാട്ടുൻെറ (ഇളയ നമ്പൂതിരി തിരുമനസ്സ കൊണ്ട്) എഴുനെള്ളി തംപുരാനെ കാൺങ്കയും ചെയിതു. രണ്ടെട്ടത്തുൻെറ (രണ്ടുഭാഗം) ഉമൻെറമളി കണ്ടതും ഇല്ല. ധ൫-നു- യാത്തറ ഉണൎത്തിച്ച പുറപ്പെട്ടുകെയിൽ അൻെറ (അന്ന്) യാത്തറ ഉണൎത്തിക്കുംപൊൾ മരിയാതആകുംവണ്ണം തന്നെ വേണമെൻം ഉണൎത്തിച്ചതിൻെറ ചെഴം (ശേഷം) അവ്വണ്ണം തന്നെ എൻെറ അരുളിചെയിത (ചെയ്തു), നംപുതിരി തിരുമുൽപ്പാട്ടുൻെറ തിരുമൻംപിൽ എഴുനെള്ളിയാറെ ഇരിപ്പാൻ ഒര കരിംപടം കൊട

(25) I am extremely obliged to Dr. J. N. Farquhar, M A., D. Litt, Professor of Comparative Religion, Manchester University, for a photo of the original in Hortus Indicus Malabaricus by Van Rhede.

ന്നതിൽ ഇതന്റെ യാത്ര ഉണർത്തിച്ചു പുറപ്പെടുകയിൽ കൊടുത്ത ചകലാത്തുകപ്പായം ഫ (ഇത്യാദി). (26)

(See plate in Burnell's S. I. Palaeography).

ഇത് സാമൂതിരികോവിലകം വക ഒരു ഗ്രന്ഥവരിയിൽനിന്നാണ്. ബേണലിന്റെ പാഠം അത്ര ശരിയല്ല.

पुराण मित्येव न साधु सर्वं,
न चापि सर्वं न्व मित्यवद्यं ।
सन्तः परीक्ष्यान्यतरद् भजन्ते,
मूढः परप्रत्ययनेयबुद्धिः ॥

---

(26) ഈ ഗ്രന്ഥത്തിലുള്ള ലിഖിതപാഠങ്ങളെല്ലാം മൂലത്തിലെ തെറ്റുകളോടു കൂടെ യഥാപ്രകാരം ചേർത്തിരിക്കയാണ്. മൂലത്തിൽ ൦-ക്കു തുല്യമായ ചിഹ്നമോ, വിരാമചിഹ്നങ്ങളോ, പാരഗ്രാഫ പിരിവോ ഇല്ല.

പദദീപിക.

* * അഞ്ചുവണ്ണം (പു. 33), കൊടുങ്ങല്ലൂരുണ്ടായിരുന്ന യൂദഗ്രാമം. പറങ്കികൾ യൂദന്മാൎക്കു കൊടുങ്ങല്ലൂൎക്കടുത്തുണ്ടായിരുന്ന കോട്ട നശിപ്പിച്ചു് അവരെ ചേന്നമംഗലം മുതലായ അടുത്ത സ്ഥലങ്ങളിലേക്ക പായിച്ചു. അഞ്ചുവണ്ണംഗ്രാമത്തിലെ മണ്ണുകൂടെ കുറേ കൊണ്ടുവന്നു് ഇട്ടാണ് യൂദന്മാർ ശവം മറവുചെയ്യുന്നത് എന്നു കേരള പഴമയിൽ ഗുണ്ടെർട്ടു പറഞ്ഞിരിക്കുന്നു. Madras Journal Vol. XIII, Part II, pp. 13, 14 (1844). അഞ്ചുവണ്ണം എന്നാൽ യൂദഗ്രാമം, ഗ്രാമത്തലവൻ, ഗ്രാമക്കാർ എന്നീ അൎത്ഥങ്ങളും വരും. Anjuman എന്നാൽ സംഘം, സഭ. ഇവിടെ യൂദന്മാരുടെ സംഘം എന്നൎത്ഥം. (തമിഴിൽ അഞ്ചുവണ്ണത്തോൻ എന്നതിനു നെയ്ത്തുകാരൻ, ചാലിയൻ എന്നൎത്ഥം). 'ഇരവിക്കുട്ടിപ്പിള്ളപ്പോർ' (മദ്. 1635) എന്ന പാട്ടിൽ വേണാട്ടു സൈന്യത്തിലെ 72 പാളയക്കാരിൽ അഞ്ചുവണ്ണക്കാരെയും ഉൾപ്പെടുത്തിയിരിക്കുന്നു.

* * അട്ടിപ്പേറു് (പു. 10). ഭൂമിയും മറ്റും സൎവ്വാവകാശസഹിതം ദാനം ചെയ്യുമ്പോൾ, എഴുതിക്കൊടുക്കുന്ന ആൾ ഒരു പാത്രത്തിൽ വെള്ളമെടുത്തു് അതിൽ കുറേ പൊന്നോ (സഹിരണ്യപയോധാരാപൂൎവ്വകം) നാണയമോ ഇട്ടു്, കല്ലണം കൈയിലെടുത്തു് നീർ അതേൽ അട്ടുക (ഒഴിക്കുക) പതിവായിരുന്നു. എഴുതി വാങ്ങുന്ന ആൾ അങ്ങനെ വീഴുന്ന വെള്ളം തന്റെ കൈയിൽ വാങ്ങി കുടിക്കയോ തന്റെ തലയിലോ കാലേലോ നിലത്തോ ഒഴിക്കയോ ചെയ്യുന്നു. പിന്നെ കരണവും (ആധാ,

ചെപ്പെട്ട മുതലായവ) അയാൾക്ക കൊടുക്കുന്നു. ഇങ്ങനെയുള്ള പേറ് (പ്രാചീക്കൽ) ആണ് നീരട്ടിപ്പേർ, അല്ലെങ്കിൽ അട്ടിപ്പേറ്. ഉദകംചെയ്ത്, പൂവോടും നീരോടും ദാനംകൊടുക്ക, നീർ വാത്തുകൊടുക്ക, നീർ വീഴ്ത്തുക, അട്ടിപ്പേറോലക്കരണം, അട്ടിപ്പേർ നീരുദകമായി എഴുതിച്ചു കൊടുക്ക, അട്ടിക്കരണം, അട്ടിപ്പേറായി നീർവാങ്ങി, സോദകദാനം മുതലായ പ്രയോഗങ്ങളും ഉണ്ട്. അട്ടിക്കൊടുക്കുമ്പോൾ സജാതി, ബന്ധു, പുത്രൻ (അനന്തരവൻ), നരപതി, കരണം കൈഎഴുതിയ ആൾ, തത്സംബന്ധി (അടുത്തു പാൎക്കുന്ന ഒരുവൻ) എന്നിവർ ഉണ്ടായിരിക്കണം. രാജാവിനെ വരുത്തുകയോ, അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകയോ ചെയ്യാതെ വിവരം തെരിയപ്പെടുത്തിയാലും മതി.

* * അന്തോളം (പു. ൨3). "But when the nobles pass from place to place, they ride in a *dula* made of wood, something like a box, and which is carried upon the shoulders of slaves and hirelings."—Ibn Batuta, 1342-47 A. D.

* * അളവ് (പു. 23). തമിഴിൽ എണ്ണൽ, എടുത്തൽ (തൂക്കുക), മുകത്തൽ (നാഴിയാലും മറവും അളക്കുക), നീട്ടൽ (മുഴക്കോലുകൊണ്ടും മറവും അളക്കുക) എന്നു നാലു വക എന്നു ചിലർ. തെറിത്തലും ചേൎത്തേ൦ എന്നു ചിലർ. തെറിത്തൽ, നെല്ലും മറവും ചിതയ്ക്കുന്ന വിത്തുപാട് എന്ന അളവായിരിക്കാം.

* * അറന്നൂറവർ (പു. 14). ആഢ്യകുടിപാൎപ്പുകാരായ അറനൂറു നായർ വീട്ടുകാർ ആയിരിക്കാം. 'മുന്നൂററിലൊന്നു മുളമൂട്ടിൽ കണ്ട' എന്ന പഴഞ്ചൊല്ലിലെ മുന്നൂറ് കായങ്കുളം രാജ്യത്തെ മുന്നൂറു നസ്രാണി വീട്ടുകാരാണ്. മുളമൂട്ടിൽ കണക്കപ്പിള്ള നായർ.

* * ഇിരാവികൊറ്റൻ (പു. 2). റബികൊത്തൻ എന്നതിന്റെ വികാരം ആയിരിക്കാം. രവിയിൽനിന്നുണ്ടായ ഇരവിയല്ല. ഇക്കാറം പാരദേശി.

* * ഇരവു ചോറ് (പു, 10). രാത്രി കാവൽനിൽക്കുന്ന പടയാളികൾക്കു കൊടുക്കപ്പെടുന്ന ചിലച്ചെട്ടുക്കുന്ന നെല്ലായിരിക്കാം.

* * ഇഴക്കൈയൻ (പു. 10), ചാന്നാൻ. അകത്തു ചാന്ന നായർ, പുറത്തു ചാന്ന നായർ എന്നിവപോലെ ഒരു പ്രയോഗം. ഈഴവരോടു ചാന്നവൻ, ചാന്നാൻ, ചാന്നാൻ, ചാൻറാർ (=അറിവുള്ളവർ) വേറെ പദം.

* * ഈഴവർ (പു. 10). ഈഴത്തു നാടായ സിലോണിൽ നിന്നു വന്നവരാണ്. ചേകോൻ എന്ന പേർ ഇവക്കു കിട്ടിയതു് സിംഹളരാജാക്കന്മാരെ ഭദ്യത്തിയിൽ സേവിച്ചതുകൊണ്ടോ സിംഹളത്തെ ശൂദ്രർ (സേവകർ ആയതുകൊണ്ടോ ആയിരിക്കമോ? തീയർ എന്നപേർ തീവർ (ദ്വീപർ) എന്നതിൽ നിന്നുവന്നു. ചിലത്തികം എന്നപേർ സിംഹളം ദ്വീപർ (Serendib) ഒഷിച്ചു ചിലന്തിയർ ആയിട്ടു് അതിൽ നിന്നുണ്ടായതായിരിക്കാം. സിംഹളം ആണ് സിലോൺ ആയതു്.

വൈക്കം "പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ നിന്നും ചില അവകാശാനുഭവങ്ങളുള്ള ഒരീഴവകുടുംബമായ കാലാകാലലേഖ്രമസ്ഥമിയാൽ, ഈ ക്ഷേത്രപ്രതിഷ്ഠയെയും അതു സംബന്ധിച്ച ചേരമാൻ പെരുമാളിന്റെ മുഖ്യമന്ത്രിയായ കുന്നായിത്തൊമ്മനും സിംഹളത്തിൽ നിന്നുവന്നനുഷ്ഠിവവരും ചെയ്ത സഹായത്തെയും പററി പറഞ്ഞിട്ടുണ്ടുപോലും. (സമദർശിപ്പത്രം, 1924—5—20.)

കൊല്ലത്തു കോട്ടച്ചോവന്മാർ എന്നൊരു കൂട്ടരുണ്ടു്. അവർ കൊല്ലം പട്ടണത്തിൽ നിന്നു മൂന്നു മൈൽ കിഴക്കു വടക്കുള്ള കട്ടവിളയിലെ പണ്ടത്തെ രാജാവിൻെറ കോട്ടസ്സേവകന്മാരുടെ സന്തതികൾ എന്നു് ഐതിഹ്യം.

• • ഏണിക്കാണം (പ. 10.) ഏണിവെച്ചുകെട്ടി ചൂണ്ടപ്പന (ഒലട്ടി, ചെത്തുപന)യേൽ കേറി ചേത്തി കമ്മെടുക്കുന്നതിനുള്ള കരം ആയിരിക്കാം. (തളക്കാണം കാണുക).

• • ഏഴുവിധം വാദ്യങ്ങൾ (പ. 5.). തലപ്പറ, മദ്ദളി, കരടിക, താളം, ചെകണ്ടിക, കാളം, കൈമണി ഇങ്ങനെ ഏഴെണ്ണം മദ്രാസ മ്യൂസിയം വക ഉത്തമചോളദേവൻെറ (969—85) ചെപ്പേടിൽ കാണുന്നു. സപ്തവാദ്യം എന്നുപേർ പറഞ്ഞിട്ടില്ല. (Ind. Ant. for April, 1925, p. 69) പഞ്ചവാദ്യം കാണുക.

• • ഐങ്കമ്മാളർ (പ. 23) ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, ചെമ്പുകൊട്ടി. ഐങ്കുടി, ഐംകമ്മാളർ, ഐങ്കൊല്ലന്മാർ എന്നും ചിലയിടങ്ങളിൽ പറയും. തമിഴിൽ പഞ്ചകമ്മാളർ-കണാർ, കൊല്ലർ, ശില്പർ, തച്ചർ, തട്ടാർ എന്നിവർ. செம்பு செய்ஞர் (ചെമ്പുകൊട്ടി) கஞ்சகாரர் (മൂശാരി), பைம்பொன் செய்ஞர் (തട്ടാൻ) பொன்செய்கொல்லர் (ഉരുക്കുതട്ടാൻ, കൊല്ലൻ), மரங்கொற்றச்சர் (മരത്തച്ചൻ, ആശാരി) എന്നു മണിമേഖല 28, 35—37 വരികൾ. മണ്ണീട്ടാളർ എന്നൊന്നും അവിടെയുണ്ടു്.

• • കച്ചിൽപ്പട്ടു് (പ. 50), കച്ചിൽപട്ടണം. മലബാറിൽ ഏഴിമലയ്ക്കു വടക്കുള്ള ഒരു വ്യാപാരനഗരി.

• • കടഞ്ഞുവളഞ്ചിയം (പ. 23.), കടത്തുവാണിജ്യം, കരയ്ക്കുകടന്നു കച്ചവടം ചെയ്ക. T. A. S. III, 36-ൽ

"പതിനെട്ടിരാമത്യത്തിൽ വളഞ്ചിയതം" എന്നുണ്ട്. (കൊല്ലം 371-ലെ ഒരു ലിഖിതം.)

* * കണ്ടു (പ. 13); ഉണ്ടാക്കി, സമ്പാദിച്ചു. അപ്പൻ കണ്ടമുതൽ, കാഴ്ചം കാണുക മുതലായ പ്രയോഗങ്ങളുണ്ട്. നഗരം കണ്ടു എന്നാൽ കൊല്ലംപട്ടണം സ്ഥാപിച്ചു എന്നർത്ഥം.

* * കണ്ണുറങ്ങേൻ (പ. 50), ഞാൻ ഒരു പോളക്കണ്ണ് ഉറങ്ങുകയില്ല.

* * കപ്പാൻ (പ. 10) നഗരമുള ആയിരിക്കാം. കൊല്ലംനഗരത്തിൻെറ മുദ്രയും തൂക്കവും മുൻപ തങ്ങളുടെ അധീനത്തിലായിരുന്നെന്നും, തങ്ങളിൽ ഒരുവൻെറ കററവും അജാഗ്രതയും നിമിത്തം ആ പദവി തങ്ങളിൽ നിന്നു കൊല്ലം രാജാവ് എടുത്തുകളഞ്ഞെന്നും ആൽബുക്കക്കിനോട് 1504-ൽ കൊല്ലം നസ്രാണികൾ പറഞ്ഞു. (Commentaries of Alboquerque, I, 15). ഇതു മുള ആയിരിക്കാം കപ്പാൻ. മേല്പടി തൂക്കം, രാശക്കോലും പഞ്ചകണ്ടിയും ആണ്.

* * കന്നോർ (പ. 78), കണ്ണൽ. Port., Cornel (Colonel).

* * കടനാഴി (പ. 10), ഒരു കുടം കള്ളിനു നാഴിക്കുള്ള വീതം രാജാവിനു ചെല്ലേണ്ടിയിരുന്നായിരിക്കാം.

* * കരക്കേണിക്കൊല്ലം (പ. 10). ബൌർ എഴുതുമുതലാളി അല്ലെങ്കിൽ കൊല്ലത്തു കോതിമാപ്പിള എന്നു സാധാരണ അറിഞ്ഞുവരുന്ന മിയവാൻ സബിരിശോ എന്ന പരദേശി ക്രി. 835-ൽ "കണ്ടു നീരേററ" ഒരു പട്ടണം. ഇതു നസ്രാണികളുടെ രണ്ടു മുതൽസ്ഥലങ്ങളിൽ ഒന്ന്. "ബാധ നു ഇടവം ഞായർ ശ-ാംനു- കണിയാന്ത്രകടിയിരി

ക്കം കരക്കേണിക്കൊല്ലത്തു തൊമ്മിക്കുഞ്ഞുതൊമ്മി, തൊമ്മി ചാണ്ടിക്കത്തനാര്, തൊമ്മി അവുസേപ്പ്......", "കരക്കേണിക്കൊല്ലം മുതൽ തഴക്കരെ തെരുവിൽ കടിയിരിക്കും കരിശ്ശുംമൂട്ടിൽ മാത്തൻ" മുതലായവ കാൺക. കണിയാന്ത്രാഴിട തഞ്ചിവല്ലാ മെപ്രാദേശത്ത്. (മഹാദേവർപട്ടണം കാൺക).

തോമ്മാശ്ലീഹാ പള്ളി സ്ഥാപിച്ച സ്ഥലത്തിന്ന കൊരിച്ചേണിക്കൊല്ലം എന്നു കൊല്ലത്തു ചിലർ പറയാറുണ്ട്. ജോനകപ്പുറം എന്ന സ്ഥലത്തിനടുത്തു കടലിൽ കാണുന്ന കല്ലുകൾ ശ്ലീഹായുടെ പള്ളിയുടെ അവശിഷ്ടങ്ങളാണെപോലും. ആ കല്ലുകളിലൊന്ന് ജോനകപ്പുറത്ത് മിസ്റ്റർ ശെരയ്യാർ എന്ന ധനികൻ എടുപ്പിച്ച് അടുത്തുള്ള റോമാപ്പള്ളിയിൽ വെച്ചിട്ടുണ്ടുപോലും.

"കൊല്ലത്തു കോശിമാപ്പിളയുടെ മുതൽ കൊടുങ്ങല്ലൂർ കൊല്ലന്" എന്നൊരു പഴഞ്ചൊല്ലുണ്ട്. ഇതിന്റെ ഉത്ഭവം ഇങ്ങനെയാണെന്ന് ചരിത്രവിദഗ്ദ്ധനായ പെൻഷണ്ട് പ്രസ്സ് സൂപ്രണ്ട് മിസ്റ്റർ ജോൺ ചാണ്ടി (കോട്ടയം) അവർകളുടെ 1921-9-22-ലെ കത്തിൽ കാണുന്നു. കോശിമാപ്പിള കൊല്ലം റാണിയുടെ ഒരു സേവകനായിരുന്നു, വലിയ പണക്കാരനും ആയിരുന്നു. അടുത്തുള്ള ഒരു രാജാവ് ഒരിക്കൽ റാണിയെ യുദ്ധത്തിൽ തോല്പിച്ചു തടവിലാക്കി. അപ്പോൾ കോശിമാപ്പിള സകലവും ഉപേക്ഷിച്ചു കുടുംബസഹിതം ചാത്തന്നൂർ കാട്ടിൽപോയി ഒരു കടലിൽ പാർക്കേണ്ടിവന്നു. കൊല്ലം പിടിച്ചടക്കിയ രാജാവ് കോശിമാപ്പിളയുടെ വീടു പൊളിപ്പിച്ചു കടലിൽ എറിയിച്ചുകളഞ്ഞു. ഒരു തൂണ് കടലടിച്ചു കരക്കുകേററിയത് അഴീക്കോടിക്കായലിന്റെ വടക്കേക്കരെക്കുള്ള കൊടുങ്ങല്ലൂർ ദേശത്തെ ഒരു കൊല്ലനു കിട്ടി, അതിൽ കൊല്ലത്തു കോശിമാപ്പിള എന്നു പേരു

വെട്ടിട്ടുണ്ടായിരുന്നു. അടുപ്പിൽ വെക്കാൻ ഒന്നും ഇല്ലാഞ്ഞിട്ട കൊല്ലൻ ആ വെട്ടിക്കീറിയപ്പോൾ അതിൽ കുറേ ഏറെ രാശി കണ്ടു. അതെടുത്ത് അവൻ സൂക്ഷിച്ചു കഴിച്ചുവെച്ചിരുന്നു.

അങ്ങനെ ഇരിക്കുമ്പോൾ കോശിമാപ്പിളയുടെ കുടുംബത്തിൽ പെട്ട ഒരാൾ തെക്കിനു നടക്കുന്ന വഴിക്ക് കൊല്ലൻെറ വീട്ടിൽ കേറി, തൻെറ പൂർവികൻെറ പേരും ചരിത്രവും മഹത്വവും വളരെയും പറകയുണ്ടായി. കിട്ടിയ രാശിയിൽ കുറെയെങ്കിലും അയാൾക്കു തിരിച്ചുകൊടുക്കണമെന്നു വിചാരിച്ച് കൊല്ലൻ ഒരു കരിക്കു തുരന്നു രാശിയിട്ടടച്ചുശേഷം അത് അയാൾക്കു കൊടുത്തു. അതും കൊണ്ട് അയാൾ അയാളുടെ വഴിക്കു പോകയും ചെയ്തു.

വഴിയ്ക്കു ഒരു കടവു കടക്കാനുണ്ടായിരുന്നു കടത്തിയതിന് പ്രതിഫലം, അകപ്പൊരുളറിയാതെ, ആ കരിക്ക കടത്തുകാരനു കൊടുത്തു. കടത്തുകാരൻ അന്നു തന്നേ വള്ളത്തിൻെറ കോൽത്താഴ നന്നാക്കാനുണ്ടായിരുന്നത് മേല്പറഞ്ഞ കൊല്ലൻെറ ആലയിൽ കൊണ്ടുപോയി നന്നാക്കിച്ച് ആ കരിക്കുതന്നേ അവനു കൂലികൊടുത്തു. അത് ഏതാണെന്നു മനസ്സിലാക്കിയപ്പോൾ കൊല്ലൻ പറഞ്ഞതാണ് മേലെഴുതിയ പഴമൊഴിയായിരിക്കുന്നത്.

* * കൊല്ലവർഷം. കൊല്ലം തോൻറി (ഉണ്ടായി) ഇത്രാംവർഷം എന്നാണു പഴയ ലിഖിതങ്ങളിൽ. അതുകൊണ്ട് സബരീശോ കൊല്ലം പട്ടണം സ്ഥാപിച്ചതു മുതൽ കൊല്ലവർഷം എണ്ണിത്തുടങ്ങി എന്നു വിചാരിക്കാം. അതിനു മുൻപു കൊല്ലം ഒന്നു നശിക്കയുണ്ടായി എന്നു തോന്നുന്നു. 'മത്തവിലാസപ്രഹസനം' (ചെന്തമിഴ് ഗ്രന്ഥമാല, 27) എന്ന ഗ്രന്ഥത്തിൽ "കൊല്ലം അഴിന്തു"

501-ാം ആണ്ട്, ശകാബ്ദം 1246-നോടൊക്കുന്നതായി പറഞ്ഞിരിക്കുന്നു. അതുകൊണ്ടു് കൊല്ലവർഷം തുടങ്ങുന്നതിന് ഏകദേശം മനു സംവത്സരം മുൻപു കൊല്ലം പട്ടണം എങ്ങനെയോ നശിച്ചു എന്നു വിചാരിക്കാം.

"മുന്നെ കൊല്ലമില്ല കാലമറിവാൻ കലിയെ ഉള്ളു. അതു എല്ലാവൎക്കും തിരിയായ്കകൊണ്ടു അറുപത്തുനാലു ഗ്രാമത്തിൽ ബ്രാഹ്മണർ കേരളത്തിൽ ഉള്ള രാജാക്കന്മാരും കൊല്ലത്തയാവാരിയും കൂടി ചിറ കഴിച്ചു കാലം...... അന്നു ക്ഷേത്രം തീൎത്തു. കൊല്ലം അന്നുതുടങ്ങി വ്യാഴത്തിന്റെ മുമ്പിൽ നടത്തി ഇരിക്കുന്നു. കലി എല്ലാവൎക്കുമറിഞ്ഞുകൂടാ ജ്യോതിഷക്കാൎക്കു അറിഞ്ഞുകൂടൂ. കൊല്ലം എല്ലാവൎക്കും അറിഞ്ഞുകൊള്ളാം. അതുകൊണ്ടു കൊല്ലവും വ്യാഴവും കൂടി നടത്തുന്നു" (1086-ലെ കേരളചിന്താമണി കേരളോല്പത്തി, 35). കരക്കേണി കാൺക. കരക്കേണി=കരവന്റെ (ഇരവു), രാജാവിന്റെ കേണി, കളം. ചിറയും കേണിയും ഒന്നുതന്നേ.

** ചേരകോൻ (പു. 3) എന്നത് ചേരമാൻ എന്നതിനു പകരം പഴയ രേഖകളിൽ കാണുന്നു.

"ചേരകോൻ നാട്ടിൽ പടവിയേറം
ചെൽവ മൊഴിയാത വെയ്യനാട്ടിൽ
ഒക്ക തുറസ്സുള്ള തെക്കംകൂററിൽ
തിണ്ണമതർ മന്നന്റെ കോട്ടയകത്ത്"
"വൻപനാം ചേരകോൻ നാടുനോക്കി
ഓട്ടുന്ന കപ്പൽ കൊടുങ്ങല്ലൂൎക്ക്."

Cocurangon എന്നത് കോച്ചേരകോൻ എന്നാക്കിയിരിക്കുന്നു. കൊക്കരക്കോൻ (വില്ലവൻ) എന്നാക്കിയാലും ചേരമാൻ എന്നൎത്ഥം കിട്ടും.

ചേരമാൻപെരുമാൾ നായനാർ എന്ന ശിവഭക്തനായ ചേരരാജാവ് ക്രി. എട്ടാം ശതകത്തിൻെറ ഉത്തരാൎദ്ധത്തിൽ ജീവിച്ചിരുന്നു എന്ന് ഉള്ളൂർ മഹാകവി അവർകൾ 1093-ലെ ഭാഷാപോഷിണി, പു. 202-ൽ.

ഒരു ചേരമാൻ പെരുമാൾ മഹമ്മദമതം സ്വീകരിച്ചു എന്ന് പ്രബലമായ ഐതിഹ്യമുണ്ട്. ഇത് ഒരു സാമൂതിരി ആയിരിക്കുമോ? നസംഗൻ എന്ന ബൌദ്ധനായ കേരളരാജാവ് രാജ്യമുപേക്ഷിച്ച് ലവണാംബുനിധിയുടെ മദ്ധ്യത്തിലുള്ള മക്ക (മക്കം) ദേശത്തുപോയതായി കേരളമാഹാത്മ്യം 63-ാം അദ്ധ്യായത്തിൽ കാണുന്നു. "മക്കദേശംയുഗാരാമീത്യുക്താ സോയ നസംഗകഃ, സപുരാഘ്രാഗ്രഹിതാ ഹമക്കദേശ ഞ്ജഗാമ ഹ" (അദ്ധ്യാ. 63, ശ്ലോ. 9).

ചേരമാൻപെരുമാളുടെ അടുക്കൽ ക്നായിത്തൊമ്മൻ വന്നത് ശുഭാത്മം (ക്രി. 745) എന്ന ആണ്ടിലാണെന്നു കുഞ്ഞിക്കുട്ടൻതമ്പുരാൻെറ 'കേരള'ത്തിൽ കാണുന്നു. (പു. 143). തൊമ്മൻമാപ്പിളയുടെ വരവ് 'ശോവാല' (345-ൽ) യിൽ എന്നു നസ്രാണികളുടെ ഐതിഹ്യം. ശരി ഏതോ! വേണാട്, നെടിയിരിപ്പ് മുതലായവരും ചേരമാൻ സ്ഥാനം സ്വീകരിച്ചിരുന്നതായി കാണുന്നു.

** തണ്ടാർമാ (പു. 68) എന്ന് ഉണ്ണുനീലീസന്ദേശത്തിൻെറ കാലവാക്യം പൂൎവ്വം ഒന്നാം ശ്ലോകത്തിൻെറ തുടക്കത്തിൽ കാണുന്നു. ലക്ഷ്മ്യാരംഭേ (ഗേ അല്ലെന്നു തോന്നുന്നു) എന്ന് ശുകസന്ദേശത്തിൽ കാണുന്നപോലെ. രണ്ടും കൊല്ലവൎഷം. തണ്ടാർമായിൽ ഉ. നീ. സ. യിലെ രവിവൎമ്മർ നാടുനീങ്ങിക്കഴിഞ്ഞു. ശ്രീവീരഉദയമാൎത്താണ്ഡവൎമ്മ തിരുവടികൾ കൊല്ലം 491-ൽ വാണിരുന്നു.

Early Sovereigns, 1894, p. 59). 1923-8-30-ലെ മ. മനോരമയിൽ എൻെറ ലേഖനം കാൺക.

** തരകൻ (പ. 24). നസ്രാണി മാപ്പിളമാരിൽ ചിലക്ക് വ്യാപാരസംബന്ധമായ ഈ സ്ഥാനമുണ്ട്. മാത്തുതരകൻ സുപ്രസിദ്ധൻ. മഹമ്മദിയർ, ഈഴവർ, ചാലിയർ, പാലക്കാട്ട് ഒരു വർഗ്ഗം ശൂദ്രർ എന്നിവക്കും ഈ സ്ഥാനം ഉണ്ട്. തരക്, തരവ് എന്നതിന് ഉത്തരവ്, ചീട്ട്, എഴുത്ത്, ദല്ലാൽപണം എന്നീ അർത്ഥങ്ങളുണ്ട്. സുറിയാനിയിൽ താഗോറൊ=കച്ചോടക്കാരൻ, പെർഷ്യനിൽ ദറൊഗ=ഗവർണ്ണർ. നസ്രാണികൾക്കു തരകസ്ഥാനം വടക്കാണ് അധികം. തെക്കു മുതലാളിസ്ഥാനം അധികം.

** തലവിലയും മുലവിലയും (പ 14.) ഒക്കാമോഗമായി യഥാക്രമം ആണുങ്ങളോടും പെണ്ണുങ്ങളോടും വാങ്ങിക്കുന്ന പണം ആയിരിക്കാം; ഒരാളെക്കൊന്നാൽ കൊടുക്കേണ്ടപണത്തിനു തലപ്പണം എന്നു പേരുണ്ടായിരുന്നു. തലവില ഇതായിരിക്കുമോ?

** തളക്കാണം (പ. 10). (ത്ളായിപ്പ്) തളയിട്ടു തെങ്ങുകേറി ചെത്തി കള്ളെടുക്കുന്നതിനു കൊടുക്കേണ്ട കരം ആയിരിക്കാം. (ഏണിക്കാണം കാണുക). T. A. S. III, 41, 42. (കൊല്ലം 389-ലെ രേഖലിഖിതം).

** നാനംമോനം (പ. 34), വട്ടെഴുത്തിനും കോലെഴുത്തിനും കൂടെയുള്ള പൊതുപ്പേര്. അക്ഷരമാലയ്ക്കു മുൻപ് ദേവതാസ്തുതിയായി നമോത്തുചിത്തം (നമോസ്തു, സിദ്ധം) എന്നത് അക്ഷരം തിരിച്ച് നാനം, മോനം, ത്തന്ന, ത്തുന' എന്നിത്യാദിയായി ചൊല്ലുന്നതുകൊണ്ട് ആ അക്ഷരമാലയ്ക്കു ഈ പേരുണ്ടായി. പത്തൊമ്പതു സംവ

ത്സരം മുൻപുവരെ ഈ മലയാളത്തെ എഴുത്തുപള്ളിക ളിൽ പഠിപ്പിച്ചുവന്നിരുന്നു. തമിഴുനാട്ടിൽ രണ്ടു മൂന്നു ശതകം മുൻപു തന്നേ ഈ എഴുത്ത് പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കാതായി.

** നാലുവാതിൽ (പു. 15) കൊല്ലം കോട്ടയുടെ നാലുവാതിൽ ആയിരിക്കാം. അല്ലെങ്കിൽ കൊല്ലം നഗരത്തിന്റെ അതിർ കാണിക്കുന്ന നാലുവാതിലുകൾ ആയിരിക്കാം. രണ്ടാമത്തേതായിരിക്കാൻ എളുപ്പം. പണ്ടു രാജ്യാതിർത്തിയിൽ വാതിലുണ്ടായിരുന്നു. "That which separates the district of one king from that of another is a wooden gate upon which is written: 'The gate of safety of such an one. For when any criminal escapes from the district of one king and gets safely into that of another, he is quite safe; so that no one has the least desire to take him so long as he remains there'.—Ibn Batuta, 1342-47. മലബാറിലെ രാജ്യങ്ങളെപ്പററിയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. "ഇച്ചേരിക്കൽ നാലെല്ല അകപ്പെടത്തോരണമുന്നാട്ടി" എന്നു കൊല്ലം 371-ലെ വെള്ളായണിലിഖിതം. (T. A. S. III, 36). തോരണം, അതിർത്തിക്കല്ല്.

** നൈനാർ (പു. 53). നായകനാർ, നായനാർ, നയിനാർ, നാനാർ, നായൻ, നായർ, നായിക്കർ, നായുഡു എന്നിവയെല്ലാം നായകഃ എന്നതിൽ നിന്നുണ്ടായി. നാച്ചി, നാച്ചിയാർ, നെത്യാർ (അമ്മ), നേശ്യാർ എന്നിവ നായത്തി, നായത്തിയാർ. നസ്രാണികളെ ശൂദ്രജാതികൾ (നായനാർ) നാനാര എന്നുവിളിക്കാറുണ്ട്, നായകസ്ഥാനത്തിന് രാജാക്കന്മാർ പ്രത്യേകം പട്ടും (പുടവയും) വാളും കൊടുക്കാറുണ്ടായിരുന്നു. അങ്ങനെ പട്ടും വാളും കിട്ടാത്ത

ലരെയും (നായന്മാരെയും നസ്രാണികളെയും) ബഹുമാനമായി നായർ, നായനാർ എന്നു യഥാക്രമം വിളിക്കാറുണ്ട്. നസ്രാണികൾക്കും നായർസ്ഥാനം ഉണ്ടായിരുന്നതായി റോളിൻ (1745) പറയുന്നു.

"These Christians are highly esteemed by the gentile kings in whose country they live, and they engage themselves in respectable occupations such as commerce and military service" എന്നു നസ്രാണികളെപ്പററി ബാരെത്തോ പറയുന്നു. (Barretto: Relatione Delle Missioni, 1645, p. 20. See Ind. Ant., 1924, 259). ആവശ്യമില്ലായ്കയാൽ ഇന്നു നസ്രാണികൾ സൈന്യസേവനം ചെയ്യുന്നില്ല; കച്ചവടം തുടരുന്നു.

* * പഞ്ചകണ്ണി (പു. 10,16) അഞ്ചുകണ്ണി കൂടിയ കട്ടി ആയിരിക്കാം. അല്ലെങ്കിൽ പഞ്ചരുടെ കണ്ണി, പഞ്ചർ കണ്ണി, പഞ്ചകണ്ണി, പഞ്ചക്കണ്ണി. പഞ്ചർ=പാണ്ഡ്യർ. പാണ്ഡ്യരാജാക്കന്മാരെ പഞ്ചവർ, പഞ്ചർ എന്നും പറയാറുണ്ടായിരുന്നു. ജാതിയടി, കമ്മഞ്ഞിക്കട്ടി, മലയാം കട്ടി, കല്ലക്കാടൻപാറ, പട്ടണംപാക്കാ മുതലായവപോലെ പഞ്ചുക്കണ്ണി (പാണ്ടിക്കണ്ണി).

* * പഞ്ചവാദ്യം (പു. 23). ചെണ്ട കുറുങ്കുഴൽ, തിമില, ഇടക്ക, ഢമാനം എന്നു ഇണർട്ട്. ചെണ്ട, തിമില, ചെകണ്ണി, കൈത്താളം, കാഹളം എന്നു തിരുവല്ലാക്ഷേത്രം വകയെ ചെപ്പേടിൽ, ഇവയുടെ മഹാശബ്ദം പഞ്ചമാശബ്ദം. (എഴുവിധം വാദ്യങ്ങൾ കാൺക).

* * പതിപ്പുതവാരം (പു. 15) ദേശപതിക്ക്, ഇടപ്രഭുവിനു കൊടുക്കേണ്ട ദശാംശം. (പതവാരം, പസാരം), കൊല്ലം പട്ടണത്തിനു മൂന്നു മൈൽ കിഴക്ക

വടക്കുമ്മ കട്ടവിളയിലെ പണ്ടത്തെ രാജാവിന്റെ അധികാരാതിർത്തിയിൽ ഉൾപ്പെട്ട ദേശങ്ങളിൽ ദേശപതികളെ ആക്കി കാര്യങ്ങൾ നടത്തിവന്നിരുന്നു എന്നൈതിഹ്യം. കട്ടവിളരാജാവിന്റെ പാലത്തറക്ഷേത്രത്തിലും ഈ പതികൾക്ക് ചില അധികാരങ്ങളുണ്ടായിരുന്നു.

** പാണൻ ജാതിക്ക (പു. 56) പ്രധാന തൊഴിൽ പാട്ടും തുന്നലും. "പണ്ടുണ്ടോ പാണൻ പോത്തു പൂട്ടീട്ടുള്ളു" എന്നു പഴമൊഴി. തിരുവരങ്കൻ എന്നും പറയും. "തിരുവരിയരങ്കത്തു വാണെഴും പാണൻ." ബുദ്ധസന്യാസിമാരിൽ ഭാണകർ എന്നൊരു വർഗ്ഗക്കാർ ആദ്യകാലം മുതലേ ഉണ്ടായിരുന്നു. ബുദ്ധമതക്കാരുടെ ഐതിഹ്യങ്ങൾ പാരമ്പര്യമായി പഠിച്ച് ചൊല്ലുകയായിരുന്നു ഇവരുടെ ജോലി. നസ്രാണികളുടെ ഐതിഹ്യങ്ങൾ ചൊല്ലുന്ന പാണനും ബുദ്ധമതത്തിലെ ഭാണകനും തമ്മിൽ പേരിലും പ്രവൃത്തിയിലും സാമ്യം കാണുന്നു.

ഒരു തിരുവരങ്കൻപാട്ടിൽ (1924-5-8-ലെ മ. മനോരമയിൽ മിസ്റ്റർ ഇ. ഐ. ചാണ്ടി) പാണന് അവകാശം കിട്ടിയതിനു കാരണം പറയുന്നു. നായ്ക്ക പരിഷയിൽ ഒരു പെണ്ണിനെ പെരുമാളുടെ വെളുത്തേടൻ കൊട്ടതുമൂലം അവർ (സൂത്രപ്പന്തൽ നിർമ്മിച്ചു വെളുത്തേടനെ കൊന്നുംവച്ച്) ഈഴത്തുനാട്ടിൽ കടൽ പുറപ്പെട്ടുപോയി. ചേരമാൻ പെരുമാൾ ക്നായിത്തൊമ്മനോട് ആലോചിച്ചശേഷം അടയാളമായി പെരുമാളുടെ അംശവടിയും കൊട്ടുത്ത് അല്ലിമല(അല്ലൂർമല?)യിൽ തിരുവരങ്കനെ ഈഴത്തേക്കയച്ചു. അന്ന് മക്കത്തെ ജോനകരും ഢാഞ്ചി (ദാഞ്ചി, ചീനം?) യിലെ ചണ്ഡാളരും തമ്മിൽ പടപൊരുതായിനിന്ന കാലമായിരുന്നു. പാണൻ പട കടന്ന് ഈഴത്തുചെന്ന് കൌശലത്താൽ നായ്ക്ക പരിഷയെ (കമ്മാള

രെ തിരികെ കൊണ്ടുവന്നു. അവർ പണിപ്പുകൊടുത്ത ഒരു മുടിയും പാണൻ കൊണ്ടുവന്നു തമ്പുരാനു കാഴ്ചവെച്ചു. (ഇവരെ തിരിയെ കൊണ്ടുവരാൻ സഹായിച്ചതിന്) ആ മുടിയും 72 പദവികളും പെരുമാൾ തൊമ്മനു കൊടുത്തു.

പന്തലിൽ ചോരം താനേവന്ന കരിയാനയും എട്ടോടിയിൽ കണങ്ങളും കാലഭപാത്തും വിഞ്ഞും തിരുവരങ്കനു സമ്മാനം കിട്ടി. അവൻ പാലുവള്ളി പനനാരിട്ട് മാടക്കാലൽ ആനയെ തളച്ചു, കല്പമാടം മലത്തിവെച്ചു കൊലയാന പെരുംപൂളുന്നു. കടുതലയാൽ പൊരുത് അവൻ പോത്തു പൂട്ടി (പ'ഴഞ്ചൊല്ലുമലുണ്ട്), അതു പിണങ്ങിമലകേറി. വിതപ്പാനായ് കൊടുത്ത വിത്ത് വറത്തിടിച്ചു മധുകടിച്ചു. സന്തതിമാർ കാലത്തിലേ പോത്തും കൊലയാനയും വേണ്ടതിയന് എന്നു പാണൻ ഉണർത്തിക്കയാൽ, രൊണ്ടിൽ ഒരു കറി കൾക്കടകമാസത്തിൽ എഴുനാഴിക രാച്ചെന്നാൽ എഴുവീടുപാടി പഴ്വിത്താ, ഉപ്പോടെ ഉപ്പുമാങ്ങാ, മുളക, പുളിയാൽ എണ്ണ ഇഞ്ചിയും (ഒരു പറയിലുള്ള വസ്തുക്കളിൽ ഒരോഹരി) നിനക്കുതരും എന്നു വരംകൊടുത്തു.

** പിടിനടത്തി (പ. 14), പിടിയാനയെ നടത്തി അതിരു തെളിച്ചു. ഇത് ഒരു പുരാതനസമ്പ്രദായം. കരിണീപരിക്രമണവിസ്പൃഷ്ട സീമാചതുഷ്ടയം, പിടിച്ചൂഴ്ന്നു പിടാകൈ നടന്നു, ഇഭിപ്രതീതസീമാ എന്നും രണ്ടു ചെപ്പേടുകളിൽ കാണുന്നു. ചേരകോൻ പെരുമാൾ വേട്ടയാടാൻ പോയി കാടൊക്കെയും വളഞ്ഞു എന്ന് ക്നാ. ചെ.യിൽ (പ. 4) തർജ്ജമചെയ്തിരിക്കുന്നത് പിടിനടത്തി എന്നു മൂലത്തിലുള്ളതു തെറ്റി ധരിച്ചിട്ടായിരിക്കണം.

** പൂലാത്തിൻ (പ. 2)=കൊട്ടാരം തിരുവല്ലായുള്ള, മാർ തോമ്മാ മെത്രാപ്പോലീത്താ തിരുമനസ്സിലെ അരമന. പൂലാത്തിൻ സുറിയാനിവാക്കാണ്. (Palatine).

** പ്രകൃതി (പു. 10,34) പൌരസമൂഹത്തിന്റെ പ്രതിനിധി ആയിരിക്കാം. "സ്വാമ്യമാത്യ സുഹൃൽ കോശ രാഷ്ട്ര ദുർഗ്ഗ ബലാനി ച, രാജ്യാംഗാനി പ്രകൃതയഃ, പൌരാണാം ശ്രേണയോഽപി ച" എന്ന് അമരം. "படை குடி கூழமைச்சு நட்பரணாறும்" എന്നു കുറൾ. രാജ്യാംഗങ്ങൾ ഏഴും ശത്രുവും കൂടി എട്ടു പ്രകൃതികൾ എന്നു കൌടല്യൻ സംജ്ഞചെയ്തിരിക്കുന്നു. (അർത്ഥശാസ്ത്രം VI, I). യൂദന്മാരുടെ ചെപ്പേട്ടിൽ പ്രകൃതി എന്നതിന് ഭാഗിനേയരും ജാമാതാക്കളും എന്നർത്ഥം.

** പ്രസാദം (പു. 33), പ്രസാദപത്രം. ദേവണ്ണായുടെ സ്മൃതിചന്ദ്രികയിൽ ഇങ്ങനെ കാണുന്നു: "ബൃഹസ്പതിർ അന്യമപി രാജകീയം പ്രസാദലേഖ്യാഖ്യം പത്രം ആഹ.

ദേശാദികം യത്ര രാജാ ലിഖിതേന പ്രയച്ഛതി സേവാ ശൌര്യാദിനാ തുഷ്ടഃ പ്രസാദലിഖിതം ഹി തൽ— ഇതി."

** ഭാരക്കോല് (പു. 10, 16). ഭാരം തൂക്കുന്നതിനുള്ള കോൽ ഭാരക്കോൽ. കഴഞ്ചിക്കോൽ, വെള്ളിക്കോൽ മുതലായവപോലെ. "എട്ടെട്ടുഭാരം കനകത്തെ നിത്യം മുട്ടാതെനൽകുന്നൊരു തെന്മേതൽ" — ശ്രീകൃഷ്ണവിലാസം. (പഞ്ചകണ്ടി കാൺക). കൊല്ലത്തെ ക്രിസ്ത്യാനികൾ ചരക്കുതൂക്കുന്ന പബ്ലിക്കാപ്പീസിന്റെ അധികാരികൾ ആണെന്നു മരിഞ്ഞോലി (1348—9) പറഞ്ഞിരിക്കുന്നത് ഭാരക്കോലിനെയും പഞ്ചകണ്ടിയെയുംപററി ആയിരിക്കണം. (കപ്പാൽ കാൺക). മരിഞ്ഞോലിയുടെ കാലത്ത് (1348-ൽ) അവർക്ക് മേല്പടി അവകാശം ഉണ്ടായിരുന്നു. Yule's Cathay, III, 216). പോർത്തുഗീസു റിക്കാർട്ടുകളിൽ bhar, faracolla എന്നിങ്ങനെ കാണു

ന്നത് ഭാരം, ഭാരക്കല്ല് എന്നിവയാണ്. ഒരു ഭേരക്കല്ല്= ഫവ്വ പറങ്കിപ്പൌണ്ട്. Danvers Portuguese in Asia, I, 291).

* * മണിഗ്രാമപട്ടം (പ. 23), മണിഗ്രാമക്കാർ എന്ന നസ്രാണിച്ചെട്ടികളുടെ തലവൻ എന്ന സ്ഥാനം. ബ്രാഹ്മണസമുദായ പ്രമാണിക്കു പ്രതിനിധിക്കോ 'സമുദായം' എന്നു പേരുള്ളതുപോലെ മണിഗ്രാമത്തിന്റെ പ്രമാണിക്ക മണിഗ്രാമം എന്നു പേർ കല്പിച്ചു എന്നു വിചാരിക്കാം. മണിഗ്രാമം എന്ന സ്ഥാനം മണിഗ്രാമപട്ടം. മണിഗ്രാമക്കാരിൽ നാട്ടന്മാരും പരദേശികളും ഉണ്ടായിരുന്നിരിക്കണം. ത. ചെ. ൨-ലെ കാഫിക്ക നാമധേയങ്ങളും ഇരവികൊത്തൻ എന്നതും പരദേശികളായ മണിഗ്രാമക്കാരുടെ ആയിരിക്കണം. തരുതാപ്പള്ളിയിലും നാട്ടനും പരദേശിയും ഉണ്ടായിരുന്നു.

* * മണ്ണുനീർ (പ. 15, 22), മണ്ണുന്നതിന് (കുഴകുന്നതിന് കുളിക്കുന്നതിന് ഉള്ള നീര് (വെള്ളം). മണ്ണീർ എന്നും. "കടൽപെരിയ മണ്ണീരമാകാ, അതനരുകെ ചിറ്റൂറൽ ഉണ്ണീരമാകിവിടും" എന്നു തമിഴിൽ. മണ്ണുനീർ കോരുക കല്യാണങ്ങൾക്ക് ഇന്നും ചില ഇടങ്ങളിൽ ഉയർന്നജാതി ഹിന്ദുക്കളുടെ ഇടയിൽ നടപ്പുണ്ട്. ഇപ്പോഴത്തെ നമ്മുടെ മഹാറാണിമാർ തിരുമേനികളുടെ പള്ളിക്കെട്ടിന് ആനമേൽ മണ്ണീർ കൊണ്ടുവരിക ഉണ്ടായിരുന്നു.

* * മലങ്കര (പ. 1) മലനാട്, മനനാട്, മലാട്, മലമണ്ഡലം, മലബാർ, മലയാളം എന്നിവയെല്ലാം ഒരു ദേശംതന്നെ. അറബിയിൽ ബാർ=കര മലയാളൻ, മലയാളി=മലയിലെ ആൾ, മലവാസി. രാമശാരൻ എന്നതിൽനിന്നു രാമശാരം എന്ന സ്ഥലനാമം ഉണ്ടായപോലെ മലയാളൻ എന്നതിൽ നിന്നു മലയാളം. മല+

ആഴം എന്നു വിഗ്രഹിക്കേണ്ടാ മലയാളനെ സംബന്ധിച്ചതു മലയാളം (ദേശ്, പിന്നീട ഭാഷ). വീരകേരളൻ—വീരകേരളം, വീരളം; മാർത്താണ്ഡൻ—മാർത്താണ്ഡം; തിരുവല്ലഭൻ—തിരുവല്ലം; കേരളൻ—കേരളം; കലശേഖരൻ—കുലശേഖരം ഇത്യാദിയും.

* * മഹാദേവർ പട്ടണം. (പു. 4,23) ഇന്നത്തെകൊടുങ്ങല്ലൂരോ അടുത്തോ കടലോരത്തുണ്ടായിരുന്ന ഒരു പട്ടണം. മഹോദേവർ പട്ടണം എന്നും ചേര കാണുന്നു. മഹോദയപുരം എന്നു സംസ്കൃതത്തിൽ. തോലകവി മഹോദയപുരേശചരിതം എഴുതീട്ടുണ്ട്. മകോതൈ എന്നു പഴയ തമിഴ്കൃതികളിൽ. ഈ നഗരത്തിന്റെ കർത്താക്കന്മാരായി ക്നായിത്തൊമ്മനും ഇരവികൊർത്തനും വാണിട്ടുണ്ട് എന്നു ചെപ്പേടുകൾ പറയുന്നു. ഇതു നസ്രാണികളുടെ രണ്ടു മുതൽ സ്ഥലങ്ങളിൽ ഒന്നായിരുന്നു. അവിടെ നിന്നു മാറിപ്പാർക്കുന്നവർ "മകോതേവർപട്ടണം മുതൽ മുട്ടത്തങ്ങാടിയിൽ കുടിയിരിക്കും പുത്തൻവീട്ടിൽ കുര്യൻ" എന്നും മറ്റും അടുത്തകാലംവരെ ആധാരങ്ങളിൽ എഴുതിക്കാറുണ്ടായിരുന്നു. (കുരക്കേണിക്കൊല്ലം കാൺക). മാദോസാ എന്ന സുറിയാനി വാക്കിന് പട്ടണം എന്നർത്ഥം. ഫാ. ബെർണാർദിന്റെ മാർതോമ്മാ ക്രിസ്ത്യാനികൾ, വാല്യം, I അദ്ധ്യാ. 5, പു. 173). മകോത, മഹകാതയർപട്ടണം എന്നിവ മാഹോസാ എന്നതിൽ നിന്നുത്ഭവിച്ചോ?

* * മാപ്പിള (പു. 38), നസ്രാണികൾക്ക മാപ്പിള സ്ഥാനം ചേരമാൻപെരുമാൾ കല്പിച്ചുകൊടുത്തു എന്നൈതിഹ്യം. യൂദന്മാർക്കും ജോനകർക്കും ഈ സ്ഥാനമുണ്ട്. മോസാപ്പിള, അവറാൻ മാപ്പിള, ഏലിയാവുമാപ്പിള, മോശമാപ്പിള എന്നി യൂദാപ്പേരുകളും, കുഞ്ഞമ്മദുമാപ്പിള, അലിയാരുമാപ്പിള, ചെലിവാപ്പുന്മാപ്പിള (ക്രി.

1204-5) മുതലായ ജോനകപ്പേരുകളും കാൺക. മാപ്പിള=ജാമാതാവ്, മരുമകൻ പെൺമകളിന്റെ സ്വന്തം പ്രജകളിൽ ചില ജാതിക്കു പിള്ള (മക്കൾ) സ്ഥാനവും, പരദേശത്തുനിന്നു വന്ന നസ്രാണികൾക്കും യൂദർക്കും ജോനകർക്കും മാപ്പിള്ള (ജാമാതാക്കൾ) സ്ഥാനവും കൊടുത്തു എന്നു വിചാരിക്കാം. മാപ്പിള=മഹാപിള്ള എന്നും മററും പലവിധത്തിൽ നിരുക്തിയുണ്ട്. അതു ശരിയാണെന്നു തോന്നുന്നില്ല.

"മിചിയാ പിറന്നിട്ട സംസരധര-കാലം വിറിച്ചിക ഞായിററിൽ ഈ മാമുതാക്കല്ല പോട്ടിൽ (?) അവിരാ മാപ്പിള കൊടുത്തു" എന്ന് പറവൂർ യാക്കോബായപ്പള്ളിയിലെ ഒരു ലിഖിതം. മാർ+പിള്ള=മാർപ്പിള്ള=മര, ശ്രേഷ്ഠ പിള്ള, മര (ത്) മകൻ എന്നായിരിക്കാം വ്യുൽപത്തി.

ഗോവയായുടെ യോർന്നാദ്ധ (1606), ഒന്നാം ഭാഗം രണ്ടാം അദ്ധ്യായത്തിൽ ഇങ്ങനെ കാണുന്നു. "ഈ പദവികൾമൂലം മലബാറിലെ നസ്രാണികൾ പ്രബലരും പ്രതാപികളും ആകുന്നു. അതുകൊണ്ട് പാണ്ടിക്ക് അപ്പുറമുള്ള ചേരരാജ്യക്കാർ ഇവരെ രാജമക്കൾ എന്നു വിളിച്ചുവരികയും ചെയ്തിരുന്നു."

"Vox etiam Mapula idem est in lingua Malabarica ac honestus, aut gravis."— Raulin : Historia Synodi Diamperitanae, 1745, p. 3, subnota (1). മാപ്പിള=മാന്യൻ, ഘനവാൻ. ഇത് ആ ശബ്ദത്തിന്റെ മൌലികാർത്ഥമല്ല, ദ്വൈതീയികാർത്ഥം ആണ്.

* * മുതലാളി. വ്യാപാരസംബന്ധമായ ഈ സ്ഥാനം കൊല്ലത്തും കട്ടൂരും ഉള്ള നസ്രാണി മാപ്പിളമാരിൽ ചിലർക്കുണ്ട്. കൊല്ലം പള്ളിവക ചെപ്പേടിലെ ബാരോ

ഷ്മതലം (ി സുപ്രസിദ്ധൻ. അദ്ദേഹത്തിന്റെ സന്തതികൾ കൊല്ലക്കാർ-മുതലാളിമാർ. കച്ചോടം ചെയ്യുന്ന മഹമ്മദീയർ, കൊങ്ങിണികൾ, യൂദന്മാർ, ൟഴവർ എന്നിവരെയും മുതലാളി എന്നു വിളിക്കാറുണ്ട്. ഇവിടെ വ്യാപാരി എന്നേ അർത്ഥമുള്ളൂ. കച്ചോടം ചെയ്യുന്ന എല്ലാം മഹമ്മദീയർക്കും കൊങ്ങിണികൾക്കും യൂദന്മാർക്കും ൟഴവർക്കും മുതലാളി സ്ഥാനം കിട്ടീട്ടില്ലല്ലൊ. നസ്രാണി കച്ചോടക്കാരെയെല്ലാം ഇങ്ങനെ മുതലാളി എന്നു നസ്രാണികൾ വിളിക്കാറില്ല, സ്ഥാനം കിട്ടിയവരെയേ ഉള്ളൂ. (തരകൻ കാൺക).

* * മെനിപ്പൊന്നും പൊലിപ്പൊന്നും (പു- 10). നെല്ല് ഇത്ര മെനിവിളയുന്നതിന് ഇത്ര പൊന്ന് (നാണയം) എന്നു കണക്കാക്കി കൊടുക്കേണ്ട രാജഭോഗം ആയിരിക്കാം മെനിപ്പൊന്ന്. പൊലി, മെതിച്ചിട്ടപടുതി മണിയും മങ്കും പതിരും പൊടിയും എല്ലാം ചേർന്നുള്ള നെല്ല്. പൊലിക്കു കൊടുക്കേണ്ട രാജഭോഗം പൊലിപ്പൊന്ന് എന്നു തോന്നുന്നു.

* * ലക്ഷ്മ്യാരംഭേ ത്യാണ് ശുക്രസന്ദേശകാലം, ലക്ഷ്യാരംഭേ അല്ല എന്നൂഹം. തണ്ണാർമാകാൺക, 1923 9-27-ലെ സ്മദൃഷ്ടിയിലെ എന്റെ ലേഖനവും. പഴയ ആര്യഎഴുത്തിൽ ഭയും ഗയും മിക്കവാറും ഒരുപോലിരുന്നു.

* * ലന്ത (പു. 8, 31), ഹോളൻഡ് എന്നതിൽ നിന്ന്. ലന്തക്കാരനെ ഒലന്തേശൻ, ലന്തേശ് എന്നും പണ്ടു വിളിച്ചിരുന്നു. ഇത് Hollandsch എന്നതിന്റെ തത്ഭവം. ഇലന്തമരം ലന്തക്കുരു എന്നിവയ്ക്കു ലന്തക്കാരുമായി സംബന്ധമില്ല. ഇവ ഇവിടെ പണ്ടേ ഉണ്ടായിരുന്നു. இருந்தொடர்ப் படுக்கு மிரத்திமன்றமும் എന്നു മണിമേഖല (6, 89) യിലും, இரத்தி நீடிய வகன்றலைமன்றத்து എന്നു പുറനാനൂറു 34-ലും കാണുന്നു. ൟ ഗ്രന്ഥങ്ങ

ൾ രണ്ടും മിന്തക്കാർ വരുന്നതിൻ മുൻപുള്ളവ ഇവിടെ ഇരത്തി–ഇളമ നമ്മരം.

• • വങ്കിരിയം (പു, 50), വലിയ കിരിയത്തു (ഗൃഹത്തു) നായന്മാർ.

•* വളഞ്ചിയം (പു. 23), വാണിജ്യം. വളഞ്ചിയർ, വാണിജ്യക്കാർ. വീരവളഞ്ചിയർ എന്നൊരുവക കർണ്ണാടക വ്യാപാരികൾ ക്രി. 12-ാം നൂററാണ്ടിൽ സിലോൺ വരെയും കച്ചവടം ചെയ്തിരുന്നു. "Guild of merchants called Vira-Bananju or Vira-Valanjiyar".—*Epigraphia Zeylanica,* Vol. II, Pt. 5, No. 38. See also T. A. S, III. 36 (inscription of 371 M. E.) for valanchiyar.

• വായ്ക്കേൾപ്പാൻ (പു. 34). "തിരുമന്ദിരവോലൈ കേരളാന്തകപ്പല്ലവരയൻ എഴുത്തിനാൽ പുകുന്ത തിരുവായ്ക്കേഴ്വിപ്പടി" T A. S. I, 245. "ശ്രീരാജരാജീശ്വരം ഉടൈയാർക്ക തിരുവായ്ക്കേഴ്വി ചെയ്യും...... കടികൈമാരായൻ". S. I. I. II, 25 (1013 A. D).

* • വിചാരണ (പു. 12,20). കററം ചെയ്തവരെ വിസ്തരിച്ചു ശിക്ഷിക്കുന്നതിനുള്ള അധികാരം (പ്രമിയപ്പെട്ട വണ്ണാരൻെറയും ഈഴവൻെറയും മേലും, ദാനം കിട്ടിയ ഭൂമിയിലെ കടികളുടെമേലും) തരിസാപ്പള്ളിക്കാക്കും, (തങ്ങളുടെ കൂട്ടത്തിലുള്ളവരുടെ മേൽ) അഞ്ചുവണ്ണക്കാൎക്കും മണിഗ്രാമക്കാൎക്കും കൊല്ലം രാജാവു കൊടുത്തു. സിവിൽ ക്രിമിനൽ അധികാരം കീഴ്നടപ്പുപോലെ കൊല്ലത്തെ ക്രിസ്ത്യാനികൾക്ക വിട്ടുകൊടുത്തിരിക്കുന്നതായി അൽബുക്കൎക്കിന്റെ രേഖയിൽ കാണുന്നു.

(Commentaries of Alboquerque, I. 14).

* • വെൺപലനാട് (പ. 34), തെക്കുംകൂറും വടക്കുംകൂറും ചേൎന്ന വെമ്പനാട്, ബിംബലീദേശം. "വെൺപൊലിനാട്ടു തെക്കിൻകൂറ വാഴ്ന്ന കമനിയക്കൻ" എന്നു തിരുവല്ലാ വിഷ്ണുക്ഷേത്രംവക ഒരു ചെപ്പേട്ടിൽ. യൂ. ചെ. യിൽ വെൺപലിനാട കാണുന്നു. അന്നു ബിംബലീശൻ ഭാസ്കരരവിപ്പെരുമാളുടെ സാമന്തൻ ആയിരുന്നു എന്നു വിചാരിക്കാം. പിന്നീടുണ്ടായ ഇ. ചെ. യിൽ ഈ പേരു കാണുന്നില്ല. അന്നു വെൺപലനാട്ടും കൊച്ചി രാജാവായ വീരരാഘവചക്രവൎത്തി ഭരിച്ചിരുന്നതുകൊണ്ടായിരിക്കാം.

• • വേടി (പ 15,33). സംസ്കൃതം വേഡം, തമിഴ് ഓടൈ, വള്ളം അല്ലെങ്കിൽ കപ്പൽ.

• • സബിർ ഈശോ (പ. 10 13, 16)=യേശുവിൽ ആശ. ഈശോ ദ തപിർ എന്നതും സബിർ ഈശോയും ഒന്നുതന്നേ. സുറിയാനിയിലെ റൂഹാ ദ് കുദശാ എന്നപോലെ ആയിരിക്കാം 'ദ' വന്നതു്. ബൎഏശു മുതലാളി, ശവറീസു മുതലാളി എന്നിങ്ങനെ പറയുന്നതും ഈ സബിരീശോ ആയിരിക്കണം. ഈ പരദേശിയുടെ കുടുംബക്കാരാണ് ഇന്നും ഉള്ള കൊല്ലക്കാരു മുതലാളിമാർ. ഇവർ എല്ലാം ഒരേ തറവാട്ടുകാരാണ്. ഇന്നുള്ള മുതലാളിമാരിൽ പരദേശി ലക്ഷണങ്ങൾ ഏറെയില്ലാത്തതു് നാട്ടുനസ്രാണികളുമായുള്ള വിവാഹബന്ധം കൊണ്ടാണ്. കൊല്ലത്തു് യാവാരി എന്നു കേരളോല്പത്തി. (കൊല്ലവൎഷം കാൺക).

ശുഭം ഭൂയാൽ.

തിരുത്ത്

പു.	25,	വരി	9.	കോൺനായ	:	കൊത്തനായ
,,	33,	,,	15.	ചരവും	:	ചാൎവ്വം
,,	50,	,,	4.	1914-ലും.	:	1914-ലും,
,,	92,	,,	22.	കൈക്ക	:	കൈ

അനുബന്ധം.

I

പുറം 45-ലെ 25-ാം പദവി സരം അല്ല, ചാൎവ്വ അല്ലെങ്കിൽ ചാൎവ്വ ആണ്. യു. കെ. യുടെ കാലത്ത് സരവും എന്നല്ല സരമും എന്നാണല്ലോ വരേണ്ടത്. മ-വ പരിണാമം അന്നില്ലായിരുന്നു. ചാൎവ്=ചാന്നവർ, അകമ്പടി, ചങ്ങാതം ആയിരിക്കാം. 11-ാംപദവി (പു. 39) കാൺക. സൎവ്വം (പു. 35), ചാൎവ്വം.

II

പുറം 16-ൽ സബിരീശോ കോശിമാപ്പിള ആണെന്നു പറഞ്ഞിരിക്കുന്നത് ഓൎത്തപ്പിഴ. സബിരീശോ, ബൎയ്യേശുമതലാളി, ശവറീസ്സമൎമ്മലാളി ഇവ ഒരാളെത്തന്നേ നിൎദ്ദേശിക്കുന്നു. കോശിമാപ്പിള (പു. 86) 16-ാം ശതകത്തിന്റെ പൂൎവ്വാൎദ്ധത്തിൽ കൊല്ലം റാണിയുടെ കാലത്ത് (1516-ൽ, പു. 63, നോട്ട്) ഉണ്ടായിരുന്നവൻ.

III

ഗുണവീരപണ്ഡിതർ എന്ന ജൈനൻ ഉണ്ടാക്കിയ നേമിനാഥം (ചെന്തമിഴ് ഗ്രന്ഥമാല, 6) എന്ന തമിഴ് വ്യാകരണത്തിന്റെ പഴയ വ്യാഖ്യാനത്തിൽ (പു. 63) കൂട്ടപ്പേരിന് (സംഘനാമം) ഉദാഹരണമായി മണിഗ്രാമക്കാർ എന്ന പദം കൊടുത്തിരിക്കുന്നു. "அஞ்சுவண்ணத்தார், அக்தி கோசத்தார், மணிக்கிராமத்தார் என இவை கூடிபற்பெயர்"